# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2020 നവംബർ 12 / ദീപം 53 / നാളം 27 / Published from : PALA / പേജ് 16 / വില 6 രൂപ / www.deepanalam.com




# സഹിഷ്ണുതയുടെ നെല്ലിപ്പലകകൾ




സെർജി ആന്റണി


സഹിഷ്ണുത എന്നതു ബഹുസ്വര സമൂഹത്തെ സാംസ്കാരികമായും മനുഷ്യത്വപരമായും സുദൃഢമാക്കുന്ന സുപ്രധാനകണ്ണിയാണ്. വ്യത്യസ്ത ചിന്താസരണികളും മതവിശ്വാസങ്ങളും സാംസ്കാരികപാരമ്പര്യങ്ങളും സാമൂഹികാചാരങ്ങളുമൊക്കെ പുലർത്തുന്ന ജനവിഭാഗങ്ങൾ സമാധാനത്തിലും സന്തോഷത്തിലും സംതൃപ്തിയിലും കഴിയണമെങ്കിൽ സഹിഷ്ണുത അനിവാര്യമാണ്. മറ്റുള്ളവരെ മനസ്സിലാക്കാനും അവരെ ആദരിക്കാനും ശ്രമിക്കാതെ തങ്ങൾ പറയുന്നതാണു ന്യായമെന്നും അതുമാത്രമാണു ശരിയെന്നും കടുത്ത നിലപാടു സ്വീകരിക്കുന്നവർക്ക് എങ്ങനെയാണു സഹിഷ്ണുത ഉണ്ടാവുക?

ക്രൈസ്തവർക്കും ക്രൈസ്തവാരാധനാലയങ്ങൾക്കും മതചിഹ്നങ്ങൾക്കും നേരേ നടക്കുന്ന ആക്രമണവും അവഹേളനവും അടുത്തകാലത്തു ക്രമാതീതമായി വർധിച്ചുവരികയാണ്. അതു നൈജീരിയയിലും സുഡാനിലും പാക്കിസ്ഥാനിലും ഫ്രാൻസിലും ജർമനിയിലും മാത്രമല്ല, ഈ കൊച്ചുകേരളത്തിലും അരങ്ങേറുന്നു. രാഷ്ട്രീയാസ്ഥിരതയും ഗോത്രവർഗപകയുമൊക്കെ ഇപ്പോഴും പല രാജ്യങ്ങളെയും ആഭ്യന്തരകലാപത്തിന്റെ തീച്ചൂളയിൽ ഉരുക്കുന്നുണ്ട്. ഇവിടെനിന്നു പലായനം ചെയ്യുന്നവരുടെ എണ്ണവും വർധിച്ചുവരുന്നു.

സമീപകാലത്ത് ലക്ഷക്കണക്കിന് അഭയാർഥികളാണ് ജർമനി, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻരാജ്യങ്ങളിൽ രാഷ്ട്രീയാഭയം തേടിയത്. ഇതിലേറെയും മുസ്ലീം സമൂഹത്തിൽനിന്നുള്ളവരായിരുന്നു. ബഹുസ്വരതയെയും വ്യക്തിസ്വാതന്ത്ര്യത്തെയും മാനിക്കുന്ന ഇത്തരം രാജ്യങ്ങൾ മാനവികത മുൻനിർത്തി ഇത്തരം അഭയാർഥികളെ സ്വീകരിക്കുകയും അവർക്കു സംരക്ഷണം നൽകുകയും ചെയ്തുപോന്നു. എന്നാൽ രക്ഷിക്കുന്നവർക്ക് ശിക്ഷയായി മാറുകയാണ് ഇത്തരം അഭയാർഥികളിൽ ചിലർ.

2017 നെ അപേക്ഷിച്ച് 2018 ൽ ലോകത്ത് ക്രൈസ്തവരെ പീഡിപ്പിക്കുന്ന സംഭവങ്ങൾ ഇരട്ടിയായെന്നും പ്രതിദിനം 11 ക്രൈസ്തവർ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുന്നുണ്ടെന്നും ഓപ്പൺ ഡോർസ് യുഎസ്എ എന്ന സംഘടന കണ്ടെത്തിയിരുന്നു. ശ്രീലങ്കയിൽ 2019 ലെ ഈസ്റ്റർദിനത്തിൽ വിവിധ ദേവാലയങ്ങളിൽ ആക്രമണം നടന്നു. നിരവധിപേർ കൊല്ലപ്പെട്ടു. അന്താരാഷ്ട്രബന്ധങ്ങളുള്ള ഇസ്ലാമിക തീവ്രവാദസംഘടനകളാണ് അക്രമങ്ങൾക്കു പിന്നിലെന്ന് ശ്രീലങ്കൻ അധികൃതർ വെളിപ്പെടുത്തിയിരുന്നു. ഫ്രാൻസിലാണ് അടുത്തകാലത്ത് ഇത്തരത്തിൽ ഏറ്റവും വലിയ അതിക്രമങ്ങൾ അരങ്ങേറിയത്. ഈ ദിവസങ്ങളിൽ അവിടെ അരങ്ങേറിയ സംഭവങ്ങൾ തികച്ചും നിഷ്ഠുരവും മനുഷ്യത്വരഹിതവുമായിരുന്നു.

ആക്ഷേപഹാസ്യമാസികയായ ഷാർളി ഹെബ്ദോയുടെ ഓഫീസിനുനേരേ നടന്ന ആക്രമണം ആയിരുന്നു തുടക്കം. പിന്നീടിങ്ങോട്ട് നിരവധി അതിക്രമങ്ങൾ അരങ്ങേറി.

ഒക്ടോബർ അവസാനം ഫ്രാൻസിലെ നൈസിലുള്ള കത്തീഡ്രലിൽ മൂന്നുപേരെ കൊലപ്പെടുത്തിയ സംഭവം ഈ പരമ്പരയിൽ അവസാനത്തേതാകാൻ ഇടയില്ല. ദേവാലയത്തിൽ പ്രാർഥിച്ചുകൊണ്ടിരുന്ന രണ്ടു സ്ത്രീകളുൾപ്പെടെ മൂന്നുപേരെയാണ് 21 വയസ്സുള്ള ടുണീഷ്യൻ അഭയാർഥി കത്തിക്കിരയാക്കിയത്. ബ്രാഹീം ഈസോയി എന്ന ഈ യുവാവ് ഒരു മാസംമുമ്പാണ് ടുണീഷ്യയിൽനിന്ന് ഇവിടെയെത്തിയത്. പോലീസുമായുള്ള ഏറ്റുമുട്ടലിൽ ഇയാൾക്കു ഗുരുതരമായി പരിക്കേറ്റു.

കഴിഞ്ഞ മാസമാണ് മറ്റൊരു തീവ്രവാദി ഫ്രാൻസിലെ പ്രൈമറി സ്കൂൾ അധ്യാപകനായ സാമുവൽ പാറ്റിയെ തലയറുത്തുകൊന്നത്. ചെച്നിയയിൽനിന്നുള്ള അഭയാർഥിയായിരുന്നു ഈ യുവാവ്. അഭിപ്രായസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒരു കാർട്ടൂൺ ക്ലാസിൽ കാണിച്ചതിന്റെ പേരിലായിരുന്നു ഈ ക്രൂരകൃത്യം.

നൈസിലെ കത്തീഡ്രലിൽ മൂന്നുപേരെ വധിച്ച ടുണീഷ്യൻ യുവാവിനു സഹായം നൽകിയതായി സംശയിക്കുന്ന മൂന്നുപേരെ പോലീസ് പിടികൂടിയിട്ടുണ്ട്. ഇതിൽ മധ്യവയസ്കനായ ഒരാൾ അക്രമം നടക്കുന്നതിന്റെ തലേദിവസം യുവാവിനോടൊപ്പം സഞ്ചരിക്കുന്നതായി നിരീക്ഷണക്യാമറകളിൽനിന്നു കണ്ടെത്തിയിരുന്നു. ചില കാർട്ടൂണുകൾ ചിലരെ അസ്വസ്ഥരാക്കാമെങ്കിലും രാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ വ്യക്തമാക്കിയിട്ടുണ്ട്.

ഫ്രാൻസിനും മക്രോണിനുമെതിരേ ചില മുസ്ലീംനേതാക്കളും ചില രാജ്യങ്ങളും പ്രതിഷേധവുമായി രംഗത്തെത്തി. മലേഷ്യയിലെ മുൻ പ്രധാനമന്ത്രി മഹതീർ മുഹമ്മദും തുർക്കി പ്രസിഡന്റ് എർദോഗനുമൊക്കെ ഈ പ്രതിഷേധത്തിനു മുൻപന്തിയിലുണ്ട്. പാക്കിസ്ഥാനും ബംഗ്ലാദേശുമൊക്കെ പ്രതിഷേധം ഉയർത്തുമ്പോഴും സൗദി അറേബ്യ ഉൾപ്പെടെ പൗരസ്ത്യദേശത്തെ പല രാജ്യങ്ങളും മിതത്വം പാലിക്കുന്നു.

ഫ്രാൻസിൽ നടക്കുന്ന അതിക്രമങ്ങളെ യൂറോപ്യൻ യൂണിയൻ നിശിതമായ ഭാഷയിലാണു വിമർശിച്ചത്. ഇന്ത്യയും അക്രമങ്ങളെ അപലപിച്ചു. പഴയ ഫ്രഞ്ച് കോളനികളായ അൾജീറിയ, ടുണീഷ്യ എന്നിവിടങ്ങളിൽനിന്നുള്ളവർ കാലങ്ങളായി ഫ്രാൻസിൽ താമസിക്കുന്നുണ്ട്. എന്നാൽ, ഇവർ പൊതുവേ അക്രമകാരികളോ തീവ്രമതവാദികളോ അല്ല. സമീപകാലത്ത് അഭയാർഥികളായെത്തിയവരാണ് അപകടകാരികളെന്നു കരുതപ്പെടുന്നു. മറ്റുചിലരുടെ കളിപ്പാട്ടങ്ങളായി ഇവർ മാറുന്നതായും സംശയിക്കുന്നു. മുസ്ലീം സമുദായത്തിലെതന്നെ പല പ്രമുഖരും ഇത്തരം അക്രമങ്ങളെ അപലപിക്കുമ്പോൾ ചുരുക്കം ചില തീവ്രവാദസംഘടനകളും നേതാക്കളും ഇവർക്കു പിന്തുണ നൽകുന്നു.

സമീപകാലത്ത് ഏറെ അഭയാർഥികളെ സ്വീകരിച്ച രാജ്യമാണ് ജർമനി. ഹിറ്റ്ലറുടെ കാലത്ത് തീവ്രവംശീയതയുടെയും പീഡനങ്ങളുടെയും കയ്പുനീർ കുടിച്ച ജർമനി മതത്തിന്റെയും വംശീയതയുടെയുമൊക്കെ പേരിൽ പീഡനമനുഭവിക്കുന്നവരോട് ഏറെ അനുഭാവവും കാരുണ്യവും കാട്ടുന്നുണ്ട്. ജർമൻ ചാൻസലർ ആഞ്ചല മെർക്കൽ ഇക്കാര്യത്തിൽ വളരെ ഉദാരമായ നിലപാടാണു സ്വീകരിച്ചുപോരുന്നത്. ഇക്കാര്യത്തിൽ ആഞ്ചലയ്ക്കെതിരേ ഇപ്പോൾ ജർമനിയിൽ വലിയ രോഷം ഉയരുന്നുമുണ്ട്. എന്നിരുന്നാലും അവർ തന്റെ നിലപാടിൽ ഉറച്ചുനിൽക്കുന്നു.

അഭയാർഥിപ്രശ്നത്തിൽ ഫ്രാൻസിസ് മാർപാപ്പയും അനുഭാവപൂർണമായ നിലപാടാണ് സ്വീകരിച്ചുപോരുന്നത്. മനുഷ്യസാഹോദര്യം എന്ന ഉന്നതമൂല്യത്തെ ഉയർത്തിപ്പിടിക്കുന്ന മാർപാപ്പയുടെ ദർശനങ്ങളെ വിമർശിക്കുന്നവരുമുണ്ട്. ഫ്രാൻസിൽ നടക്കുന്ന അതിക്രമങ്ങളെ വത്തിക്കാൻ ശക്തമായ ഭാഷയിൽ അപലപിച്ചിട്ടുണ്ട്. സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും ഇടത്തിൽ മരണം വിതച്ച സംഭവം നിന്ദ്യമാണെന്ന് വത്തിക്കാൻ അഭിപ്രായപ്പെട്ടു.

അമേരിക്കയിലെ വംശീയാതിക്രമങ്ങളെയും അപലപിക്കേണ്ടതുണ്ട്. കറുത്ത വംശജർക്കെതിരേ നടക്കുന്ന ആക്രമണങ്ങളുടെ പേരിൽ അമേരിക്കയിലും പ്രതിഷേധം ഇരമ്പുന്നു. പോലീസ്മർദനത്തെത്തുടർന്ന് കറുത്തവംശജനായൊരാൾ മരിച്ച സംഭവം രാജ്യമെമ്പാടും കടുത്ത പ്രതിഷേധത്തിനിടയാക്കിയിരുന്നു. തെക്കുപടിഞ്ഞാറൻ വാഷിംഗ്ടണിലെ പോർട്ട്ലാൻഡിൽ കഴിഞ്ഞദിവസം അരങ്ങേറിയ പ്രതിഷേധവും ഇത്തരമൊരു കൊലപാതകത്തിന്റെ പേരിലായിരുന്നു. കെവിൻ ഇ. പീറ്റേഴ്സൺ എന്ന ഇരുപത്തൊന്നുകാരന്റെ മരണത്തിൽ പ്രതിഷേധിക്കാനെത്തിയവരാണ് മറുപക്ഷവുമായി സംഘർഷത്തിലേർപ്പെട്ടത്.

▶ 5

വിളക്കുമരം

# സ്വതന്ത്രഭാരതത്തിന്റെ വിനയപുഷ്പം



ഡോ. സിറിയക് തോമസ്

**കെ.**ആർ. നാരായണന്റെ ജന്മശതാബ്ദിയാണ്. നമുക്ക് ഒട്ടേറെ രാഷ്ട്രപതിമാർ ഉണ്ടായിട്ടുണ്ടെങ്കിലും എല്ലാ അർത്ഥത്തിലും ഇന്ത്യ കണ്ട വ്യത്യസ്തനായ ഒരു പ്രസിഡന്റായിരുന്നു നാരായണൻ. സ്വാതന്ത്ര്യസമരസേനാനികളും വിദ്യാഭ്യാസവിദഗ്ധരും നിയമപണ്ഡിതരും രാഷ്ട്രീയനേതാക്കളും ശാസ്ത്രജ്ഞരും രാജ്യതന്ത്രജ്ഞരുമൊക്കെയായി തനിക്കു മുൻഗാമികളും പിൻഗാമികളുമായി രാഷ്ട്രപതിഭവനെ അലങ്കരിച്ചവർക്കിടയിൽ സാമൂഹികമായും സാമ്പത്തികമായും ഒരുപക്ഷേ ഏറ്റവും താഴ്ന്ന ശ്രേണിയിൽ നിന്നു വന്ന രാഷ്ട്രപതി കെ.ആർ. നാരായണനാവണം! എന്നാൽ, മഹാരഥന്മാരെന്നു കൊണ്ടാടപ്പെട്ട മറ്റു മഹാന്മാർക്കിടയിൽ തന്റേതായ ഒരു പ്രതിഷ്ഠാസങ്കേതത്തെ സവിശേഷമായി സൃഷ്ടിക്കുവാൻ കഴിഞ്ഞ രാഷ്ട്രപതി എന്നതാണ് നാരായണന്റെ പ്രത്യേകത. പരിമിതികൾക്കിടയിൽനിന്നു പറന്നുയരാൻ കഴിഞ്ഞ മഹനീയവ്യക്തിത്വമായിരുന്നു നാരായണൻ. തിരുവിതാംകൂർ സർവകലാശാലയിൽ നിന്നു റാങ്കോടെ ഇംഗ്ലീഷ് ഓണേഴ്സ് ബിരുദമെടുത്തിട്ടും സർക്കാർജോലി നിഷേധിക്കപ്പെട്ട നാരായണനെ ദിവാൻതന്നെ ഇടപെട്ടാണ് രാജാവിന്റെ സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിൽ പഠിക്കുവാനയച്ചതെന്നും കഥയുണ്ട്.

ലണ്ടനിൽ പ്രൊഫസർ ലാസ്കിയുടെ പ്രിയശിഷ്യനായിരുന്നു നാരായണൻ. പഠനം കഴിഞ്ഞ് ഇന്ത്യയിലേക്കു മടങ്ങുമ്പോൾ തന്റെ പഴയകാലശിഷ്യനായിരുന്ന പ്രധാനമന്ത്രി നെഹ്റുവിന് ലാസ്കി ഒരു കത്തുകൂടി നാരായണന്റെ കൈയിൽ കൊടുത്തയച്ചിരുന്നു. തന്റെ സമർത്ഥരായ വിദ്യാർത്ഥികളിലൊരാളാണ് നാരായണനെന്നും അദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നത് ഇന്ത്യയ്ക്കു നേട്ടമായിരിക്കുമെന്നും കത്തിൽ ലാസ്കി സാക്ഷ്യപ്പെടുത്തി. നെഹ്റു നാരായണനെ വിദേശസർവ്വീസിലേക്കെടുക്കുകയും ചെയ്തു. വിദേശകാര്യസർവ്വീസിലായിരിക്കെ നാരായണൻ ചൈനയിലും ഇംഗ്ലണ്ടിലും ഇന്ത്യയുടെ സ്ഥാനപതിയുമായി. പിന്നീട് ഡൽഹിയിൽ ജവഹർലാൽ നെഹ്റു സർവകലാശാലയിൽ വൈസ് ചാൻസലറായി. പിൽക്കാലത്ത് ഒറ്റപ്പാലത്തുനിന്നു പാർലമെന്റിലേക്കു കോൺഗ്രസ് സ്ഥാനാർത്ഥിയായി ജയിച്ചു കേന്ദ്രമന്ത്രിയായി. പിന്നീട് ഉപരാഷ്ട്രപതിയായി. ഒടുവിൽ രാഷ്ട്രത്തലവനുമായി.

കെ.ആർ. നാരായണൻ പ്രസിഡന്റായിരിക്കുമ്പോഴാണ് ഒരു വർഷത്തെ റിപ്പബ്ലിക്ദിനാഘോഷച്ചടങ്ങിൽ എലിസബത്ത് രാജ്ഞി മുഖ്യാതിഥിയായി വന്നത്. ഏഴു കുതിരകളെ പൂട്ടിയ രഥത്തിൽ ഇന്ത്യൻ രാഷ്ട്രത്തലവനായിരുന്ന നാരായണനും ബ്രിട്ടീഷ് രാജ്ഞി എലിസബത്തും ഒപ്പമിരുന്നു സഞ്ചരിച്ചപ്പോഴാവണം ഗാന്ധിജി കണ്ട സ്വപ്നം തത്ത്വത്തിലെങ്കിലും യാഥാർത്ഥ്യമായത്. സ്വതന്ത്രേന്ത്യയിൽ ആരാണ് രാഷ്ട്രീയയജമാനനാവേണ്ടതെന്നു ചോദിച്ച ഇംഗ്ലീഷ് പത്രപ്രവർത്തകനോടു ഗാന്ധിജി അന്നു പറഞ്ഞത്, 'ദി പൂവറസ്റ്റ് ഓഫ് ദ പൂവർ' – ദരിദ്രനാരായണൻ – ഇന്ത്യയുടെ രാഷ്ട്രീയയജമാനനാവണമെന്നാണ്! അമേരിക്കയിൽ കോടീശ്വരന്മാർക്കുമാത്രം വൈറ്റ് ഹൗസിലെത്താൻ കഴിയുന്ന ഇക്കാലത്തും ഇന്ത്യയിൽ എത്രയോ മുൻപേ കെ.ആർ. നാരായണനെയും സെയിൽസിംഗിനെയും ഡോ. അബ്ദുൾ കലാമിനെയും പോലുള്ള സാധാരണ ഗ്രാമീണർ രാഷ്ട്രപതിഭവനിലെത്തി! ഇപ്പോൾ റാംനാഥ് കോവിന്ദും. പ്രധാനമന്ത്രി നരേന്ദ്രമോദിയും ഗ്രാമീണനും പിന്നാക്ക വിഭാഗത്തിൽനിന്നുള്ളയാളുമാണല്ലോ. ഡോ. അംബേദ്കർ എഴുതിയുണ്ടാക്കിയ നമ്മുടെ ഭരണഘടന ഊന്നിനിൽക്കുന്ന സമത്വത്തിന്റെ പ്രകടമായ ആദ്യസാക്ഷ്യമാവാൻ ഭാഗ്യമുണ്ടായതും കെ.ആർ. നാരായണനാണ്.

നന്മയുടെയും വിനയത്തിന്റെയും നേർസാക്ഷ്യമായിരുന്നു നാരായണനെന്നു പറയുവാൻ അദ്ദേഹവുമായി ഒരിക്കലെങ്കിലും ഇടപെട്ടിട്ടുള്ളവർക്ക് രണ്ടാമതൊന്നാലോചിക്കേണ്ട കാര്യമില്ല. അത്ര സുതാര്യമായിരുന്നു അദ്ദേഹത്തിന്റെ വാക്കും സ്വഭാവവും. ഞാൻ വൈസ് ചാൻസലർ ചുമതലയിൽ ഇരിക്കുന്ന കാലത്തായിരുന്നു നാരായണനും ഡോ. അബ്ദുൾ കലാമും രാഷ്ട്രപതിമാരായത്. രണ്ടുപേരും അവർ വഹിച്ച പദവിയുടെയും അവർ ഇരുന്ന കസേരയുടെയും മഹത്ത്വത്തിന്റെ മാറ്റുകൂട്ടിയ മഹാൻമാരുമായിരുന്നു. രാഷ്ട്രപതിഭവനിൽ നാരായണനുമായി നടന്ന കൂടിക്കാഴ്ച അവിസ്മരണീയമായി.

2000–2004 ൽ പ്രസിഡന്റ് കെ.ആർ. നാരായണനെ കാണാൻ രാഷ്ട്രപതിഭവനിൽപ്പോയതു മറക്കാനാവാത്ത ഒരനുഭവമായി. ഒരിക്കൽ ഡൽഹിയിൽ ചെന്നപ്പോഴായിരുന്നു എന്റെ ആദ്യശ്രമം. പ്രസിഡന്റിന്റെ പ്രൈവറ്റ് സെക്രട്ടറി അയ്യാസ്വാമിയെ ഫോൺ ചെയ്ത് പ്രസിഡന്റുമായി കൂടിക്കാഴ്ചയ്ക്കു സൗകര്യം ചോദിച്ചപ്പോൾ രാഷ്ട്രപതി രണ്ടുമൂന്നു ദിവസമായി വിശ്രമത്തിലാണെന്നും സന്ദർശകരെ കാണുന്നില്ലെന്നുമായിരുന്നു മറുപടി. 'സാരമില്ല. അടുത്ത തവണ വരുമ്പോൾ ഭാഗ്യം പരീക്ഷിച്ചുകൊള്ളാ'മെന്നായി ഞാൻ. ഓ.കെ. സർ എന്ന് അയ്യാസ്വാമിയും ഉപചാരം പറഞ്ഞു.

രണ്ടോ മൂന്നോ മാസം കഴിഞ്ഞായിരുന്നു ഞാൻ വീണ്ടും ഡൽഹിയിൽ ചെല്ലുന്നത്. അയ്യാസ്വാമിയെത്തന്നെ വിളിച്ചു. 'ഡോ. തോമസ്, ഇറ്റ് ഈസ് വെരി അൺഫോർച്യുണേറ്റ് എവരി ടൈം യു കം ആൻഡ് ആസ്ക് ഫോർ അപ്പോയിന്റ്മെന്റ് വിത്ത് ദ് പ്രസിഡന്റ്, ഹീ ഈസ് അൺവെൽ. ഹി ഹാഡ് ടൂ കാൻസൽ ടുഡേ ടൂ അപ്പോയിന്റ്മെന്റ്സ് വിത്ത് അംബാസഡേഴ്സ്. ഐ ആം സോ സോറി' എന്നായി അയ്യാസ്വാമി. 'സ്വാമീ, ഐ ആം അഫ്രൈഡ് സം സ്റ്റാർസ് ആർ കൺസ്പയറിംഗ് എഗെൻസ്റ്റ് മൈ മീറ്റിംഗ് വിത്ത് ദ് പ്രസിഡന്റ്. ബിഫോർ ഐ ട്രൈ നെക്സ്റ്റ് ടൈം, ഇറ്റ് സീംസ് ബെറ്റർ ടു കൺസൾട്ട് സം അസ്ട്രോളജർ' എന്നു ഞാൻ. അയ്യാസ്വാമി പൊട്ടിച്ചിരിച്ചു. പിന്നീട് എന്നോട് എന്റെ വിശദാംശങ്ങൾ അന്വേഷിക്കുകയായി.

വൈസ് ചാൻസിലർ എന്ന നിലയിൽ മാത്രമല്ല ഞാൻ പ്രസിഡന്റിനെ കാണാൻ ആഗ്രഹിച്ചതെന്നും ഡോ. നാരായണന്റെ വീട്ടിലേക്ക് നാട്ടിൽ എന്റെ വീട്ടിൽനിന്നു പത്തുകിലോമീറ്റർപോലും അകലമില്ലെന്നും സ്വാതന്ത്ര്യസമരസേനാനിയായിരുന്ന എന്റെ പിതാവ് ആർ.വി. തോമസിനെ അദ്ദേഹം കേട്ടിട്ടെങ്കിലുമുണ്ടാവണമെന്നുമായി ഞാൻ. അപ്പോൾ സ്വാമി ആർ.വി. തോമസ് എന്ന പേര് വീണ്ടും ആവർത്തിച്ചു ചോദിച്ചു. രണ്ടു ദിവസംകൂടിയേ ഞാൻ ഡൽഹിയിലുള്ളൂവെന്നും അടുത്ത പ്രാവശ്യം വരുമ്പോഴെങ്കിലും പ്രസിഡന്റ് ആരോഗ്യവാനായിരിക്കട്ടെ എന്നാണെന്റെ പ്രാർത്ഥനയെന്നും ഞാൻ പറഞ്ഞപ്പോൾ അതിലെ നർമ്മം ആസ്വദിച്ചു അയ്യാസ്വാമി ചിരിച്ചു. പിന്നീട് എന്നോടു ഞാൻ താമസമെവിടെയെന്നന്വേഷിച്ചു. കേരളഹൗസിലാണെന്നു ഞാനും പറഞ്ഞു. ഒരു മണിക്കൂർ കഴിഞ്ഞില്ല, രാഷ്ട്രപതിഭവനിൽനിന്ന് കേരളഹൗസ് വഴി എനിക്ക് അർജന്റ് ഫോൺകോളെത്തി. അങ്ങേത്തലയ്ക്കൽ അയ്യാസ്വാമി. 'പ്രസിഡന്റ് ഈസ് ആസ്കിംഗ് മീ ടു കൺഫേം വെതർ ഇറ്റ് വിൽ ബി കൺവീനിയന്റ് ഫോർ യു ടു മീറ്റ് ദ് പ്രസിഡന്റ് അറ്റ് സിക്സ് ഇൻ ദ് ഈവനിംഗ് ടുമാറോ' എന്നു സ്വാമി. 'എനി ടൈം കൺവീനിയന്റ് ഫോർ ദ പ്രസിഡന്റ് വിൽ ബി കൺവീനിയന്റ് ഫോർ മി' എന്നു ഞാൻ. 'വെൽ, പ്ലീസ് കം ഫിഫ്റ്റീൻ മിനിട്ട്സ് ബിഫോർ സിക്സ്' എന്നു സ്വാമി. 'താങ്ക് യു വെരി മച്ച്' എന്നു ഞാനും സംഭാഷണമവസാനിപ്പിച്ചു.

ഞാൻ ആദ്യം ചെയ്തത് ഡൽഹിയിലുള്ള എന്റെ ശിഷ്യൻ സക്കീറിനെ ഫോൺ ചെയ്യുകയാണ്. സക്കീർ തോമസ് ഐ.ആർ.എസ് അന്നു ഡൽഹിയിൽ ഇൻകം ടാക്സ് ഡെപ്യൂട്ടി കമ്മീഷണറാണ്. കസ്തൂർബാഗാന്ധി മാർഗിലാണ് താമസം. പിറ്റേന്ന് നാലരമണിക്ക് കേരളഹൗസിൽ വരണമെന്നും രാഷ്ട്രപതിഭവൻ വരെ പോകണമെന്നും പറഞ്ഞപ്പോൾ സക്കീറിനു ചെറിയൊരു മടി. കാരണമന്വേഷിച്ചപ്പോൾ സക്കീറിന്റെ കാർ ഒരു മാരുതി 800 ആണെന്നും പഴയ കാറുകൊണ്ടു രാഷ്ട്രപതിഭവനിൽ ചെന്നാൽ ആദ്യത്തെ ഗേറ്റിൽത്തന്നെ തടയുമെന്നുമായിരുന്നു സക്കീറിന്റെ നർമ്മം. അതു സാരമില്ല. മാരുതിയിൽത്തന്നെ പോകാമെന്നു ഞാൻ. ഒടുവിൽ സക്കീർ സമ്മതിച്ചു.

ഇൻകം ടാക്സ് അസിസ്റ്റന്റ് കമ്മീഷണർമാർപോലും വലിയ ആഡംബരക്കാറുകളിൽ സഞ്ചരിക്കുമ്പോഴാണ് ഡെപ്യൂട്ടി കമ്മീഷണർ മാരുതി 800 ൽ. അഴിമതിയില്ലാത്ത ഉദ്യോഗസ്ഥർക്ക് അതേ സാധിക്കൂ എന്നു ഞാൻ സക്കീറിനെ ആശ്വസിപ്പിച്ചു. അതിൽ അഭിമാനിക്കുകയാണെന്നു വേണ്ടതെന്ന് സക്കീറിനെ ധൈര്യപ്പെടുത്തി.



പിറ്റേന്നു പറഞ്ഞ സമയത്തുതന്നെ സക്കീറെത്തി. 'സർ, ഏഴാം ഗേറ്റുമുതൽ ഒന്നാം ഗേറ്റുവരെ നമ്മൾ നടക്കേണ്ടിവരുമെന്നു' വീണ്ടും സക്കീർ. ഇത്രയും പഴക്കമുള്ള കാർ രാഷ്ട്രപതിഭവനിൽ സുരക്ഷാഭീഷണി ഉയർത്താമെന്നും സക്കീറിന്റെ നർമ്മം. അദ്ഭുതമെന്നു പറയട്ടെ ഒരു ഗേറ്റിലും ആരും ഞങ്ങളെ തടഞ്ഞില്ല. പേരു പറഞ്ഞപ്പോൾ എല്ലാ ഗേറ്റിലും ഞങ്ങളെ ഉപചാരപൂർവ്വം കടത്തിവിട്ടതുകണ്ട് എനിക്കും അതിശയമായി; സക്കീറിനും. അതിന്റെ രഹസ്യമറിഞ്ഞതു പിന്നീടാണ്. രാഷ്ട്രപതിഭവനിലുണ്ടായിരുന്ന മലയാളിയായ ഒരു മിലിട്ടറി ഓഫീസറാണ് പിന്നീടെന്നോടു പറഞ്ഞത് പ്രസിഡന്റിന്റെ ഓഫീസിൽനിന്നു ഗേറ്റുകളിലേക്കു കൊടുത്തിരുന്ന മെസ്സേജിൽ അയ്യാസ്വാമി പറഞ്ഞത്, 'വിസിറ്റർ ഈസ് പ്രസിഡന്റ്സ് ഫ്രണ്ട്' എന്നായിരുന്നത്രേ. സക്കീറിന്റെ മാരുതി 800 നും ബഹുമതിയായി.

പറഞ്ഞതിലും നേരത്തേ ഞങ്ങൾ രാഷ്ട്രപതിഭവന്റെ പൂമുഖപ്പടിയിലെത്തി. കാറിൽനിന്നിറങ്ങുമ്പോൾ പ്രസിഡന്റിന്റെ എ.ഡി.സിമാരിലൊരാൾ വന്നു കാറിന്റെ ഡോർ തുറന്നു. എന്നിട്ട് എനിക്കൊരു തകർപ്പൻ സല്യൂട്ടും. അരമണിക്കൂർ നേരത്തേ വന്നതുകൊണ്ട് എ.ഡി.സിക്ക് ആളു തെറ്റിയതാവാമെന്നും അഞ്ചരയ്ക്കു സമയം കൊടുത്തിരിക്കുന്ന അതിഥിയാണെന്നു കരുതിയാവും ഈ ബഹുമതികളൊക്കെയെന്നും എനിക്കു സംശയമായി. ഏ.ഡി.സിയോടു ഞാൻ പറഞ്ഞു: 'ഐ ആം സോറി. വി ആർ എ ലിറ്റിൽ ഏർലി. ഔർ ടൈം ഈസ് ഒൺലി സിക്സ്. യു മൈറ്റ് ബി വെയിറ്റിംഗ് ഫോർ ദ ഗസ്റ്റ് അറ്റ് ഫൈവ് തേർട്ടി.' അദ്ദേഹം എന്നോടപ്പോൾ ചോദിച്ചു: 'സർ, യു ആർ ഡോ. തോമസ്, ദ് വൈസ് ചാൻസിലർ.' ഞാൻ പറഞ്ഞു: 'യെസ്, സെർട്ടൻലി.' എ.ഡി.സി. ചിരിച്ചു. എന്നിട്ടു പറഞ്ഞു: 'വി.ആർ അണ്ടർ ഇൻസ്ട്രക്ഷൻസ് ഫ്രം ദ പ്രസിഡന്റ് ടു റിസീവ് യു അറ്റ് ദ സ്റ്റെപ്പ്സ് ആൻഡ് ഫോർമലി എസ്കോർട്ട് യു ടു പ്രസിഡന്റ്സ് ഓഫീസ്, ടുഡേ യു ആർ ദ് ഒൺലി വിസിറ്റർ, സർ."

രണ്ടാംനിലയിലെ പ്രസിഡന്റ്സ് ഓഫീസിനു തൊട്ടടുത്ത സ്വീകരണമുറിയിലേക്കാണ് എ.ഡി.സി. ഞങ്ങളെ കൊണ്ടുപോയത്. കുടിക്കാൻ വെള്ളവും പിന്നെ ജ്യൂസും തന്നു. സക്കീറിനു പ്രസിഡന്റിന്റെ മുറിയിലേക്കു കൂടെവരാൻ സാധ്യമല്ലാത്തത് കൂടെ ആരുമുള്ളതായി ഞാൻ അയ്യാസ്വാമിയോടു നേരത്തേ പറയാതിരുന്നതുകൊണ്ടാണെന്ന് എ.ഡി.സി. വിശദീകരിച്ചു. സാരമില്ലെന്ന് സക്കീർ എന്നെ ആശ്വസിപ്പിച്ചു. ആറുമണിക്കു കൃത്യം അഞ്ചു മിനിട്ടുള്ളപ്പോൾ മറ്റൊരു എ.ഡി.സി. (നേവൽ ഓഫീസറാണെന്നു വേഷംകൊണ്ടറിയാം) വന്നു. പിന്നെ അദ്ദേഹത്തിന്റെവക സല്യൂട്ട്. എന്റെവക ഹസ്തദാനം. കീഴ്വഴക്കങ്ങൾ പറഞ്ഞുതന്നു

ശേഷം 10–ാം പേജിൽ

## ന്യൂനപക്ഷസംവിധാനങ്ങളും ക്രൈസ്തവരും

# തിരിച്ചറിയണം ഈ ഒറ്റപ്പെടലുകൾ



ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി

**ഭാ**രതത്തിന്റെ ഭരണഘടന മത-ഭാഷാന്യൂനപക്ഷങ്ങൾക്കു പ്രത്യേകമായ സുരക്ഷ വിഭാവനം ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്കു ഭൂരിപക്ഷവിഭാഗങ്ങളുടേതിനു തുല്യമായ വളർച്ച ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ക്ഷേമപദ്ധതികൾ മാറിമാറി വന്ന ഭരണകൂടങ്ങൾ പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇത്തരം ക്ഷേമപദ്ധതികൾ നടപ്പിൽവരുത്തുന്നതിനാവശ്യമായ സംവിധാനങ്ങളും നിലവിലുണ്ട്. ഭാരതത്തിൽ ക്രൈസ്തവസമൂഹം ന്യൂനപക്ഷ വിഭാഗമായിട്ടാണു പരിഗണിക്കപ്പെടുന്നത്. അതേസമയം, ന്യൂനപക്ഷങ്ങളെക്കുറിച്ചും അവർക്കായി ഒരുക്കിയിട്ടുള്ള വിവിധങ്ങളായ ക്ഷേമപദ്ധതികളെക്കുറിച്ചും ഈ പദ്ധതികളിൽനിന്ന് ക്രൈസ്തവർ എങ്ങനെ തഴയപ്പെടുന്നുവെന്നതിനെക്കുറിച്ചും പരിശോധിക്കേണ്ടതാണ്.

**1. ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷസംരക്ഷണം**

ഭാരതംപോലുള്ള വലിയ ഒരു രാജ്യത്ത് ചെറുതും വലുതുമായ ധാരാളം സമൂഹങ്ങൾ മതത്തിന്റെയും ജാതിയുടെയും ഭാഷയുടെയും സംസ്കാരത്തിന്റെയും ആചാരങ്ങളുടെയും തലങ്ങളിൽ തങ്ങളുടേതായ സ്വത്വം നിലനിറുത്തി മുന്നോട്ടു പോകുന്നുണ്ട്. അപ്രകാരമുള്ള സമൂഹങ്ങളുടെ സ്വത്വത്തിനു വിഘാതം ഭവിക്കാതെ സംരക്ഷിച്ചുകൊണ്ടുപോകേണ്ടത് ഭരണകൂടങ്ങളുടെ കടമയാണ്. അതിനുവേണ്ടിയാണ് പ്രത്യേകമായ അവകാശങ്ങൾ സംരക്ഷണം ആവശ്യമുള്ള ചെറിയ സമൂഹങ്ങൾക്ക് ഭരണഘടന ഉറപ്പുനല്കുന്നത്. സമത്വവും വിവേചനരാഹിത്യവും പൗരസ്വാതന്ത്ര്യവും ഭാരതഭരണഘടന ഉറപ്പുനല്കുന്നുണ്ട്. വിവേചനരഹിതമായ സമത്വം ഭാഷാപരവും മതപരവുമായ കാരണങ്ങളാൽ ന്യൂനപക്ഷങ്ങളായവർക്കു പ്രദാനം ചെയ്യുന്നതിനു വേണ്ടിയാണ് ഭരണഘടനയിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആർട്ടിക്കിൾ 14 (സമത്വത്തിനുള്ള അവകാശം), ആർട്ടിക്കിൾ 25 (മതസ്വാതന്ത്ര്യത്തിനുള്ള അവകാശം), ആർട്ടിക്കിൾ 29 (ന്യൂനപക്ഷതാത്പര്യങ്ങളുടെ സംരക്ഷണം), ആർട്ടിക്കിൾ 30 (വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഭരണം നടത്തുന്നതിനുമുള്ള അവകാശം) എന്നിവ പ്രത്യേകം സ്മരണീയമാണ്.

**2. ന്യൂനപക്ഷ ക്ഷേമപദ്ധതികൾ**

ഭരണഘടന നല്കിയിരിക്കുന്ന സംരക്ഷണങ്ങളെ സർക്കാർതലത്തിൽ പ്രയോഗവത്കരിക്കുന്ന സംവിധാനമാണ് ന്യൂനപക്ഷക്ഷേമവിഭാഗം. 2006 ജനുവരി 29 നാണ് ന്യൂനപക്ഷക്ഷേമവകുപ്പ് നിലവിൽവന്നത്. വിദ്യാഭ്യാസ ശക്തീകരണം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തിക ശക്തീകരണം, പ്രത്യേക ആവശ്യങ്ങളുടെ പൂർത്തീകരണം, ന്യൂനപക്ഷ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ വികസനക്ഷേമപദ്ധതികൾവഴി ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ന്യൂനപക്ഷങ്ങളെ ഉദ്ധരിക്കുവാനാണ് സർക്കാർ ഉദ്യമിക്കുന്നത്. 2005 ഫെബ്രുവരിയിൽ പാർലമെന്റിൽ അവതരിപ്പിച്ച പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ഓഗസ്റ്റ് 15 ന് പ്രഖ്യാപിക്കുകയുണ്ടായി. 2006 ജൂണിൽ



THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA,
having solemnly resolved to constitute India into a
SOVEREIGN SOCIALIST
SECULAR DEMOCRATIC REPUBLIC
and to secure to all its citizens:
JUSTICE, social, economic and political;
LIBERTY of thought, expression,
belief, faith and worship;
EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the
individual and the unity and
integrity of the Nation;
IN OUR CONSTITUENT ASSEMBLY
this twenty-sixth day of November, 1949, do
HEREBY ADOPT, ENACT AND GIVE TO
OURSELVES THIS CONSTITUTION.

അതിൽ ഭേദഗതികൾ വരുത്തി. പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷക്ഷേമപദ്ധതികളിൽ ആദ്യ അഞ്ചു കാര്യങ്ങൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസാവസരങ്ങളുടെ വർദ്ധനയെക്കുറിച്ച് പ്രതിപാദിക്കുന്നു. ആറുമുതൽ പത്തുവരെയുള്ള നമ്പറുകളിൽ പ്രതിപാദിക്കുന്നത് സാമ്പത്തിക തൊഴിൽമേഖലയിലെ തുല്യപങ്കാളിത്തത്തെക്കുറിച്ചാണ്. പതിനൊന്നും പന്ത്രണ്ടും നമ്പറുകൾ ന്യൂനപക്ഷങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതു സംബന്ധിച്ചും പതിമ്മൂന്നുമുതൽ പതിനഞ്ചുവരെയുള്ളവ സാമുദായികലഹള തടയുന്നതു സംബന്ധിച്ചും പ്രതിപാദിക്കുന്നു.

**3. വിവിധ ന്യൂനപക്ഷ കമ്മീഷനുകൾ**

ന്യൂനപക്ഷവിഭാഗങ്ങളെ സഹായിക്കുന്നതിനും അവരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും വേണ്ടി സർക്കാർ വിവിധ കമ്മീഷനുകൾ രൂപവത്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി 1992 ൽ കേന്ദ്രസർക്കാർ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പാസ്സാക്കി. 1992 മേയ് 17 ന് ഈ ആക്ട് നിലവിൽവന്നു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ വളർച്ച, അവർക്കായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അവർക്കർഹമായ രാഷ്ട്രീയ പ്രാധാന്യമുറപ്പിക്കൽ, അവരുടെ സാമൂഹിക സാമ്പത്തിക വികസനം, ആവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവയാണ് ഈ ആക്ടിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ആക്ട് പ്രകാരമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽവന്നത്. കേന്ദ്ര ന്യൂനപക്ഷമന്ത്രാലയത്തിനുകീഴിൽ ദേശീയന്യൂനപക്ഷകമ്മീഷൻ കൂടാതെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള ദേശീയ കമ്മീഷനും, ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കമ്മീഷനും പ്രവർത്തിക്കുന്നു. സംസ്ഥാന ന്യൂനപക്ഷമന്ത്രാലയത്തിനു കീഴിലാകട്ടെ, സംസ്ഥാന ന്യൂനപക്ഷകമ്മീഷനും സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങൾക്കായുള്ള ദേശീയ കമ്മീഷൻ, ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന വിഷയങ്ങളിൽ ഇടപെടുന്നതിനും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസഅവകാശം നിഷേധിക്കപ്പെടാതിരിക്കുന്നതിനും ഭരണഘടനവഴിയും നിയമനിർമ്മാണംവഴിയും ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസാവകാശം സംരക്ഷിക്കുന്നതിനും ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ന്യൂനപക്ഷപദവിനല്കുന്നതിനുംവേണ്ടിയുള്ളതാണ്.

1994 ൽ രൂപവത്കരിച്ച ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷനാകട്ടെ, ന്യൂനപക്ഷങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉറപ്പുവരുത്തുന്നതിനുംവേണ്ടിയുള്ളതാണ്.

സംസ്ഥാന ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ 2013 ലാണ് രൂപീകരിക്കപ്പെട്ടത്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിലാണ് ഇതു പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്കുന്ന ഫണ്ട് ഉപയോഗിച്ച് കുറഞ്ഞ പലിശനിരക്കിൽ ന്യൂനപക്ഷങ്ങൾക്ക് വായ്പാസഹായം നല്കുകയാണ് ഇതിന്റെ ലക്ഷ്യം.

**4. പ്രധാനമന്ത്രി ജൻവികാസ് കാര്യക്രമം**

കേന്ദ്ര ന്യൂനപക്ഷവകുപ്പിന്റെ ആഭിമുഖ്യത്തിലുണ്ടായിരുന്ന ന്യൂനപക്ഷങ്ങൾക്കുള്ള മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം ഇപ്പോൾ പ്രധാനമന്ത്രി 'ജൻവികാസ് കാര്യക്രം' എന്നപേരിലാണ് അറിയപ്പെടുന്നത്. ജില്ലാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ന്യൂനപക്ഷവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തി പൊതുസമൂഹത്തിൽ സന്തുലിതാവസ്ഥ കൈവരിക്കുന്നതിനാണ് കേന്ദ്രസർക്കാർ ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ തലങ്ങളിലും പുതിയ സംരംഭങ്ങളിലൂടെ സാമൂഹിക സാമ്പത്തിക ജീവിതസാഹചര്യങ്ങൾ പരിപോഷിപ്പിക്കുന്ന നൂതനപദ്ധതികളാണ് ഇപ്രകാരം നടപ്പിലാക്കുന്നത്. പദ്ധതിനടത്തിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങളിലെ മൂന്നാം ഖണ്ഡികയിൽ 1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ആക്ട് 2 (സി) പ്രകാരം സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന വിവിധ ന്യൂനപക്ഷങ്ങളായ മുസ്ലീംകൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, ബുദ്ധർ, പാഴ്സികൾ, ജൈനർ എന്നീ ആറ് മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഈ പദ്ധതിയുടെ ഗുണഫലങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്.

ഓരോ ജില്ലയുടെയും കളക്ടർ ചെയർമാനും ഡെപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറും ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, പോലീസ് മേധാവി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ കൂടാതെ ന്യൂനപക്ഷ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് മൂന്നുപേരും ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ഓരോ ജില്ലയിലെയും മതസംഖ്യാനുപാതമായിരിക്കും.

**5. സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ**

ന്യൂനപക്ഷക്ഷേമവിഭാഗത്തെക്കുറിച്ചും അതിനായി പ്രവർത്തിക്കുന്ന വിവിധ കമ്മീഷനുകളെക്കുറിച്ചും അവയുടെ പ്രവർത്തനസംവിധാനങ്ങളെക്കുറിച്ചും നാം കണ്ടു. എന്നാൽ, ഇപ്രകാരമുള്ള കമ്മീഷന്റെ വിപുലമായ ആനുകൂല്യങ്ങൾ എപ്രകാരമാണ് ക്രൈസ്തവസമുദായത്തിനും മറ്റു ചെറിയ സമുദായങ്ങൾക്കും നിഷേധിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് നമുക്കു പരിശോധിക്കാം.

2014 ലെ മൈനോരിറ്റി കമ്മീഷൻ ആക്ട് അനുസരിച്ച് കേരളത്തിന്റെ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിലുള്ള മൈനോരിറ്റി കമ്മീഷനിൽ രണ്ടാമത്തെ മെമ്പറെ തിരഞ്ഞെടുക്കേണ്ടത് ചെയർപേഴ്സന്റേതല്ലാത്ത കമ്മ്യൂണിറ്റിയിൽനിന്നായിരിക്കണം എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. അതായത്, ഒരു ന്യൂനപക്ഷസമുദായാംഗം ചെയർമാനും 'മറ്റൊരു' ന്യൂനപക്ഷ സമുദായത്തിൽനിന്നുള്ള ഒരംഗവും ഒരു ന്യൂനപക്ഷത്തിൽനിന്നുള്ള വനിതാംഗവും എന്ന രീതിയിൽ കമ്മീഷൻ രൂപീകരിക്കണമെന്ന് അർത്ഥം. എന്നാൽ, ഈ സർക്കാർ 2017 ലെ 14-ാം നിയമസഭാസമ്മേളനത്തിൽ പ്രസ്തുത വിജ്ഞാപനത്തിൽ ഒരു ഭേദഗതി കൊണ്ടുവരികയുണ്ടായി.

അതിൻപ്രകാരം 'മറ്റൊരു' എന്നതിനു പകരം 'ഒരു' എന്ന് ഭേദഗതി വരുത്തി. ഈ ഭേദഗതി പ്രകാരം ചെയർമാനും രണ്ടാമത്തെ അംഗവും വേണമെങ്കിൽ വനിതാംഗവും ഒരേ സമുദായത്തിൽനിന്നു വരുന്നതിനു വഴിതുറന്നിട്ടിരിക്കയാണ്. ഇത് അംഗീകരിക്കാനാവാത്ത പക്ഷപാതപരമായ നിലപാടാണ്.

**ഒരു ബഹുസ്വരസമൂഹത്തിൽ വിവിധ സമുദായങ്ങൾക്കെന്നപോലെ ക്രൈസ്തവസമുദായത്തിനും അർഹിക്കുന്ന അംഗീകാരങ്ങളും അവകാശങ്ങളും ലഭിക്കേണ്ടതുണ്ട്. ഭരണഘടനയിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ടിരിക്കുന്ന മതന്യൂനപക്ഷസമുദായങ്ങൾക്കുള്ള അവകാശങ്ങൾ ആരുടെയും ഔദാര്യമല്ല. അതിനാൽത്തന്നെ അർഹതപ്പെട്ടവ നേടിയെടുക്കാൻ സഭാംഗങ്ങൾ എന്ന നിലയിലും സമുദായാംഗങ്ങൾ എന്ന നിലയിലും ക്രൈസ്തവജനത ഒത്തൊരുമിച്ചു പ്രയത്നിക്കണം.**

ശേഷം 12-ാം പേജിൽ

# മനഃസാക്ഷി ഉണർന്നപ്പോൾ

**കൊഴുവനാൽ ജോസ്**

**കോ**ടതിവരാന്തയിലെ തൂണിൽ ചാരിനിന്നുകൊണ്ട് മൊബെൽ ഫോണിൽ പരതുകയായിരുന്നു മാത്തച്ചൻ. സമയം പത്തരയോടടുക്കുന്നതേയുള്ളു. കോടതി തുടങ്ങാൻ ഇനിയും സമയമെടുക്കും. കക്ഷികൾ ഒറ്റയ്ക്കും കൂട്ടായും വന്നുകൊണ്ടിരിക്കുന്നു. വാദികളും പ്രതികളും. പിന്നെ വക്കീലുമാരും അവരുടെ ഗുമസ്തന്മാരും.

'മാത്തച്ചാ....!'

ആരോ വിളിച്ചതുപോലെ. ചുറ്റിലും നോക്കി. ആരെയും കണ്ടില്ല. ശ്രദ്ധ പിന്നെയും ഫോണിലേക്കു തിരിഞ്ഞു.

'എടാ മാത്തച്ചാ....!'

വീണ്ടും അതേ സ്വരം. ആരെയും കാണുന്നുമില്ല.

'ആരാ....?'

'ഞാനാ...! നിന്റെ മനഃസാക്ഷി...! നിന്റെ കേസ് വിളിക്കുന്നതിനുമുമ്പ് എന്റെ വക ഒരു വിചാരണ. വിരോധമില്ലല്ലോ....?'

'ഇല്ല...!'

'എങ്കിൽ, ദാ ആ തുറന്നുകിടക്കുന്ന ജാലകത്തിലൂടെ സ്ത്രീകളുടെ കാത്തിരിപ്പുമുറിയിലേക്ക് ഒന്നു നോക്കിയാട്ടെ. ആ ബെഞ്ചിൽ ഇടത്തുനിന്ന് മൂന്നാമതിരിക്കുന്ന സ്ത്രീയെ കണ്ടോ? ദീനത തളം കെട്ടിക്കിടക്കുന്ന നിർജ്ജീവമായ ആ നയനങ്ങൾ ഇമവെട്ടാതെ തറഞ്ഞുനില്ക്കുന്നത് നിന്റെ മുഖത്താണ്. ശ്രദ്ധിച്ചോ...?'

'കണ്ടു....!'

'അതാരാ....?'

മാത്തച്ചൻ ഉത്തരം പറഞ്ഞില്ല.

'പറയാൻ ബുദ്ധിമുട്ടുണ്ടല്ലേ...? ഞാൻ പറയാം. അത് മോളി. പതിന്നാലു മാസങ്ങൾക്കുമുമ്പ് നിന്റെ കാലിൽ വീണ് കെട്ടിപ്പിടിച്ചു കരഞ്ഞിട്ടും ചെവിക്കൊള്ളാതെ നിന്റെ വീട്ടിൽനിന്ന് നീ ചവിട്ടിപ്പുറത്താക്കിയ നിന്റെ ഭാര്യ...! പന്ത്രണ്ടും പത്തും വീതം പ്രായമുള്ള നിന്റെ മോളോടും മോനോടും നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ യാത്രപറഞ്ഞിറങ്ങിപ്പോയ നിന്റെ സ്വന്തം ഭാര്യ...! നൊന്തു പ്രസവിച്ച് പാലൂട്ടി വളർത്തിയെടുത്ത സ്വന്തം മക്കളെ ഒന്നുകാണാൻപോലും അതിൽപിന്നെ നീ അവളെ അനുവദിച്ചിട്ടില്ല. അമ്മയെ കാണാൻ കൊതിപറഞ്ഞ അവരെ നീ വടിയെടുത്ത് നിശ്ശബ്ദരാക്കി. സ്വന്തമെന്നു പറയാൻ അവശേഷിച്ചിട്ടുള്ള ഒരേയൊരു സഹോദരന്റെ വീട്ടിൽ അടുത്ത് അവൾ അഭയം തേടിയെന്ന് അന്വേഷിച്ചറിഞ്ഞ നീ ഇല്ലാത്ത കാരണങ്ങൾ നിരത്തി വിവാഹമോചനത്തിനു കേസു കൊടുത്തു.

'നീ ഓർമ്മിക്കുന്നോ മാത്തച്ചാ, പതിനാറു വർഷംമുമ്പ് ഇടവകപ്പള്ളിയിലെ അൾത്താരയുടെ മുമ്പിൽനിന്ന് അവളോടൊപ്പം വിശുദ്ധ ബൈബിളിൽ കൈവച്ച് നീ ചെയ്ത വാഗ്ദാനം? പിന്നീട് ഭാവിയെക്കുറിച്ച് മനംനിറയെ നെയ്തുകൂട്ടിയ ഒത്തിരിയൊത്തിരി കിനാക്കളുമായി നിന്റെ പിന്നാലെ നിന്റെ വീട്ടിലേക്കു വലതുകാൽകുത്തി കയറിവന്നവളാണവൾ. അന്നൊക്കെ നിന്റെ ജീവിതത്തിലെ ഇരുണ്ട നാളുകളിൽ വെള്ളിവെളിച്ചം വീശിയ പാൽച്ചന്ദ്രികയായി പ്രകാശിച്ചവൾ! നിനക്കു ജോലി കിട്ടാനും ഇന്നുവരെയുള്ള നിന്റെ ഉന്നമനത്തിന്റെ പടവുകൾ പടിപടിയായി ചവിട്ടിക്കയറാനും ശക്തമായ കൈത്താങ്ങു തന്നവൾ. നിനക്ക് മക്കളെ പ്രസവിച്ച് വളർത്തിത്തന്ന നിശ്ശബ്ദസഹനത്തിന്റെ വെൺമലരായവൾ! നീയും മക്കളും ഉണരുന്നതിനുമുമ്പേ ഉറക്കമുണർന്നവൾ. നിങ്ങൾ കിടന്നതിനുശേഷംമാത്രം ഉറങ്ങാൻ കിടന്നവൾ! നിങ്ങൾ മൂവർക്കും പ്രഭാതഭക്ഷണവും പാഴ്സലാക്കിയ ഉച്ചയൂണും തന്ന് യാത്രയാക്കാതെ സ്വന്തം വിശപ്പിന്റെ കാര്യം ചിന്തിച്ചിട്ടില്ലാത്ത നിസ്വാർത്ഥതയുടെ ആൾരൂപമായവൾ! പിന്നെ പശുവും തൊഴുത്തും പാത്രം കഴുകലും അടിച്ചുവാരലും അലക്കും കുളിയും ഒക്കെയായി നിങ്ങൾ തിരിച്ചെത്തിയാലും തീരാത്ത ജോലികളിൽ സന്തോഷം കണ്ടവൾ. നിങ്ങളുടെ വൈകുന്നേരങ്ങൾ അകത്തും പുറത്തുമുള്ള നേരമ്പോക്കുകളിലൂടെ കടന്നുപോകുമ്പോഴും ക്ഷീണിതയായിട്ടും ക്ഷീണമറിയിക്കാതെ നിങ്ങൾക്കുവേണ്ടി ഓരോരോ ജോലികളിൽ മുഴുകിക്കഴിഞ്ഞ ശമ്പളമില്ലാത്ത അപൂർവം ചില ജോലിക്കാരിലൊരുവൾ! നിനക്ക് ഒരു ജലദോഷം വന്നാൽ ആവിവലിപ്പിക്കാനും ചുക്കുകാപ്പി കുടിപ്പിക്കാനും പിന്നാലെ നടന്നവൾ!

നീ കുളിമുറിയിൽ തെന്നിവീണ് കാലിന്റെ അസ്ഥി പൊട്ടി പ്ലാസ്റ്ററിട്ട് കിടന്നില്ലേ ആഴ്ചകളോളം? അന്നൊക്കെ വിഷാദം അലതല്ലുന്ന മുഖഭാവത്തോടെ ഉണ്ണാതെ, ഉറങ്ങാതെ നിനക്കു കാവലിരുന്ന മാലാഖയല്ലേ അവൾ? നിന്റെ തല ഉയർത്തിവച്ച് നേരാനേരങ്ങളിൽ നിനക്ക് ഭക്ഷണപാനീയങ്ങളും മരുന്നും എടുത്തുതന്നതും നിന്റെ മലമൂത്രങ്ങൾ എടുത്തുമാറ്റി



നിന്നെ വൃത്തിയാക്കിയതും സർവംസഹയായ നിന്റെ ആ ജീവിതപങ്കാളിയായിരുന്നില്ലേ?

ഒരുദിവസം നിനക്ക് ഉച്ചഭക്ഷണം പാഴ്സലാക്കാൻ തിരക്കുമൂലം അല്പം വൈകിപ്പോയതിന്റെ പേരിൽ നീ കോപിച്ച് ഭക്ഷണം കൂടാതെ ഇറങ്ങിപ്പോയത് ഓർക്കുന്നോ? അവൾ ക്ഷമ ചോദിച്ചും കരഞ്ഞു നിലവിളിച്ചും നിന്റെ പിന്നാലെ പൊതിച്ചോറുമായി ഓടിവന്നു. നീ തിരിഞ്ഞുപോലും നോക്കിയില്ല. ഉച്ചയ്ക്ക് നീ കൂട്ടുകാരോടൊപ്പം ബാർഹോട്ടലിൽ പോയി വിഭവസമൃദ്ധമായി ആഘോഷിച്ചു. പശ്ചാത്താപവിവശയായ അവൾ പച്ചവെള്ളംപോലും കഴിക്കാതെ നിന്നെ കാത്തിരിക്കുകയായിരുന്നു എന്ന് നീ പിന്നീടറിഞ്ഞു. എന്നിട്ടും ഒരാശ്വാസവാക്കുപോലും പറയാൻ നിനക്കു തോന്നിയില്ല.

നീ ഓഫീസിലെ കൂട്ടുകാരോടൊത്ത് മൂന്നുദിവസം ദീർഘിച്ച വിനോദയാത്ര കഴിഞ്ഞു തിരിച്ചെത്തുമ്പോൾ അവൾ അങ്ങേവീട്ടിലെ അന്തപ്പായിയോട് എന്തോ പറഞ്ഞ് പൊട്ടിച്ചിരിക്കുന്നത് നീ കണ്ടു. അതല്ലേ നിന്നെ ചൊടിപ്പിച്ചത്? അന്ന് സാത്താൻ സംശയത്തിന്റെ രൂപത്തിൽ നിന്നിൽ വാസമുറപ്പിച്ചു. കുറ്റങ്ങളും കുറവുകളും മാത്രം എടുത്തുപറഞ്ഞ് നീ അവളെ പീഡിപ്പിച്ചു. തിരിച്ചൊന്നും പറയാതെ നിറകണ്ണുകളോടെ ഏകാന്തതയിലിരുന്ന് ഏങ്ങിക്കരയാനേ ആ പാവത്തിന് അറിയാമായിരുന്നുള്ളു. പക്ഷേ, മാത്തച്ചാ, നിന്റെ മനഃസാക്ഷി പറയുന്നു, അവൾ വിശ്വസ്തയാണ്. നിന്നെ മാത്രം സ്നേഹിക്കുന്ന, നിനക്കുവേണ്ടി മാത്രം ജീവിക്കുന്ന അവൾ നിന്റെ മാത്രം ഭാര്യയാണിന്നും. മറക്കരുത്.

ആ കേസിന്റെ വിചാരണയാണിന്ന്. ശുദ്ധയും വിശ്വസ്തയുമായ നിന്റെ ജീവിതപങ്കാളി അകാരണമായി ഏറ്റുവാങ്ങിയ ആത്മനൊമ്പരങ്ങളെ നെഞ്ചോടു ചേർത്തുവച്ച് ഇത്രയും നാൾ ജീവിച്ചതിന് നീ മാത്രമാണ് ഉത്തരവാദി. കുറ്റക്കാരനും നീതന്നെ. ദൈവത്തിന്റെ കോടതിയിൽ ഒരു വിചാരണ വരാനുണ്ടെന്നു മറക്കരുത്. അവിടെനിന്നുണ്ടാകുന്ന വിധിയുടെ ആളിപ്പടരുന്ന തീജ്വാലകളിൽ നീ കത്തിയെരിഞ്ഞ് ഭസ്മമായി മാറാതിരിക്കേണ്ടതിന് ദൈവം യോജിപ്പിച്ചതിനെ നീ വേർപെടുത്തരുത്. ഈ കേസ് നീ പിൻവലിക്കുക. കടലോളം കദനമിരമ്പുന്ന കണ്ണുകളുമായി ആ ജനാലയിലൂടെ ദീനദീനം നിന്നെത്തന്നെ നോക്കിയിരിക്കുന്ന നിന്റെ ഭാര്യയെ പുറത്തേക്കു വിളിച്ച് സന്തോഷത്തോടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോവുക. അമ്മയെ കാണാൻ കൊതിയോടെ കാത്തിരിക്കുന്ന നിന്റെ മക്കൾക്ക് ഇതിനേക്കാൾ വലിയ ഒരു സമ്മാനം കൊടുക്കാൻ ഈ ജന്മത്ത് നിനക്കാവില്ല.

'മനഃസാക്ഷിയുടെ സ്വരം' കേട്ട മാത്തച്ചൻ ജാള്യം വകവയ്ക്കാതെ കുറ്റബോധത്തോടെ ജനാലയ്ക്കരികിലേക്കു നടന്നു.

■

## എഴുത്തച്ഛൻ പുരസ്കാരം സക്കറിയയ്ക്ക്

ഭാഷാപിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ കേരള ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന എഴുത്തച്ഛൻപുരസ്കാരം ഇത്തവണ സക്കറിയയ്ക്ക്. സംസ്ഥാനസർക്കാരിന്റെ ഏറ്റവും വലിയ സാഹിത്യപുരസ്കാരമാണിത്. സാഹിത്യരംഗത്തു നല്കിയിട്ടുള്ള സമഗ്രസംഭാവനയ്ക്കാണ് അവാർഡു നല്കുന്നതെന്ന് അവാർഡ് പ്രഖ്യാപിച്ചുകൊണ്ട് മന്ത്രി എ.കെ. ബാലൻ അറിയിച്ചു. അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. മുഖ്യമന്ത്രി പിണറായി വിജയൻ പിന്നീട് അവാർഡ് സമ്മാനിക്കും.



പാലാ ഉരുളികുന്നത്ത് 1945 ജൂൺ 5 നു ജനനം. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ബാംഗ്ലൂർ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദം നേടി. തുടർന്ന് കേരളത്തിനകത്തും പുറത്തുമായി വിവിധ കോളജുകളിൽ അധ്യാപകനായി. പി.റ്റി.ഐ., ഇന്ത്യാ ടുഡേ തുടങ്ങിയ മാധ്യമങ്ങളിലും സേവനമനുഷ്ഠിച്ചു.

കേന്ദ്ര, കേരള സാഹിത്യ അക്കാദമി അവാർഡുകൾ, ഓടക്കുഴൽ പുരസ്കാരം, വി.കെ.എൻ പുരസ്കാരം, മുട്ടത്തുവർക്കി പുരസ്കാരം എന്നീ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കേരളസാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നല്കി ആദരിച്ചു.

ചെറുകഥ, നോവൽ, യാത്രാവിവരണം തുടങ്ങി സാഹിത്യത്തിന്റെ സമസ്തമേഖലകളിലും സക്കറിയയുടെ കൈയൊപ്പു പതിഞ്ഞിട്ടുണ്ട്. ആധുനികവും ആക്ഷേപഹാസ്യത്തോടു ചായ്വുള്ളതുമാണ് സക്കറിയയുടെ രചനാശൈലി. മലയാളിയുടെ കപടസംസ്കാരത്തിന്റെ നേർക്കു പിടിച്ച കണ്ണാടിയാണ് സക്കറിയയുടെ മിക്ക കൃതികളും.

ഭാസ്കരപട്ടേലരും എന്റെ ജീവിതവും, സലാം അമേരിക്ക, ഒരിടത്ത്, ആർക്കറിയാം, അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും, എന്തുണ്ട് വിശേഷം പീസാത്തോസേ, ഒരു ആഫ്രിക്കൻ യാത്ര, ഉരുളികുന്നത്തിന്റെ ലുത്തിനിയ, തേൻ തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**കുശവന്റെ കൈയിൽ കളിമണ്ണുപോലെയാണ് സ്രഷ്ടാവിന്റെ കൈയിൽ മനുഷ്യർ; അവിടുന്ന് തന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നു; ഇഷ്ടമനുസരിച്ച് അവർക്കു നൽകുന്നു.**
പ്രഭാഷകൻ 33 : 13

**എഡിറ്റോറിയൽ**

# മയക്കുമരുന്നിൽ തഴയ്ക്കുന്ന തീവ്രവാദം

**കേ**രളം തീവ്രവാദപ്രവർത്തനങ്ങളുടെ ഒളിത്താവളമായി മാറുകയാണോ എന്നു സന്ദേഹിക്കുമാറ് ഭീതിജനകമായ വാർത്തകൾ കേൾക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. മയക്കുമരുന്നു കള്ളക്കടത്തു മാഫിയകളുടെ വൻകൊള്ളകൾ പ്രതിദിനം മാധ്യമപ്പുറങ്ങളിൽ ഇടംപിടിക്കുന്നു. അത്തരക്കാരുടെ അധികാരത്തേർവാഴ്ചകളും പോർവിളികളും രാജ്യസുരക്ഷയ്ക്കുതന്നെ ഭീഷണിയാകുന്നു.

നമ്മുടെ കുഞ്ഞുങ്ങളെ ലഹരിയുടെ രുചി പഠിപ്പിച്ച്, അവരുടെ ചിന്താശേഷിയെയും സർഗവാസനകളെയും മുരടിപ്പിച്ച് ഒരു തലമുറയെയാകെ കൊള്ളയടിക്കാനുള്ള കറുത്ത ശക്തികളുടെ ശ്രമം കണ്ടില്ലെന്നു നടിക്കാനാവില്ല. ചെറിയ തലമുറയുടെ കാവലാളാകേണ്ട മുതിർന്നവർ അതു കാണാതെ പോകുന്നുണ്ടെങ്കിൽ അതിജാഗ്രതയോടെ ഉറക്കമിളച്ചുകാത്തിരിക്കണമെന്നു സാരം. തെരുവിൽ വിൽക്കപ്പെടുന്ന നിസ്സാരമെന്നു കരുതുന്ന ഒരു നുള്ളു മയക്കുമരുന്നിന്, മൂർച്ചയുള്ള മാരകായുധമാകാനും വീര്യമുള്ള സ്ഫോടകവസ്തുവാകാനും നിമിഷനേരം മതിയെന്നു തിരിച്ചറിയേണ്ടിയിരിക്കുന്നു. അധികാരത്തിന്റെ അന്തപ്പുരങ്ങളിലും ഭരണസിരാകേന്ദ്രങ്ങളിലും വരെ ഇവയുടെ ഗന്ധമുണ്ടെന്നും തീവ്രവാദകൂട്ടുകെട്ടുകളുടെ ഒളിയമ്പുകൾ മറനീക്കി പുറത്തുവരുന്ന കാലം വിദൂരമല്ലെന്നും അറിഞ്ഞിരുന്നാൽ നന്ന്.

തീവ്രവാദത്തെ ചെറുക്കാനുള്ള ശ്രമത്തിന്റെ ഭാഗമെന്ന നിലയിലാണ് മയക്കുമരുന്നു കള്ളക്കടത്തുലോബികളുടെ പ്രവർത്തനങ്ങളെ നാം എതിർക്കേണ്ടത്. 2001 സെപ്റ്റംബർ പതിനൊന്നിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തെ ചുറ്റിപ്പറ്റിയുള്ള അന്വേഷണത്തിൽ കണ്ടെത്തിയ വിവരം, ഇത്തരത്തിലുള്ള ആക്രമണപദ്ധതികൾക്ക് മയക്കുമരുന്നുലോബികളുടെയും കള്ളക്കടത്തുസംഘങ്ങളുടെയും വൻപിൻബലവും സാമ്പത്തികസഹായങ്ങളുമുണ്ടെന്നായിരുന്നു. അമേരിക്കൻ രഹസ്യാന്വേഷണസംഘം, തീവ്രവാദത്തിനെതിരേയുള്ള യുദ്ധം മയക്കുമരുന്നു കള്ളക്കടത്തിനെതിരേയുള്ള യുദ്ധമാണെന്ന് തിരിച്ചറിഞ്ഞു.

2019 ജൂൺമാസത്തിൽ സംസ്ഥാന എക്സൈസ് കമ്മീഷണർ ഋഷിരാജ്സിംഗ് വെളിപ്പെടുത്തിയതനുസരിച്ച്, മയക്കുമരുന്നുപയോഗത്തിൽ അമൃതസറിനു തൊട്ടുതാഴെ രണ്ടാം സ്ഥാനത്താണ് കേരളം. സംസ്ഥാന എക്സൈസ് വകുപ്പ് 2016 ൽ 2033 കേസുകളാണു രജിസ്റ്റർ ചെയ്തതെങ്കിൽ 2017 ൽ 5946, 2018 ൽ 7573 എന്നിങ്ങനെയാണ് മയക്കുമരുന്നുപയോഗത്തിന്റെ വളർച്ചയുടെ കണക്കു കാണിച്ചിരിക്കുന്നത്.

2019 ൽ കേന്ദ്ര ഇന്റലിജൻസ് ഏജൻസികളുടെ റിപ്പോർട്ടിൽ, അഫ്ഗാനിൽ നിന്ന് വൻതോതിൽ ഹെറോയിൻ കൊച്ചിപോലുള്ള വൻനഗരങ്ങളിലേക്കു കടത്തുന്നതായി ചൂണ്ടിക്കാണിച്ചിരുന്നു. ഹെറോയിനും കറുപ്പുമടങ്ങുന്ന ലഹരിവസ്തുക്കൾ ഇന്ത്യയിൽ സാധാരണമായി എത്തുന്നത് അഫ്ഗാനിസ്ഥാനിൽനിന്നും മ്യാന്മറിൽനിന്നുമാണ്. മറ്റു സംസ്ഥാനങ്ങളിൽ എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാവുകയും നിരവധി കേസുകൾ പിടിക്കപ്പെടുകയും ചെയ്തതോടെയാണ് കള്ളക്കടത്തുകാർ കൊച്ചിപോലുള്ള നഗരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുതുടങ്ങിയത്. കടൽമാർഗ്ഗവും വായുമാർഗ്ഗവും കൊച്ചിയിലേക്ക് ലഹരി കടത്താൻ കഴിയുമെന്നതും അവർക്ക് അനുകൂലസാഹചര്യമൊരുക്കുന്നു.

കേരളസമൂഹം മയക്കുമരുന്നുകച്ചവടത്തിനെതിരേയും തീവ്രവാദത്തിനെതിരേയും ഒന്നിച്ചുപോരാടേണ്ട സയമാണിത്. മയക്കുമരുന്നുകച്ചവടമറവിൽ തഴച്ചുവളരുന്നത് തീവ്രവാദമാണെന്നിരിക്കേ, ഇത്തരക്കാരുമായുള്ള അവിശുദ്ധകൂട്ടുകെട്ടിന് നമ്മുടെ രാഷ്ട്രീയ ഏമാന്മാർ നിന്നുകൊടുക്കുന്നത് ലജ്ജയോടും ഇത്തിരി ഭീതിയോടുംകൂടി മാത്രമേ കണ്ടുനില്ക്കാനാവൂ. പണാധികാരത്തിന്റെ കോട്ടകൊത്തളങ്ങളിൽ അഭിരമിക്കുന്നവർക്ക്, തങ്ങൾ കാട്ടിക്കൂട്ടുന്ന ചെയ്തികളുടെ ശരിതെറ്റുകൾ അളന്നുതിട്ടപ്പെടുത്തേണ്ടതില്ലല്ലോ. രാജ്യസുരക്ഷയെക്കുറിച്ചോ ഭാവിതലമുറയുടെ ഭദ്രതയെക്കുറിച്ചോ ചിന്തിച്ചാകുലപ്പെടേണ്ടതുമില്ല. വോട്ടധികാരത്തിന്റെ വിചാരണപ്രകാരം ഭരണം കൈയാളുന്ന ശുദ്ധജനാധിപത്യത്തിന്റെ വസന്തകാലം ഇനിയും അകലെയല്ല എന്നു പ്രത്യാശിക്കാനേ കഴിയൂ.

□

# സഹിഷ്ണുതയുടെ നെല്ലിപ്പലകകൾ

1-ാം പേജ് തുടർച്ച

ഫ്രാൻസിലെ ലിയോണിൽ ഒക്ടോബർ 31 ന് ശനിയാഴ്ച ആരാധനയ്ക്കുശേഷം ദൈവാലയം അടയ്ക്കുകയായിരുന്ന ഒരു ഗ്രീക്ക് ഓർത്തഡോക്സ് വൈദികനെ വെടിവച്ച സംഭവമുണ്ടായി. പശ്ചിമയൂറോപ്പിൽ ഏറ്റവും കൂടുതൽ മുസ്ലീങ്ങൾ ഉള്ള രാജ്യമാണ് ഫ്രാൻസ്. ആറരക്കോടി ജനങ്ങളിൽ അമ്പതുലക്ഷംപേരാണു മുസ്ലീങ്ങൾ. ഒക്ടോബർ മാസത്തിൽ മാത്രമരങ്ങേറിയ ആക്രമണങ്ങളെത്തുടർന്ന് രാജ്യം വലിയ മുൻകരുതലെടുത്തിട്ടുണ്ട്. രാജ്യമെമ്പാടും സേനയെ വിന്യസിച്ചു. ഫ്രാൻസിന്റെ വിദേശ നയതന്ത്ര ഓഫീസുകളിലും സുരക്ഷ കർശനമാക്കിയിട്ടുണ്ട്. വിദേശരാജ്യങ്ങളിലുള്ള ഫ്രഞ്ച് പൗരന്മാരോട് ജാഗ്രത പാലിക്കാനും ആവശ്യപ്പെട്ടു.

അമേരിക്കയിലെ വംശീയാതിക്രമങ്ങളും യൂറോപ്പിൽ ക്രൈസ്തവർക്കുനേരേ നടക്കുന്ന ആക്രമണങ്ങളുമെല്ലാം മാനവികതയെ തകർക്കുന്നതുതന്നെ. ക്രൈസ്തവർക്കെതിരേ നടക്കുന്ന അതിക്രമങ്ങളുടെ പിന്നിലുള്ള സംഘടിതശക്തികളെ ദുർബലപ്പെടുത്തേണ്ട ഉത്തരവാദിത്വം ആ അതിക്രമങ്ങളുടെ ദുഷ്പേരു വഹിക്കേണ്ടിവരുന്ന മുസ്ലിം സമൂഹത്തിനുണ്ട്. മാനവികതയെ മാനിക്കുന്നവരും പുരോഗമനകാംക്ഷികളുമായ ആ സമുദായാംഗങ്ങൾ അതിനു ശ്രമിക്കുന്നുണ്ടെങ്കിലും പലപ്പോഴും തിന്മയുടെ ശക്തികൾ കരുത്താർജിക്കുന്നതാണു നാം കണ്ടുവരുന്നത്.

നമ്മുടെ രാജ്യത്തും അധികം വ്യത്യസ്തമല്ലാത്ത നിലയിൽ ക്രൈസ്തവപീഡനങ്ങൾ അരങ്ങേറുന്നുണ്ട്. ഒറീസയിലും ഗുജറാത്തിലുമൊക്കെ അതിന്റെ രൂക്ഷഭാവങ്ങൾ നാം കണ്ടു. ഏറ്റവുമൊടുവിൽ ജസ്യൂട്ട് വൈദികനായ ഫാ. സ്റ്റാൻ സ്വാമിയെ എൻഐഎ അറസ്റ്റുചെയ്ത് തടങ്കലിലാക്കിയിരിക്കുന്നതും അദ്ദേഹം ക്രൈസ്തവമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ദരിദ്രരും നിസ്സഹായരുമായ ജനങ്ങളുടെയിടയിൽ പ്രവർത്തിച്ചതിനാണ്.

കേരളത്തിലും കാലങ്ങളായി നിലനിന്നിരുന്ന സാമുദായികസൗഹാർദം തകർക്കാൻ ഊർജിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്. കുരിശിനെയും ക്രൈസ്തവമതചിഹ്നങ്ങളെയും അപമാനിക്കാൻ നടക്കുന്ന ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. അറിവില്ലായ്മകൊണ്ടുള്ള അവിവേകമായി ഇതിനെ കാണുന്നവരുണ്ട്. എല്ലാക്കാര്യങ്ങളും അത്ര ലഘൂകരിച്ചു കാണാനാവില്ല. അവിവേകം പൊറുക്കാനാവും, മാപ്പുപറഞ്ഞാൽ. എന്നാൽ, കരുതിക്കൂട്ടിയുള്ള ആക്രമണങ്ങളെ ചെറുക്കാതിരിക്കാനാവില്ല. അതിന് യേശു കാണിച്ചുതന്ന മാർഗങ്ങൾ മാത്രമാണു നമുക്കു കരണീയം. അതു നിസ്സഹായതയോ ദൗർബല്യമോ ആയി കാണേണ്ടതില്ല. നിഷ്കളങ്കതയോടൊപ്പം വിവേകപൂർണമായ ഇടപെടലുമാണല്ലോ ക്രൈസ്തവന്റെ പരിച.

□

# ആദ്യചിത്രത്തിന് അംഗീകാരം: കേരളാ ഫിലിം ക്രിട്ടിക്സ് പുരസ്കാരനിറവിൽ ഫാ. റോയ് കാരക്കാട്ട്



കൊച്ചി: കേരളാ ഫിലിം ക്രിട്ടിക്സ് അവാർഡിൽ പ്രത്യേക ജൂറി പുരസ്കാരം നേടി ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭാംഗമായ ഫാ. റോയ് കാരക്കാട്ട്. അദ്ദേഹം സംവിധാനം ചെയ്ത 'കാറ്റിനരികെ' എന്ന ചിത്രത്തിനാണ് 44-ാമത് ഫിലിം ക്രിട്ടിക്സ് അവാർഡിൽ നവാഗതപ്രതിഭയ്ക്കുള്ള പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചത്. മലയാളത്തിൽ ഒരു വൈദികൻ സംവിധാനം ചെയ്ത് പൂർത്തീകരിച്ച ആദ്യ ഫീച്ചർ ഫിലിം ആണെന്നാണ് അണിയറപ്രവർത്തകർ പറയുന്നത്. ഒരു മലഞ്ചെരുവിൽ ഒറ്റയ്ക്കു താമസിക്കുന്ന അപ്പനും അമ്മയും രണ്ടു മക്കളും അടങ്ങുന്ന കുടുംബത്തിന് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളും അവരുടെ അതിജീവനവുമാണ് പ്രമേയം.

സമാനചിന്താഗതിക്കരായ ഒരു കൂട്ടം സുഹൃത്തുക്കളുടെ സഹായത്തോടെ ചെയ്ത സിനിമയാണ് 'കാറ്റിനരികെ' എന്ന് ഫാ. റോയ് കാരക്കാട്ട് പറയുന്നു. സിനിമയിലൂടെ ആദർശങ്ങളും നല്ല സന്ദേശങ്ങളും പകർന്നുകൊടുക്കുക എന്നുള്ളതാണ് തന്റെ ഉദ്ദേശ്യം. പുതിയ ചില കഥകൾ മനസ്സിലുണ്ടെന്നും പഠനം കഴിഞ്ഞാൽ ഉടൻ പുതിയ സിനിമയ്ക്കായുള്ള ചർച്ചകൾ തുടങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റോയി അച്ചന്റെ സുഹൃത്തും വൈദികനുമായ ആന്റണിയുമായി ചേർന്നാണ് കഥ എഴുതിയത്. ചെറുപ്പം മുതൽതന്നെ കഥ എഴുതുമായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. അത് സെമിനാരിയിൽ ചേർന്നതിനുശേഷവും തുടർന്നു. കോളജ് മാഗസിനിൽ എഴുതിത്തുടങ്ങി, അതിനുശേഷം ജേർണലിസം പഠിക്കുകയും ചങ്ങനാശേരി മീഡിയ വില്ലേജിൽ എത്തപ്പെടുകയും ചെയ്തു. അവിടെനിന്നു സിനിമ പഠിച്ചതിനുശേഷം ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും ചെയ്തു. 2018 ൽ അദ്ദേഹം ചെയ്ത 'ദി ലാസ്റ്റ് ഡ്രോപ്' എന്ന ഹ്രസ്വചിത്രത്തിന് കൽക്കട്ട രാജ്യാന്തര ഫിലിം ഫെസ്റ്റിവലിൽ അവാർഡ് ലഭിച്ചു.

□

# ഈജിപ്ഷ്യൻ ജനതയുടെ ആത്മാവിഷ്കാരങ്ങൾ






പ്രഫ. ചാണ്ടി സഖറിയാസ്

**ക്ഷേ**ത്രങ്ങൾ ഒരു ജനതയുടെ ആത്മാവിഷ്കാരത്തിന്റെയും ആത്മപ്രകാശനത്തിന്റെയും പ്രതിഫലനമാണ്. ആകാശത്തിലേക്കു തലയുയർത്തിനില്ക്കുന്ന, തമിഴ്നാട്ടിലെ മധുര, തഞ്ചാവൂർ മുതലായ സ്ഥലങ്ങളിലെ ക്ഷേത്രങ്ങൾ തമിഴ്ജനതയുടെ അടങ്ങാത്ത വംശബോധത്തിന്റെയും ആർക്കും അടിയറവയ്ക്കാത്ത അഭിമാനബോധത്തിന്റെയും ആവിഷ്കാരങ്ങളാണ്. ഈജിപ്തിലെ ക്ഷേത്രങ്ങളെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്: “Temples were considered to be architectural expressions of the universe and the process of creation itself." സൃഷ്ടിയുടെയും പ്രപഞ്ചത്തിന്റെയും ശില്പകലയിൽക്കൂടിയുള്ള പ്രകാശനമായി ക്ഷേത്രങ്ങൾ പരിഗണിക്കപ്പെട്ടിരുന്നു. ഈജിപ്തിൽ ഫറവോ ദൈവമായിരുന്നു. പുരോഹിതരും ഫറവോയും മാത്രമേ ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചിരുന്നുള്ളൂ. വേറൊരു വിധത്തിൽ, സൃഷ്ടിയും പ്രപഞ്ചവും ദൈവവും അവർക്ക് ഒന്നായിരുന്നു.

ഭൂമിക്കടിയിൽ പൂർണമായി മറഞ്ഞുപോകേണ്ടിയിരുന്ന ഒരു വലിയ ക്ഷേത്രമായിരുന്നു അബുസിംബൽ. നൈൽനദിയിലെ പ്രസിദ്ധമായ അസ്വാൻ അണക്കെട്ടുമൂലം ഉണ്ടായ നാസർ തടാകത്തിൽ ക്ഷേത്രം പൂർണ്ണമായും മുങ്ങിപ്പോകുമായിരുന്നു. റാംസെസ് പണികഴിപ്പിച്ച ഇവിടത്തെ രണ്ടു ക്ഷേത്രങ്ങളുടെ ക്രോക്ക് ടെമ്പിൾസ് സമുച്ചയമാണിത്. ഒന്നിനു മുൻപിൽ 66 അടി വീതം ഉയരമുള്ള ഇരിക്കുന്ന രൂപത്തിലുള്ള അദ്ദേഹത്തിന്റെ നാലു കരിങ്കൽ പ്രതിമകൾ പാറയിൽ കൊത്തിവച്ചിരിക്കുന്നു. മറ്റു ക്ഷേത്രങ്ങളുടെ നിർമ്മാണശൈലിതന്നെ നമുക്ക് ഇവിടെയും കാണുവാൻ കഴിയും. യുനെസ്കോയുടെ നേതൃത്വത്തിൽ അൻപതിലേറെ രാജ്യങ്ങളിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് 1964 – 68 വരെ നീണ്ട ഒരു ഭീമൻ പദ്ധതിയിലൂടെ ഒരു ഇന്റർനാഷണൽ റെസ്ക്യൂ മിഷൻ ക്ഷേത്രങ്ങളെ വെട്ടിയെടുത്ത് 215 അടി ഉയർത്തി സ്ഥാപിച്ചു. ക്ഷേത്രങ്ങളെ ആയിരക്കണക്കിനു ചെറുകഷണങ്ങളാക്കി മുറിച്ചുമാറ്റി സ്ഥാപിക്കുകയായിരുന്നു. എൻജിനീയർമാരും ശാസ്ത്രജ്ഞന്മാരും ശില്പകലാവിദഗ്ധരും ഉൾപ്പെടുന്ന 1700 ആളുകൾ ചേർന്ന് നാലു വർഷം കൊണ്ട് അസാധ്യമായ ഈ ജോലി യാഥാർത്ഥ്യമാക്കുകയായിരുന്നു. പ്രവർത്തനത്തിനു മൊത്തം 36 മില്യൺ ഡോളർ ചെലവായി. മറ്റൊരു ചെറുക്ഷേത്രം അമേരിക്കയ്ക്ക് കെന്നഡിയുടെ കാലത്ത് പാരിതോഷികമായി കിട്ടുകയും അതുകൊണ്ടുവന്ന് ന്യൂയോർക്കിലെ സിംസോണിയൻ മ്യൂസിയത്തിൽ സ്ഥാപിക്കുകയും ചെയ്തു. ഒരു അമേരിക്കൻ പര്യടനത്തിനിടയിൽ ഇതു കാണുവാൻ എനിക്കവസരം ലഭിച്ചു.

**അനശ്വരനായ റാംസെസിന് രാജകീയസ്വീകരണം**

1881 ൽ രാജാക്കന്മാരുടെ താഴ്വരയിൽനിന്നു കണ്ടെടുത്ത റാംസെസിന്റെ മമ്മി കെയ്റോ മ്യൂസിയത്തിലേക്കു കൊണ്ടുവരുകയായിരുന്നു. അതു പിന്നീട് ഫ്രഞ്ച് ഡോക്ടറായ മൗറീസ് ബുക്കയിലി വിശദമായി പരിശോധിക്കുകയുണ്ടായി. 5 അടി 7 ഇഞ്ച് പൊക്കമുള്ളതും ഏതാനും പല്ലുകൾ നഷ്ടപ്പെട്ടതും ആർത്രൈറ്റിസ് രോഗം പിടിപെട്ടിരുന്നതുമായ ഒരാളിന്റെ ശവശരീരമാണിതെന്നു കണ്ടെത്തി. ഫ്രഞ്ചു പ്രസിഡന്റുതന്നെ മമ്മി പാരീസിലേക്കു കൊണ്ടുവന്ന് വേണ്ട ‘ട്രീറ്റ്മെന്റ്’ കൊടുക്കുവാൻ നിർദ്ദേശിച്ചു. അങ്ങനെ വിമാനയാത്ര നടത്തുന്ന ആദ്യത്തെ ഫറവോയെന്ന പേരും റാംസെസിനു കിട്ടി. റാംസെസിന്റെ മമ്മിക്ക് ഒരു രാഷ്ട്രത്തലവനു നല്കുന്നതുപോലുള്ള സമ്പൂർണ്ണസൈനികബഹുമതികളോടുകൂടിയ സ്വീകരണമാണ് പാരീസ് എയർപോർട്ടിൽ ഒരുക്കിയത്. മൃതദേഹം രണ്ടാമതും പോസ്റ്റുമോർട്ടം ചെയ്ത് വേണ്ട ‘ചികിത്സകൾ’ നടത്തി കെയ്റോയിലെ ഈജിപ്ഷ്യൻ മ്യൂസിയത്തിലേക്കുതന്നെ കൊണ്ടുപോയി.

**കലയും സംസ്കാരവും**

പല ചരിത്രകാരന്മാരും റാംസെസിന്റെ ഭരണകാലം കലയുടെയും സംസ്കാരത്തിന്റെയും സുവർണകാലഘട്ടമായി കണക്കാക്കിവരുന്നു. അദ്ദേഹം നിർമ്മിച്ച നൂറുകണക്കിന് വൻക്ഷേത്രങ്ങളും ശവക്കല്ലറസമുച്ചയങ്ങളും സ്മാരകങ്ങളും ഇത് എടുത്തുകാണിക്കുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രിയപ്പെട്ട ഭാര്യയും സുന്ദരിയും മഹാറാണിയുമായിരുന്ന തെഫെർതരിയുടെ സമലംകൃതമായ ശവകുടീരവും ചുറ്റുപാടുകളും മറ്റൊരു കലോപാസനയാണ്. ഇതിന്റെ മൂല്യം മനസ്സിലാക്കി ലോസ്ആഞ്ചലസിലെ ഗെറ്റി മ്യൂസിയം ഇതു പുനരുദ്ധരിച്ചു. യുവതിയായിരുന്നപ്പോൾ മരണമടഞ്ഞ ആ രാജ്ഞിയോടു ഫറവോയ്ക്ക് അതിരറ്റ സ്നേഹമുണ്ടായിരുന്നു. ശവകുടീരത്തിലും അനുബന്ധകെട്ടിടങ്ങളിലും ഭിത്തികളിലും ഉണ്ടായിരുന്നത് അതിമനോഹര പെയിന്റിംഗുകളായിരുന്നു. നേരത്തേ സൂചിപ്പിച്ചിരുന്നതുപോലെ രാജ്യമെമ്പാടും പണിതുയർത്തിയ കെട്ടിടങ്ങളിലും ക്ഷേത്രങ്ങളിലും അദ്ദേഹത്തിന്റെ തലസ്ഥാനനഗരിയിലും ഫറവോന്റെ നേട്ടങ്ങളും സവിശേഷനേട്ടങ്ങളും മഹത്ത്വങ്ങളും കല്ലിൽ ആഴത്തിൽ പൊഴിച്ചെഴുതിയിരുന്നു. എല്ലാ നിർമ്മിതികളും ഇവയുടെ അസാമാന്യമായ വലുപ്പവും പ്രൗഢഗാംഭീര്യവും ലാളിത്യവും ഗുണമേന്മയും കൊണ്ട് ശ്രദ്ധേയമായിരുന്നു.

**ഷെല്ലി കണ്ട റാംസെസ്**

പ്രസിദ്ധ ആംഗ്ലേയ കവി ഷെല്ലി റാംസെസിനെപ്പറ്റി എഴുതിയ കവിതയാണ് ഒസിമാൻഡിയാസ്. ഒസിമാൻഡിയാസ് എന്നത് റാംസെസ് രണ്ടാമന്റെ ഗ്രീക്കിലുള്ള പേരാണ്. പുരാതനതലസ്ഥാനമായിരുന്ന മെംഫിസിൽ ഇപ്പോഴും തകർന്നുകിടക്കുന്ന 17 മീ. നീളവും 1000 ടൺ ഭാരവുമുണ്ടായിരുന്ന റാംസെസിന്റെ ഒരു കൂറ്റൻ പ്രതിമയാണ് ഷെല്ലിക്ക് ഇങ്ങനെയൊരു കവിതയെഴുതുവാൻ പ്രചോദനം നല്കിയതെന്നു കരുതുന്നു. ആരും അമർത്ത്യരല്ല, സർവ്വതും ഒരിക്കൽ നശിക്കും എന്നുള്ള സാർവ്വലൗകികതത്ത്വമാണ് ഷെല്ലി കവിതയിൽക്കൂടി വ്യക്തമാക്കുന്നത്. മറ്റൊരു ഇംഗ്ലീഷ് കവിയായ കോൾറിഡ്ജ് കുബ്ളാഖാനെപ്പറ്റി അതേ പേരിലെഴുതിയ അനശ്വരകവിതയും ഷെല്ലിയുടെ കവിതയും ഒരുപക്ഷേ, ചരിത്രത്തിലെ കോളോസോസുകളെപ്പറ്റി(ഭീമന്മാർ)യുള്ള ആസ്വാദ്യങ്ങളായ അനുസ്മരണങ്ങളായിരിക്കാം.

ഷെല്ലിതന്നെ റാംസെസിനെപ്പറ്റിയുള്ള ഒരു ശിലാലിഖിതം പരാവർത്തനം ചെയ്തിട്ടുണ്ട്.

‘King of kings am I, Ozymandias of anyone would know how great I am and where I lie, let him surpass one of my works’

തന്റെതന്നെ അതുല്യതയും അപ്രമാദിത്വവും തന്റെ സൃഷ്ടികളിൽക്കൂടി മനസ്സിലാക്കട്ടെ എന്ന സന്ദേശമാണിതിലുള്ളത്. റാംസെസിനെപ്പറ്റി അനേകം കവിതകളും നോവലുകളും ചലച്ചിത്രങ്ങളും ഉണ്ടായിട്ടുണ്ട്.

മൂവായിരത്തിൽപ്പരം വർഷങ്ങൾക്കുമുമ്പ് അദ്ദേഹം കരിങ്കല്ലിൽതീർത്ത ക്ലാസ്സിക്കുകൾ ക്ഷേത്രങ്ങളായും ശവകുടീരങ്ങളായും ഒറ്റക്കൽ സ്തംഭങ്ങളായും ഇന്നും ഈജിപ്തിൽ തലയുയർത്തി നില്ക്കുന്നു. ഇതിലെല്ലാം അദ്ദേഹത്തിന്റെ ചരിത്രവും നേട്ടങ്ങളും രാജ്യത്തിന്റെ പ്രതാപൈശ്വര്യങ്ങളും ഇന്നും കാണാവുന്ന രീതിയിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. താരതമ്യങ്ങളില്ലാതെ ഈജിപ്തിലെ ഫറവോമാർക്കിടയിൽ അദ്ദേഹം തലയുയർത്തി നില്ക്കുന്നു. ചരിത്രത്തിന്റെ ഏറ്റവും വിലയേറിയതും പുരാതനവുമായ ബാക്കിപത്രമായി അദ്ദേഹത്തിന്റെ നിർമ്മിതികൾ എന്നും നിലനില്ക്കും. പിൻതലമുറക്കാർ അദ്ദേഹത്തെ മഹാനായ പിതാമഹൻ എന്നുവിളിച്ചു. (തുടരും)



പാട്ടിന്റെ പാലാഴി – 66

ലാക്കാട്ടൂർ പൊന്നപ്പൻ

## പട്ടണം സുബ്രഹ്മണ്യയ്യർ

### സംഗീതാചാര്യന്മാർ

കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധഗായകനും സംഗീതത്രിമൂർത്തികളുടെ കാലത്തിനുശേഷമുണ്ടായ വാഗ്ഗേയകാരന്മാരിൽ അഗ്രേസരനുമായിരുന്നു പട്ടണം സുബ്രഹ്മണ്യയ്യർ. ഇദ്ദേഹം മാനമ്പുചാവടി വെങ്കടസുബ്ബയ്യരുടെ ശിഷ്യനായിരുന്നു. മഹാവൈദ്യനാഥയ്യരുടെ സമകാലികനായിരുന്നു. ഭാരതം വൈദ്യനാഥയ്യരായിരുന്നു ഇദ്ദേഹത്തിന്റെ പിതാവ്. അമ്മാവനായിരുന്ന മേലാറ്റൂർ ഗണപതി ശാസ്ത്രിയിൽനിന്ന് സംഗീതത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിച്ചു. ത്യാഗരാജകൃതികൾ തന്മയത്വത്തോടെ പാടുന്നതിനും പല്ലവികൾ പാടുന്നതിനും അതീവസമർത്ഥനായിരുന്നു. സിംഹനന്ദനം എന്നൊരു അപൂർവ്വതാളത്തിൽ ഇദ്ദേഹം ഒരു സദസ്സിൽ പാടിയതായി പറയപ്പെടുന്നു.

തിരുവയ്യാറിൽ കുറച്ചുകാലം താമസിച്ചതിനുശേഷം ഇദ്ദേഹം ചെന്നൈ പട്ടണത്തിൽ സ്ഥിരതാമസമാക്കി. അതിനാലാണ് പട്ടണം സുബ്രഹ്മണ്യയ്യർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ബേഗഡ രാഗത്തിലുള്ള അസാമാന്യപ്രാവീണ്യം നിമിത്തം ഇദ്ദേഹത്തെ ‘ബേഗഡസുബ്രഹ്മണ്യയ്യർ’ എന്നും വിളിച്ചിരുന്നു. ത്യാഗരാജസ്വാമികളുടെ ശൈലി പിന്തുടർന്നതിനാൽ ഏറെപ്പേർ ഇദ്ദേഹത്തെ ‘ചിന്നത്യാഗരാജ’ എന്നും വിളിച്ചിരുന്നു.

വെങ്കടേശ്വര എന്ന മുദ്രയോടുകൂടി അനേകം കൃതികൾ, വർണങ്ങൾ, ജാവലികൾ, തില്ലാനകൾ എന്നിവ സംസ്കൃതം, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലായി ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയെല്ലാം അത്യന്തം രാഗഭാവം നിറഞ്ഞതും മനോഹരമായ സംഗതികൾ നിറഞ്ഞവയുമായിരുന്നു. കദനകുതൂഹലം എന്ന രാഗം ഇദ്ദേഹം സൃഷ്ടിച്ചതാണ്. ഈ രാഗത്തിലുള്ള ‘രഘുവംശസുധാം’ എന്ന കൃതിയും ‘ഏരാനാപൈ’ എന്ന തോഡിരാഗവർണവും, വലച്ചവച്ചി എന്ന നവരാഗമാലികാവർണ്ണവും സംഗീതലോകത്ത് ഇദ്ദേഹത്തിന്റെ യശസ്സ് ശാശ്വതമാക്കുന്നു. ഒരു ഫലിതപ്രിയനായിരുന്ന ഇദ്ദേഹം ഒരതിഥി പറഞ്ഞതനുസരിച്ച്, മൂക്കുപ്പൊടി വാങ്ങാൻ പോയിട്ട് അതു ലഭിക്കാഞ്ഞതിനാൽ തോടിരാഗത്തിൽ ‘ധൂമപത്രധൂളി’ എന്നൊരു ഗാനം രചിച്ചുപാടിയത് പ്രസിദ്ധമാണ്.

രാമനാട് ശ്രീനിവാസ അയ്യങ്കാർ, സി.എസ്. കൃഷ്ണസ്വാമി അയ്യങ്കാർ, മൈസൂർ വരദാചാർ, ടൈഗർ വരദാചാരി എന്നീ പ്രസിദ്ധർ ഇദ്ദേഹത്തിന്റെ അരുമശിഷ്യന്മാരായിരുന്നു. ഇന്ന് നമ്മൾ കേൾക്കുന്ന കച്ചേരികളിൽ ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതികൾ ധാരാളം പാടിവരുന്നു. പഞ്ചനദീശ (പൂർണ്ണചന്ദ്രികരാഗം), പരിതാനമിച്ചിതേ (ബിലഹരിരാഗം), വരമുരലസഗി(കീരവാണിരാഗം), മരിവെരെ ദിക്കവരയ്യ (ഷൺമുഖപ്രിയരാഗം), എന്തനേർച്ചിന (സാവേരി), മനവിചെക്കോരവയ്യ(സരസാംഗി) അപരാധമുലനിയു(ലതാംഗി) ഇതൊക്കെ അതിൽ ചിലതുമാത്രം. 1902 ജൂലായ് 31-ാം തീയതി പട്ടണം സുബ്രഹ്മണ്യയ്യർ അന്തരിച്ചു.

# സമരം വിതച്ചു മരണം കൊയ്യരുത്






ഡോ. കുര്യാസ് കുമ്പളക്കുഴി

ലോകത്തിനു മേൽ കൊവിഡ് മഹാമാരി പെയ്തിറങ്ങിയിട്ട് പത്തുമാസം പിന്നിട്ടിരിക്കുന്നു. ഇപ്പോഴും അതു ശമനമില്ലാതെ തുടരുകയാണ്.

ഇതെഴുതുമ്പോൾ ലഭിക്കുന്ന കണക്കനുസരിച്ച്, നാലരക്കോടിയിലധികം പേരെ (4,66,29,894) അതു ബാധിച്ചുകഴിഞ്ഞിരിക്കുന്നു. പന്ത്രണ്ടു ലക്ഷത്തിലധികമാണു (12,30,181) മരണസംഖ്യ. മൂന്നരക്കോടിയിൽ താഴെ (3,36,14,710) രോഗബാധിതർ രോഗവിമുക്തി നേടിയിട്ടുമുണ്ട്.

ഇന്ത്യയിലെ അവസ്ഥയും ഒട്ടും സന്തോഷകരമല്ല. രോഗബാധിതരുടെ എണ്ണം (82,15,628) ഒരുകോടിയെത്താൻ ഏതാനും ദിവസങ്ങൾകൂടി മതിയാകും എന്നുതോന്നുന്നു. എങ്കിലും രോഗമുക്തിനിരക്ക് (91.18%) ആശ്വാസം പകരുന്നുണ്ട്. മരണമാകട്ടെ വളരെക്കുറവ് (1,22,481) ആണുതാനും.

കേരളത്തിലെ സ്ഥിതി ഒട്ടൊക്കെ ഉത്കണ്ഠാജനകമാണെന്നു പറയാം. ഇതു നമ്മുടെ സാമൂഹികസാംസ്കാരികപ്രബുദ്ധതയെ പരിഹസിക്കുന്ന അനുഭവമാണ്. ഇത്ര പ്രബുദ്ധരായ ഒരു ജനസമൂഹത്തിനിടയിൽ കൊറോണാവൈറസ് ബാധ ഇത്ര രൂക്ഷമായതെങ്ങനെയെന്ന് ആരും ആശ്ചര്യപ്പെട്ടുപോകും.

കൊറോണ വൈറസ് ഇന്ത്യയിലെത്തിച്ചതു മൂന്നു മലയാളി വിദ്യാർത്ഥികളാണെന്ന കുറ്റബോധവും നമുക്കുണ്ടായിരിക്കേണ്ടതാണ്. അതു ജനുവരി 30 നായിരുന്നു. വുഹാൻ സർവകലാശാലയിൽനിന്നു കേരളത്തിലേക്കു മടങ്ങിയെത്തിയ അവരിലൂടെയാണ് കൊറോണ ഇന്ത്യൻ മണ്ണിൽ ആദ്യമായി ഇടംനേടിയത്. ഒന്നും ബോധപൂർവ്വമല്ല. അവരിലൂടെയല്ലെങ്കിൽ മറ്റു ചിലരിലൂടെ രോഗം ഇവിടെയെത്തുകതന്നെ ചെയ്യുമായിരുന്നു.

കേരളം ഉടൻ തന്നെ വേണ്ട കരുതലെടുത്തു. അവരിൽനിന്ന് ആർക്കെങ്കിലും രോഗം പകർന്നതായി അറിവില്ല. പക്ഷേ, അതിനെത്തുടർന്ന് വിദേശത്തുനിന്നെത്തിയ ചിലരിലൂടെ കാസർഗോഡും കണ്ണൂരുമൊക്കെ കൊവിഡ് പടർന്നുതുടങ്ങി. അതോടെ കേരളം ഉത്കണ്ഠയിലായി.

ഫെബ്രുവരിയും കഴിഞ്ഞു മാർച്ച് പകുതിയായപ്പോഴേക്കും ഇന്ത്യയിൽ കൊറോണയുടെ പിടിമുറുകിത്തുടങ്ങി. മാർച്ച് 22 ഞായറാഴ്ച രാവിലെ ഏഴു മുതൽ രാത്രി ഒമ്പതുവരെ 14 മണിക്കൂർ ജനതാ കർഫ്യൂ പ്രഖ്യാപിച്ചുകൊണ്ടാണ് ഇന്ത്യ കൊവിഡിനെതിരെയുള്ള പോരാട്ടത്തിനു തുടക്കം കുറിച്ചത്. മാർച്ച് 24 മുതൽ 21 ദിവസത്തെ ദേശീയ ലോക്ഡൗണായിരുന്നു അടുത്ത നടപടി. അതു മേയ് മൂന്നുവരെ വീണ്ടും ദീർഘിപ്പിച്ചു.

മേയ് മൂന്നു മുതൽ 17 വരെയും തുടർന്ന് മേയ് 31 വരെയും ഇളവുകളോടുകൂടിയ ലോക്ഡൗൺ. ജൂൺ ഒന്നുമുതൽ അൺലോക് പ്രക്രിയ ആരംഭിച്ചു. അതു കൂടുതൽ ഇളവുകളോടെ തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇതിനു പുറമേ കേരളം സ്വന്തമായ നിലയിൽ കൊവിഡ് പ്രതിരോധനടപടികൾ സ്വീകരിച്ചുകൊണ്ടിരുന്നു. മാർച്ച് 23 നുതന്നെ നമ്മൾ കാസർഗോഡു ജില്ലയിൽ സമ്പൂർണലോക്ഡൗൺ പ്രഖ്യാപിച്ചിരുന്നു. കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചും പ്രാദേശികതലത്തിൽ ക്ലസ്റ്ററുകൾ രൂപപ്പെടുത്തിയും കൊറോണവ്യാപനം തടയാൻ നമ്മൾ തീവ്രശ്രമം നടത്തി.

ഇതു വിജയം കണ്ടു. ജൂലൈവരെ കേരളത്തിന്റെ കൊവിഡ് പ്രതിരോധനടപടികൾ ലോകത്തിനുതന്നെ മാതൃകയായി നിലകൊണ്ടു. ജൂലൈ ആദ്യവാരംമുതൽ കാറ്റുമാറി വീശാൻ തുടങ്ങി.

ജൂലൈ രണ്ടിന് അന്യസംസ്ഥാനത്തൊഴിലാളികളുടെ ആദ്യബാച്ച് തീവണ്ടിമാർഗം ഉത്തരേന്ത്യയിലേക്കു മടങ്ങി. അതു പിന്നെ തുടർന്നു. അന്നു മടങ്ങിപ്പോയവർക്കൊന്നും കൊവിഡ് ഉണ്ടായിരുന്നില്ല. പക്ഷേ, പിന്നീട് അവർ മടങ്ങിവരാൻ തുടങ്ങി. വന്നവരൊക്കെ കൊവിഡുമായിട്ടാണു വന്നത്.

വിദേശമലയാളികളുടെ ആദ്യ ബാച്ച് കപ്പൽമാർഗം കൊച്ചിയിലെത്തിയത് ജൂലൈ അഞ്ചിനാണ്. പിന്നീട് വിമാനത്തിലും കപ്പലിലുമായി ലക്ഷക്കണക്കിനു മലയാളികൾ നാട്ടിലെത്തി. ഇവരിൽ ഒട്ടേറെ പേർക്കു കൊവിഡ്ബാധയുണ്ടായിരുന്നു.

ഇതിനിടെ പച്ചക്കറി, പഴം, മത്സ്യം മുതലായവയോടൊപ്പം അയൽസംസ്ഥാനങ്ങളിൽനിന്നു കൊവിഡും കേരളത്തിലേക്കെത്തി. ചെക്കുപോസ്റ്റുകൾവഴിയല്ലാതെ അനധികൃതമായി കേരളാതിർത്തി കടന്നെത്തിയ തൊഴിലാളികളും നല്ലൊരുഭാഗം പേർ കൊവിഡും കൂടെക്കൊണ്ടുവന്നിരുന്നു.

ഇതോടെ മട്ടുമാറി. ജൂലൈ പത്തായപ്പോഴേക്കും, വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിയവരെക്കാൾ കൂടുതൽ പേർക്കു സമ്പർക്കത്തിലൂടെ രോഗബാധ രേഖപ്പെടുത്തി. സമൂഹവ്യാപനത്തിന്റെ സൂചനയാണ് അതുവഴി നമുക്കു ലഭിച്ചത്.

അങ്ങനെതന്നെ സംഭവിച്ചു. ജൂലൈ 17 ന്, തിരുവനന്തപുരം പൂന്തുറയിലും പെരുമാതുറയിലും സമൂഹവ്യാപനമുണ്ടായെന്നു മുഖ്യമന്ത്രിതന്നെ വെളിപ്പെടുത്തി. അതു പിന്നെ മറ്റു പലയിടങ്ങളിലേക്കും വ്യാപിച്ചു. അവിടെയൊക്കെ കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചു. രോഗബാധ തടഞ്ഞുനിർത്താൻ സർക്കാർ തീവ്രപരിശ്രമം തുടർന്നു.

ഇതിനിടയിലാണ് ജൂലൈ അഞ്ചിനു തിരുവനന്തപുരം വിമാനത്താവളത്തിൽ, യുഎഇയിൽനിന്നെത്തിയ ഡിപ്ളോമാറ്റിക് ബാഗേജിൽ 30 കിലോ സ്വർണം അനധികൃതമായി കടത്തിയതു പിടികൂടിയത്. അതിലെ കക്ഷികളുമായി മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം. ശിവശങ്കറിനു സൗഹൃദമുണ്ടായിരുന്നു എന്നു വന്നതോടെ അദ്ദേഹത്തെ പുറത്താക്കി. ജൂലൈ 16 നു സർവീസിൽനിന്നു സസ്പെൻഡ് ചെയ്തു.

ഇതോടെ കേരളത്തിലെ രാഷ്ട്രീയാന്തരീക്ഷം കലുഷിതമായി. പ്രതിപക്ഷകക്ഷികളായ കോൺഗ്രസും ബി.ജെ.പി.യും കൊവിഡ് ബാധ വകവയ്ക്കാതെ തെരുവിലിറങ്ങി. അതു പൊലീസുമായുള്ള ഏറ്റുമുട്ടലിൽ കലാശിച്ചു പലയിടത്തും. ജലപീരങ്കി പ്രയോഗിക്കലും ലാത്തിച്ചാർജും നടന്നു.

നിയന്ത്രണമില്ലാത്ത പ്രക്ഷോഭപരിപാടികൾ കൊവിഡ് വ്യാപനം ത്വരിതപ്പെടുത്തി. രോഗബാധിതരുടെ എണ്ണം കുതിച്ചുയർന്നു. മരണസംഖ്യയും വർധിച്ചു. കാര്യം പിടിവിട്ടുപോയെന്നു സർക്കാരും സമ്മതിച്ചു.

ജൂലൈ 15 നു കേരളാ ഹൈക്കോടതിയിൽനിന്നൊരു വിധിയുണ്ടായി, കൊവിഡുകാലത്തു സമരം പാടില്ലെന്ന്. ഇതുറപ്പാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നും കോടതി ഓർമ്മിപ്പിച്ചു.

എന്തുഫലം? ആരുകേൾക്കാൻ? സമരം പിന്നെയും തുടർന്നു. ക്രമസമാധാനപാലനത്തിൽ പൊലീസിന് ഏറെ ശ്രദ്ധ വയ്ക്കേണ്ടിവന്നപ്പോൾ അവർ കൊവിഡ് കാര്യത്തിൽ പുലർത്തിപ്പോന്ന ജാഗ്രതയിൽ കുറവു വന്നു. സർക്കാരിന്റെ കൊവിഡ് പ്രതിരോധയത്നങ്ങളുടെ താളം തെറ്റി. അധികൃതർ നിസ്സഹായരായി. ജനങ്ങൾ രാഷ്ട്രീയക്കാരെ മനസാ ശപിച്ചിട്ടുണ്ടാവും.

ഈ സമരങ്ങളൊന്നും പക്ഷേ, ഉദ്ദേശ്യശുദ്ധിയുള്ളവയായിരുന്നില്ല. ജനാധിപത്യസംവിധാനത്തിൽ ജനകീയസമരങ്ങൾ അനിവാര്യമാണ്. ഭരണകൂടത്തിന്റെ തെറ്റായ നടപടികൾക്കെതിരേയുള്ള ജനങ്ങൾക്കുള്ള പ്രതിഷേധമറിയിക്കാൻ കണ്ടെത്തുന്ന ജനകീയനടപടിയാണിത്. അവയ്ക്കും ഉദ്ദേശ്യശുദ്ധിയുണ്ടായിരിക്കണം. ജനങ്ങളുടെ സുരക്ഷയെ ബാധിക്കുമ്പോളാണ് സമരങ്ങളുടെ ഉദ്ദേശ്യശുദ്ധി നഷ്ടപ്പെടുന്നത്. കേരളത്തിൽ സംഭവിച്ചതും അതുതന്നെയാണ്.

കൊറോണയ്ക്കു മരുന്നോ വാക്സിനോ കണ്ടെത്താൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. അതിനെ പ്രതിരോധിക്കാനുള്ള ഏക ആയുധം സാമൂഹികാകലം പാലിക്കൽ മാത്രമാണ്. പ്രധാനമന്ത്രി ഇതിനെ വിശേഷിപ്പിച്ചത് 'രാമബാണം' എന്നാണ്. ലക്ഷ്യം പിഴയ്ക്കാത്ത അമ്പാണ് രാമബാണം. സാമൂഹികാകലം കൃത്യമായി പാലിച്ചാൽ കൊറോണ വൈറസിനു നമ്മിലേക്കു പ്രവേശിക്കാൻ കഴിയില്ല.

ഈ ഏക രക്ഷോപായമാണ് സമരക്കാർ തകർത്തുകളഞ്ഞത്. അങ്ങനെ സമരം ജനദ്രോഹനടപടിയായി കലാശിച്ചു. വാസ്തവത്തിൽ എന്തിനായിരുന്നു സമരം? സർക്കാരിന്റെ തെറ്റായ നടപടികൾക്കെതിരേ എന്നാവും ഉത്തരം. ഒന്നുകൂടി ആലോചിച്ചാൽ, അതിനുപിറകിൽ വെറും രാഷ്ട്രീയമേ ഉണ്ടായിരുന്നുള്ളൂ എന്നു തിരിച്ചറിയാൻ ബുദ്ധിമുട്ടില്ല. ഇവിടെ ഭരണത്തുടർച്ച ഉണ്ടായേക്കുമോ എന്ന ഭയം. അതാണു സമരത്തിനു പിന്നിലെ രാഷ്ട്രീയം. അപ്പോൾ സമരക്കാർ ജനങ്ങളെ മറന്നു.

കൊവിഡ് പ്രോട്ടോക്കോൾ ലംഘിച്ചും ഞങ്ങൾ സമരം നടത്തുമെന്ന് ഒരു ലോക്സഭാമെമ്പർ പ്രഖ്യാപിക്കുന്നതുകേട്ടപ്പോൾ ലജ്ജ തോന്നിപ്പോയി. ഇത്രയ്ക്കു നഷ്ടമായിപ്പോയോ നമ്മുടെ പൗരബോധമെന്ന്. സമരം ചെയ്യണം, സാഹസം ചെയ്യണം. പക്ഷേ, ഒരു മാരക വൈറസ് ബാധ ജനസുരക്ഷയ്ക്കുമേൽ ഡമോക്ലീസിന്റെ വാളുപോലെ തൂങ്ങിയാടുമ്പോൾ അതു പാടില്ല എന്നേയുള്ളൂ.

ഒരനുഭവം പറയാം: ഒരു ഗ്രാമപഞ്ചായത്തു വാർഡിൽ ഇരുപതിലധികം പേർക്കു കൊറോണബാധ. പെട്ടെന്നുതന്നെ സർക്കാർ പ്രതിരോധനടപടികൾ സ്വീകരിച്ചു. വാർഡിലേക്കുള്ള എല്ലാ റോഡുകളും അടച്ചു. ഒരു റോഡിൽ മാത്രം ബാരിക്കേഡ് സ്ഥാപിച്ച് പോലീസ് കാവൽ നിന്നു. ആർക്കും അകത്തേക്കു പ്രവേശനമില്ല. ലാഘവബുദ്ധിയോടെ പുറത്തുപോകാനും പാടില്ല.

ജനങ്ങൾക്കു കുറച്ചു ബുദ്ധിമുട്ടുണ്ടായി. എങ്കിലും സഹിച്ചേ പറ്റൂ. അതു ജനനന്മയ്ക്കു വേണ്ടിയാണ്. അതിനു ഫലവുമുണ്ടായി. രണ്ടാഴ്ചയ്ക്കുള്ളിൽ രോഗബാധ അപ്രത്യക്ഷമായി. പുതിയതായി ഒരാൾക്കുപോലും രോഗം പകർന്നതുമില്ല. അധികാരികൾ കരുതലെടുത്തു; ജനങ്ങൾ സഹകരിച്ചു.

ഈ വസ്തുതയാണ് നമ്മുടെ രാഷ്ട്രീയക്കാർ മറന്നുപോയത്. ജോർജ് തോമസിന്റെ ഒരു കവിത ഇങ്ങനെ:

സമരം വിതച്ചു മരണം കൊയ്യരുത്.

മരുന്നില്ലാത്ത രോഗത്തിന്റെ മടയിൽ തല വയ്ക്കരുത്.

വികാരം വിവേകത്തെ വിഴുങ്ങരുത്.

■



# ക്രിയാത്മകതയുടെ വെളിപാടുകൾ



സി. മേരി ജയിൻ എസ്.ഡി.

**ക്രി**സ്തു നമ്മുടെ അസ്തിത്വത്തിലേക്ക് പുതിയ ഒന്നിനെ കൊണ്ടുവരുന്നുണ്ട്. അതിന്റെ പേരാണ് ക്രിയാത്മകത. മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചവന്റെ സൃഷ്ടിപരത പ്രപഞ്ചത്തിൽ നിറഞ്ഞുനില്ക്കുന്നു. ദൈവികാർദ്രതയുടെ ദൃശ്യരൂപമായി ക്രിസ്തു ഭൂമിയിലേക്കു വന്നു. ക്രിസ്തുവിനോളം സർഗ്ഗശേഷിയുള്ള മറ്റൊരാൾ ഇല്ല. ദൈവികപ്രവൃത്തിയുടെ പ്രതിഫലനമാണവൻ.

ഓരോ നിമിഷവും ക്രിസ്തു എത്ര കർമ്മനിരതനാണ്. അവന് പതിവുശീലങ്ങളില്ല. പരിവർത്തനത്തിന്റെ പാതയേ ഉള്ളൂ. ഇന്നലെ പറഞ്ഞതും ചെയ്തതും ഇന്നു പറയാറില്ല. ഇന്നലെ 5 അപ്പം വർദ്ധിപ്പിച്ചെങ്കിൽ നാളെ ശിഷ്യന്മാരെ വിശ്വാസക്കുറവിനു ശാസിക്കുന്നു. ഇന്നൊരു ശിശുവിനെ തോളിലേറ്റിയെങ്കിൽ നാളെ ഒരു പരസ്യപാപിനിയുടെ ചൂടുള്ള മുത്തം സ്വീകരിക്കുന്നു. ഇന്നു കടപ്പുറത്തെങ്കിൽ നാളെ മലമുകളിൽ. എവിടെയുണ്ടാകുമെന്ന് ആർക്കും നിരൂപിക്കാനാവില്ല. അടുത്ത നിമിഷം അവൻ എന്തുചെയ്യുമെന്ന് ആർക്കും അറിഞ്ഞുകൂടാ.

ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്ക് വന്നതുപോലെ മടങ്ങാനാവില്ല. അവരിൽ ഒരു മാറ്റം സംഭവിച്ചിരിക്കും. അവന്റെ സൗന്ദര്യവും ക്രിയാത്മകതയും നമുക്കു ജീവനുണർത്തുന്നില്ലേ? നമ്മുടെ ജീവിതത്തിന് അർത്ഥം നല്കുന്നില്ലേ? അവനിലൂടെ ദൈവികരഹസ്യങ്ങൾ അനാവരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

നമുക്കു സർഗ്ഗശേഷിയുണ്ടോ? അനുഗൃഹീതജീവിതത്തിൽ നമ്മുടെ കർമ്മവീര്യം എങ്ങനെ? ഒരു കലാകാരൻ ഒരു സൃഷ്ടിക്കുവേണ്ടി ഒരുപാടു വേദന സഹിക്കുന്നുണ്ട്. അവന്റെ ഭാവന, ഉൾക്കാഴ്ച, സംയമനം, ചിന്ത എല്ലാം ചിതറാതെ സൂക്ഷ്മതയോടെ, മറ്റുകാര്യങ്ങളിൽനിന്നെല്ലാം തത്ക്കാലം വിട്ടുനിന്ന് അതു പൂർത്തിയാക്കുന്നു.

അതിനേക്കാൾ ഗൗരവമുള്ള കാര്യമാണ് ക്രൈസ്തവന്റെ ക്രിയാത്മകത. ക്രിയാത്മകത നല്കുന്നത് സന്തോഷവും സന്തുഷ്ടിയും മാത്രമല്ല, വേദനയും സഹനവും അതിന്റെ പരിപോഷകഘടകമാണ്. ആർദ്രഹൃദയനായ ക്രിസ്തുവിന്റെ സവിശേഷതയാണ് ക്രിയാത്മകത. ക്രിസ്തുശിഷ്യന്മാർ ആ ക്രിയാത്മകതയിൽ ബോധപൂർവ്വം സഹകാരികൾ ആകണം.

ദൈവികാർദ്രതയുടെ രൂപഭാവങ്ങളാണ് ജീവിതത്തിന്റെ ചുറ്റുപാടുകളിൽ നാം സൃഷ്ടിക്കേണ്ടത്. ദൈവികശക്തി നമ്മിൽ പ്രകടമാകുമ്പോൾ അത് സത്യവും സുന്ദരവുമാകുന്നു. ദൈവം ബുദ്ധിയിലൂടെ പ്രകാശിക്കുമ്പോൾ സത്യമായും, ഹൃദയത്തിലൂടെ പ്രകാശിക്കുമ്പോൾ സൗന്ദര്യമായും, കർമ്മത്തിലൂടെ പ്രകാശിക്കുമ്പോൾ നന്മയായും അനുഭവപ്പെടുന്നു.

ബുദ്ധികൊണ്ടും ഹൃദയംകൊണ്ടും കർമ്മംകൊണ്ടും നാം ക്രിസ്തുവിന്റെ ക്രിയാത്മകതയിൽ പങ്കുചേരണം. മൂന്നും സന്തുലിതമായിരിക്കണം. മനുഷ്യജന്മത്തിന്റെ ഏറ്റവും അമൂല്യമായ കാലഘട്ടമാണ് യുവത്വത്തിന്റേത്. യുവത്വത്തെ എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ് അതിന്റെ മൂല്യം നിശ്ചയിക്കുക.

ക്രിയാത്മകമായ ക്രൈസ്തവജീവിതത്തിൽനിന്ന് കഴിയുന്നതും അകന്നുനില്ക്കാനും എതിർത്തുനില്ക്കാനും മൂല്യങ്ങൾ എല്ലാം തട്ടിത്തെറിപ്പിക്കാനുമുള്ള പ്രേരണ പുറംലോകം നമുക്ക് സമ്മാനിക്കുന്നുണ്ട്. ഇതറിയാതെപോകരുത്. സാത്താൻസേവകരായ ജനസേവകരുണ്ട്, സമ്പന്നന്മാരുണ്ട്, നീതിന്യായം വാദിക്കുന്ന വക്കീലന്മാരുണ്ട്, കൂലി ചാനൽപണിക്കാരുണ്ട്. ഇവരിൽത്തന്നെ ജ്ഞാനസ്നാനജലം ശിരസ്സിൽ വീണവരും മതപഠനക്ലാസ്സുകളിൽ ഒരുപക്ഷേ റാങ്കുവാങ്ങിയവരുമുണ്ട്. അവരൊക്കെത്തന്നെയാണ് ക്രൈസ്തവസമൂഹത്തിന്റെ സർഗ്ഗശേഷി തകർത്തുകൊണ്ടിരിക്കുന്നത്.

ക്രിസ്തുവിന്റെ ക്രിയാത്മകതയിൽ പങ്കുചേരുന്നതിന് കുറച്ചു പ്രയാസമുണ്ട്. കാരണം, ക്രിസ്തു അല്ലാത്തതിനെക്കൊണ്ട് ഹൃദയം കുത്തിനിറയ്ക്കുമ്പോൾ എങ്ങനെയാണ് ക്രിസ്തുവിന് അവിടെ പ്രവേശിക്കാനാവുന്നത്? ക്രിസ്തുവിന്റെ ക്രിയാത്മകത ആത്മസത്തയുടെ പ്രകാശനമായിരുന്നു.

ചിന്താമാലിന്യങ്ങൾ അന്തരീക്ഷത്തെ ഒട്ടാകെ ബാധിക്കും. ഇവിടെ നിലനില്ക്കുന്ന ആത്മീയോർജ്ജം പ്രവഹിക്കാതാകും. കാരണം, ഉറച്ച വിശ്വാസവും ദർശനവുമില്ലാത്ത മനുഷ്യൻ തിന്മചെയ്യാൻ പ്രലോഭിതനാകും. ചെറിയ അജഗണം പിടിച്ചുനില്ക്കും.

ക്രിയാത്മകജീവിതം അത്ര സുഖിപ്പിക്കുന്നതൊന്നുമല്ല. ക്രിസ്തുവിന്റെ അനുഭവംതന്നെ എടുക്കാം. ക്രിയാത്മകതയും സൗന്ദര്യബോധവും സന്തോഷവും മാത്രമല്ല, സഹനവും വേദനയും അവനു നല്കി. ചുറ്റുമുള്ളവർ നല്കിയതാണ്. അപ്പോഴും മനുഷ്യജീവിതത്തിന്റെ ദുരവസ്ഥയിലേക്കു സ്വയംമറന്ന് എടുത്തുചാടി.

ഇക്കാലത്ത് ഒരുപാടു സഹിക്കാനും പൊറുക്കാനുമുണ്ട്. പ്രതികരണശേഷി ഇല്ലാത്തതുകൊണ്ടല്ല. ക്രിസ്ത്യാനികളുടെ ഉള്ളിലൂടെ ഒഴുകുന്നത് ക്രിസ്തുവിന്റെ ഊർജ്ജമാണ്. ആ ഊർജ്ജം വെറുതെ പാഴാക്കാനുള്ളതല്ല.

സ്നേഹം അത്യുന്നതശക്തിയാണ്. ക്രിസ്ത്യാനിയുടെ യഥാർത്ഥ പ്രകൃതം സ്നേഹമാകുന്നു. ഈ ലോകത്തിൽനിന്ന് യാതൊന്നും പ്രതീക്ഷിക്കരുത്, മോഹിക്കരുത്, സ്വപ്നം കാണരുത്. അപ്പോൾ ക്രിസ്തുസ്നേഹം നമ്മോടു കൂടുതൽക്കൂടുതൽ സമീപസ്ഥമാകുന്നു. എല്ലാം നമ്മുടെ ആത്മസത്തയുടെ വളർച്ചയ്ക്കുള്ള പോഷണങ്ങളായി സ്വീകരിക്കാം. ക്രിസ്തുവിന്റെ കാരുണ്യവർഷത്തിനായി സ്വയം സമർപ്പിക്കാം. പ്രത്യക്ഷത്തിൽ തിന്മയെന്നു തോന്നുന്നതു പലതും അവന്റെ ദൃഷ്ടിയിൽ നന്മയുണ്ടാക്കുന്നതായിരിക്കുമെന്ന് വിശ്വസിക്കാം. വളർച്ചയുടെ വഴിത്താരയിൽ കല്ലും മുള്ളും കുഴികളും സ്വാഭാവികം. നദികൾ ഉദ്ഭവിക്കുന്നത് പർവ്വതശിഖരങ്ങളിലാണ്. കാടും മേടും കടന്ന് വീഴ്ചയും തടസങ്ങളും തരണം ചെയ്ത് അതു പ്രശാന്തമായ സമതലഭൂമിയിൽ എത്തിച്ചേരുന്നു. അതുപോലെ, നാമും പ്രയാസങ്ങളെ തരണം ചെയ്യേണ്ടതുണ്ട്. അതുവഴി സൗഖ്യത്തിന്റെയും വിമോചനത്തിന്റെയും സാന്നിധ്യമാകാൻ ക്രിസ്തുവിന്റെ ക്രിയാത്മകതയുടെ വെളിപാട് നമുക്കു ലഭിക്കുകതന്നെ വേണം.

■

## ഇന്ത്യൻ സിവിൽ സർവീസ്

# അഭിരുചിപ്പരീക്ഷയ്ക്ക് ഒരുങ്ങാൻ

കരിയർടേൺ 2





നേവി ജോർജ്

2011 മുതൽ പ്രാബല്യത്തിൽ സിവിൽ സർവീസ് പരീക്ഷാരീതിയാണ് സി.എസ്.എ.ടി. അഥവാ സിവിൽ സർവീസ് അഭിരുചി പരീക്ഷ. പ്രിലിമിനറി പരീക്ഷയുടെ രണ്ടു പേപ്പറുകളുടെയും സിലബസ് ചുവടെ ചേർക്കുന്നു

പേപ്പർ 1- 200 മാർക്ക്- സമയം രണ്ടുമണിക്കൂർ - 120 ചോദ്യങ്ങൾ

പേപ്പർ 2- 200 മാർക്ക്- സമയം രണ്ടുമണിക്കൂർ - 80 ചോദ്യങ്ങൾ

- ☞ ദേശീയവും അന്തർദേശീയവുമായ ആനുകാലിക സംഭവങ്ങൾ.
- ☞ ഇന്ത്യയുടെ ചരിത്രവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും.
- ☞ ഇന്ത്യയുടെയും ലോകത്തിന്റെയും ജ്യോഗ്രഫി (ഫിസിക്കൽ, സാമൂഹികം, സാമ്പത്തികം).
- ☞ ഇന്ത്യൻ രാഷ്ട്രീയവും ഭരണവും - ഭരണഘടന, പഞ്ചായത്ത്ഭരണം, പൊതുഭരണം, അവകാശപ്രശ്നങ്ങൾ.
- ☞ സാമ്പത്തികവും സാമൂഹികവുമായ വികസനം, സുസ്ഥിരവികസനം, പട്ടിണി, ജനസംഖ്യാപഠനം, സാമൂഹിക വികസനപദ്ധതികൾ മുതലായവ.
- ☞ പാരിസ്ഥിതികപഠനം, ജൈവവൈവിധ്യപഠനം, കാലാവസ്ഥാവ്യതിയാനം എന്നിവയെ സംബന്ധിക്കുന്ന പൊതുവായ പ്രശ്നങ്ങൾ.
- ☞ സാമാന്യശാസ്ത്രം.
- ☞ ഗ്രഹണശക്തി പരീക്ഷണം
- ☞ ആശയവിനിമയത്തോടെയുള്ള വ്യക്തിബന്ധങ്ങൾ പരിപോഷിപ്പിക്കാനുള്ള കഴിവ്
- ☞ വിശകലനം ചെയ്യാനുള്ള കഴിവ്
- ☞ വിശകലന കഴിവും കാര്യകാരണത്തോടെയുള്ള ന്യായവാദവും നീതിശാസ്ത്രവും
- ☞ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവും തീരുമാനമെടുക്കാനുള്ള കഴിവും
- ☞ പൊതുപ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള മാനസികമായ കഴിവ്
- ☞ കണക്കിലുള്ള പ്രാഥമികമായ കഴിവ് (അക്കങ്ങളും അവ തമ്മിലുള്ള വലുപ്പവും ബന്ധവും) വസ്തുതകൾ വിശകലനം ചെയ്യാനുള്ള കഴിവ്
- ☞ ഇംഗ്ലീഷ് ഭാഷയിലുള്ള ധാരണാശക്തി

മെയിൻസ് പരീക്ഷയ്ക്ക് ആകെ 9 പേപ്പറുകളാണുള്ളത്. ഓരോന്നിനും അനുവദിച്ചിരിക്കുന്ന സമയം മൂന്നു മണിക്കൂർ. വിവരണാത്മകമാണ് (Descriptive) പരീക്ഷാരീതി. ആദ്യത്തെ രണ്ടു പേപ്പറുകൾ ക്വാളിഫൈയിംഗ് ആണ്. അതായത്, നിശ്ചിതശതമാനം മാർക്ക് ഈ പേപ്പറുകളിൽ നേടിയാൽ മാത്രമേ ബാക്കിയുള്ള പേപ്പറുകൾ പരിശോധിക്കുകയുള്ളൂ, അതിനാൽത്തന്നെ, 7 പേപ്പറുകളുടെ സ്കോർ മാത്രമേ മെറിറ്റിന് പരിഗണിക്കുകയുള്ളൂ. ആദ്യത്തെ പേപ്പർ എന്നത് നിർബന്ധിത ഇന്ത്യൻ ഭാഷയാണ്. ഭരണഘടനയിലെ എട്ടാമത്തെ ഷെഡ്യൂളിൽപെട്ട ഒരു ഭാഷ തിരഞ്ഞെടുക്കാം. അവ ഇതൊക്കെയാണ്:

1. ആസാമീസ് 2.ബംഗാളി 3.ഗുജറാത്തി 4.ഹിന്ദി 5.കന്നഡ 6.കാശ്മീരി 7.കൊങ്കിണി 8.മലയാളം 9.മണിപ്പൂരി 10. മറാത്ത 11. നേപ്പാളി 12.ഒഡിയ 13.പഞ്ചാബി 14.സംസ്കൃതം 15.ഹിന്ദി 16.തമിഴ് 17.തെലുങ്ക് 18. ഉറുദു 19.ബോഡോ 20.സന്താളി 21.ദോഗ്രി 22.മൈഥിലി. ഈ പരീക്ഷ ആകെ മാർക്ക് 300 ലാണ്. രണ്ടാമത്തെ പരീക്ഷ ഇംഗ്ലീഷിന്റേതാണ്. മെട്രിക്കുലേഷൻ നിലവാരത്തിലുള്ള ചോദ്യങ്ങളാണ് സാധാരണമായി ഈ രണ്ടു പേപ്പറുകളിലും ഉള്ളത്.

മൂന്നു മുതൽ ഒൻപതു വരെയുള്ള പേപ്പറുകൾക്ക് 250 മാർക്ക് വീതമാണ് നൽകുന്നത്. ആകെ ഏഴ് പേപ്പറുകളിൽനിന്നു ലഭിക്കുന്ന 1750 മാർക്കിന്റെ അടിസ്ഥാനത്തിൽ ഇൻറർവ്യൂവിന് തിരഞ്ഞെടുക്കപ്പെടുന്നു. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ട ഇന്ത്യൻ ഭാഷകളിലോ ഇംഗ്ലീഷിലോ ഈ പേപ്പറുകൾ എഴുതാം.

മെറിറ്റിന് പരിഗണിക്കുന്ന ആദ്യ പേപ്പർ ഉപന്യാസത്തിന്റേതാണ്. 8 ചോദ്യങ്ങൾ രണ്ടു വിഭാഗങ്ങളിലായി നൽകും. രണ്ടു ഭാഗങ്ങളിൽ നിന്നും രണ്ട് ഉപന്യാസം ആണ് എഴുതേണ്ടത്. ഓരോന്നിനും 125 മാർക്ക് വീതം നൽകിയിരിക്കുന്നു. ഒന്നാമത്തെ വിഭാഗം പൊതുവിഷയമാണെങ്കിൽ അടുത്തത് നയതന്ത്രബന്ധങ്ങൾ വിവരിക്കുന്നത് ആകാം. അതിനാൽ ഉപന്യാസം എഴുതാൻ നല്ല നിരീക്ഷണവും ആനുകാലികസംഭവങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും ഉണ്ടായിരിക്കണം 1000-1200 വാക്കുകളിൽ ഉപന്യാസം എഴുതണം.

(തുടരും)

# വയസ്സായെന്നോ! ആർക്ക്?



മേഴ്സിക്കുട്ടി എബ്രഹാം

ആരാണു വയോജനങ്ങൾ എന്നു ചോദിച്ചാൽ പല ഉത്തരങ്ങൾ കിട്ടും. വയസ്സു കൂടിയവർ വയോജനങ്ങളെന്നു പറഞ്ഞാൽ ഇപ്പോഴത്തെക്കാലത്ത് ചെറുപ്പക്കാരെക്കാൾ സന്തോഷത്തോടെയും ഉത്സാഹത്തോടെയും ജീവിക്കുന്നവർ വയോജനങ്ങളല്ലേയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പണ്ടൊക്കെ അറുപതുവയസ്സു കഴിഞ്ഞാൽ കിളവനും കിളവിയുമാകുമായിരുന്നു. ഇന്നാകട്ടെ ഹെയർഡൈകൂടി കണ്ടുപിടിച്ചതോടെ ഉള്ള പ്രായം തോന്നിക്കുകയില്ല. തന്മൂലം സീനിയർ പൗരന്മാർക്ക് ബസിലും മറ്റും സീറ്റുപോലും ലഭിക്കുന്നില്ല.



കൊവിഡ്കാലമായതോടുകൂടി പ്രായമായ പലർക്കും ക്ഷീണമായി. രോഗിയെന്നു പറയാതിരിക്കാൻ വയ്യ. ഒന്നാമത്തെ കാര്യം, 60 വയസ്സു കഴിഞ്ഞവർ stay safe, വീട്ടിൽത്തന്നെ ഇരിക്കണം. രോഗം പകരാൻ സാധ്യതയുണ്ടെന്ന മുന്നറിയിപ്പ്. രണ്ടാമത്തെ വസ്തുത, മക്കളും കൊച്ചുമക്കളുമൊക്കെ വീട്ടിൽത്തന്നെയിരുന്ന് ജോലി ചെയ്യുന്നതുകൊണ്ട് പ്രായമായവരോടുള്ള അമിതമായ ശ്രദ്ധ. എല്ലാം, നന്മയ്ക്കാണെങ്കിലും എന്തോ, കെട്ടപ്പെട്ട അവസ്ഥയിലാണ് മിക്കവരും.

ആരാധനാലയങ്ങൾ മനുഷ്യർക്ക് മനസ്സിനു സന്തോഷം നൽകിയിരുന്നു. പ്രാർത്ഥിക്കുന്നതിലുപരി ആരാധനാലയങ്ങളിൽ തങ്ങളെപ്പോലുള്ളവരെ കാണാനും സംസാരിക്കാനുമൊക്കെ സാധിച്ചിരുന്നു. ഇപ്പോൾ ഇവിടെയും താക്കീതുകൾ. സീനിയർ പൗരന്മാരുടെ മീറ്റിംഗുകൾ പലയിടത്തും നടത്താറുണ്ടായിരുന്നു. അതൊരു രസകരമായ അനുഭവം തന്നെയാണ്. കുറച്ചുനേരത്തെ ചർച്ചകളും കാപ്പികുടിയുമൊക്കെയാകുമ്പോൾ ഒരു പുത്തൻ ഉത്സാഹം തോന്നിയിരുന്നു.

മക്കളുടെ, ബന്ധുക്കളുടെ, സ്നേഹിതരുടെ വീടുകളിൽ പോകാനും അവരുടെകൂടെ താമസിക്കാനും സാധിക്കാത്ത അവസ്ഥ. ഈയിടെ ഒരു സ്ത്രീയുടെ ശവസംസ്കാരത്തിൽ പങ്കെടുത്തു. എൺപത്തിനാലുവയസ്സായിട്ടും വീട്ടിലെ ജോലിയും അത്യാവശ്യം പറമ്പിലെ പണിയും ചെയ്തിരുന്നു അമ്മച്ചി. ഒരു മകൾ വിദേശത്തു ജോലിയിലായിരുന്നു. അവിടെവച്ച് കൊവിഡ് ബാധിച്ചു മരിച്ചെന്ന സത്യം അമ്മച്ചി അറിഞ്ഞപ്പോൾമുതൽ വിഷാദമായി. എപ്പോഴും മകളെപ്പറ്റി പറഞ്ഞും കരഞ്ഞും അമ്മച്ചിയും മരിച്ചു. കേരളത്തിലെ പല വീടുകളിൽനിന്നും രണ്ടും മൂന്നും മക്കൾ വിദേശത്തു ജോലിക്കാരാണ്. അവർക്ക് ഇങ്ങോട്ടു വരാനോ പോകാനോ, പണ്ടത്തെപ്പോലെ സൗകര്യമില്ല.

സമയം കളയാൻ എന്തു വഴിയെന്നു ചിന്തിക്കുന്ന വയോജനങ്ങളുണ്ടായിരിക്കും. അസുഖം മൂലം കാര്യമായ ജോലിയൊന്നും ചെയ്യാൻ സാധിക്കുകയുമില്ല. കണ്ണിനു കാഴ്ചക്കുറവ്, ചെവി കേൾക്കുകയില്ല. ശരീരത്തിനു വേദന, അല്പം ഷുഗർ, പ്രഷർ ഇവയെല്ലാം അലട്ടിക്കൊണ്ടിക്കുന്നു. ആകെയുള്ള നേരമ്പോക്ക് ടി.വി.യും. മൊബൈൽഫോണുമാണ്. ഇപ്പോഴത്തെ ടി.വി.യും ഫോണുമൊന്നും പലർക്കും ഇഷ്ടമില്ല. മക്കൾക്കും കൊച്ചുമക്കൾക്കും ഇതൊന്നുമില്ലാതെ വയ്യ. രാവിലെമുതൽ ഇതിന്റെ ശബ്ദവും ബഹളവും കേട്ട് വിഷമിക്കുന്നവരും കാണും.

സ്ത്രീകളാണെങ്കിലും പുരുഷന്മാരാണെങ്കിലും പ്രായമായവരിൽ പകൽ കുറച്ചുസമയം പ്രാർത്ഥിക്കുന്ന പതിവുള്ളവരുണ്ട്. കൂടിയാൽ ഒന്നോ രണ്ടോ മണിക്കൂർ. അതു കഴിഞ്ഞാൽ വീണ്ടും സെറ്റിയിൽ ഇരിപ്പും കട്ടിലിൽ കിടപ്പും. കൊവിഡ്കാലം കഴിഞ്ഞ് പുറത്തേക്കിറങ്ങാൻ ഇനി എത്രനാൾ കാത്തിരിക്കണമോ ആവോ?

ഈ കാലഘട്ടത്തെയും വളരെ നന്നായി ആഘോഷിക്കുന്ന വയോജനങ്ങളെ അഭിനന്ദിക്കാതെ വയ്യ. എഴുപത്തിയഞ്ചുവയസ്സു കഴിഞ്ഞ അധ്യാപകദമ്പതികളുടെ പച്ചക്കറിത്തോട്ടം കണ്ടു. പെൻഷനായിട്ടും പെൻഷൻ കമ്മിറ്റിയും അല്പം പൊതുക്കാര്യവുമായി നടന്നിരുന്ന ആ അധ്യാപകൻ ഇന്നൊരു നല്ല കൃഷിക്കാരനാണ്. ടീച്ചറിനാകട്ടെ എപ്പോഴും നടുവേദനയും അസ്വസ്ഥതയുമായിരുന്നു. ഇപ്പോൾ യാതൊരസുഖവുമില്ല. കാരണം, രാവിലെയും വൈകുന്നേരവുമെല്ലാം പച്ചക്കറിത്തോട്ടത്തിൽ പണിയുണ്ട്. ജോലിയില്ലാതെ വീട്ടിലെ പണികളെല്ലാം ചെയ്തു ജീവിച്ചിരുന്നവർക്കാകട്ടെ ഇപ്പോൾ റെസ്റ്റിന്റെ കാലമാണ്. കാരണം, മക്കളെല്ലാവരും അടുക്കളയിലുണ്ട്.

അധ്വാനിച്ചു കുടുംബം പുലർത്തുന്ന പ്രായമായവർ നമുക്കു ചുറ്റുമുണ്ട്. എന്തു കൊവിഡാണെങ്കിലും മനുഷ്യനു വയറു വിശക്കുമല്ലോയെന്നായിരുന്നു എഴുപതു വയസ്സായ ആന്റണിച്ചേട്ടന്റെ പ്രതികരണം. എന്നും രാവിലെ പണിക്കുപോകും. നല്ലപോലെ വിയർത്താൽ ഒരു രോഗവും വരികയില്ലെന്നാണ് അങ്ങേരുടെ അഭിപ്രായം. ഞങ്ങൾക്കു പാൽ എത്തിച്ചുതരുന്ന സരസമ്മയ്ക്ക് അറുപത്തിയഞ്ചു വയസ്സാണ്. അഞ്ചു പശുക്കളെ വളർത്തും. രാവിലെ മുതൽ അധ്വാനമാണ്. മക്കളാരും സഹകരിക്കുകയുമില്ല. എന്തിനാ ഇങ്ങനെ കഷ്ടപ്പെടുന്നതെന്നു ചോദിച്ചാൽ ഒരുത്തരമേയുള്ളൂ: "എനിക്ക് മക്കളുടെ മുമ്പിൽ കൈനീട്ടാൻ മടിയാണ്."

ചുരുക്കത്തിൽ, നമ്മൾ വയോജനങ്ങൾ വീടിനു പുറത്തേക്കു പോയി രോഗം വരുത്തുന്നതിനെക്കാൾ നല്ലത് വീട്ടിലിരുന്ന് നമുക്കു സാധിക്കുന്ന പണികൾ ചെയ്യുകയെന്നതാണ്. അലസത ഒഴിവാക്കണം. നല്ല ചിന്തകളെക്കാൾ കഴിഞ്ഞ കാലത്തെ ജീവിതത്തെപ്പറ്റിയൊക്കെയായിരിക്കും നാം ചിന്തിക്കുക. കഴിഞ്ഞകാലത്തെപ്പറ്റി ചിന്തിച്ചുപോയാൽ ചിലപ്പോൾ മനസ്സിന്റെ ഭാരം വർദ്ധിക്കാനും ഇടയുണ്ട്. നമ്മൾ ജോലിസ്ഥലത്ത്, അല്ലെങ്കിൽ വീടുകളിൽ ചെയ്ത നല്ലതും മറ്റുള്ളവർക്ക് ഉപകാരപ്രദവുമായ കാര്യങ്ങളെപ്പറ്റി മാത്രം ചിന്തിക്കുക. പഴയകാലംമാത്രമായിരുന്നു നല്ലതെന്നു ചിന്തിക്കാതെ ഇക്കാലത്തെ നേട്ടങ്ങളെയും നമ്മൾ കാണണം.

ശുഭാപ്തിവിശ്വാസം ഈ കാലത്തെ അതിജീവിക്കാൻ ശക്തി നല്കും. അദൃശ്യനായ ദൈവത്തിന്റെ കരങ്ങൾ എന്റെ കൂടെയുണ്ടെന്ന ശക്തമായ വിശ്വാസം ഏതു പ്രതിസന്ധിയെയും അതിജീവിക്കുവാൻ നമ്മെ സഹായിക്കും. വയസ്സു കൂടുന്തോറും മനുഷ്യർക്ക് വിനയവും പക്വതയും പരസ്പരബഹുമാനവും വർധിച്ചുവരും. നമ്മുടെ വീട്ടിലും ചുറ്റുപാടുമുള്ളവരോടും പക്വതയോടെയും വിനയത്തോടെയും പെരുമാറുക. അവരുടെ ലോകത്തിലേക്കു നമുക്കും ഇറങ്ങിച്ചെല്ലാം. കൊച്ചുമക്കൾക്ക് സ്കൂളിൽ പോകേണ്ടാത്തതുകൊണ്ട് വീടുകളിൽ അനക്കവും ബഹളവുമായില്ലേ? ജോലിയുടെ തിരക്കുമായി നടന്ന മക്കളെ കൺകുളിർക്കെ കാണാൻ സാധിക്കുന്നില്ലേ? ഏതു തിന്മയിലും ഒരു നന്മ ഒളിച്ചിരിക്കുന്നു. അതിനെ പ്രാപിക്കാൻ നമുക്കു ശ്രമിക്കാം.

■

# ജീവിതം മധുരം

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

പത്താംക്ലാസിലെ പരീക്ഷയുടെ റിസൾട്ടു വന്നു. ജയിച്ച കുട്ടികളെല്ലാം പരസ്പരം കൂട്ടുകാരെ വിളിച്ച് സന്തോഷം പങ്കുവച്ചു.

പ്രസാദ് തോറ്റു. കൂട്ടുകാരെല്ലാം ജയിച്ചു. പരീക്ഷ എഴുതിയവരിൽ പ്രസാദ് മാത്രമാണ് പരാജയപ്പെട്ടത്. ഓർത്തപ്പോൾ സങ്കടം സഹിക്കാനായില്ല. മാനസികമായി തളർന്നു.

എന്തു ചെയ്യണമെന്നറിയാതെ അവൻ വീടുവിട്ടിറങ്ങി. അവിടെയും ഇവിടെയും ചുറ്റിനടന്നു. ആരോടെങ്കിലും മനസ്സിലെ സങ്കടം പറഞ്ഞു കരയണമെന്നു തോന്നി. സുഹൃത്തുക്കളെ ആരെയും കണ്ടുമുട്ടിയില്ല.

രാത്രിയായപ്പോൾ കാലടിപ്പാലത്തിൽവന്ന് പുഴയിലേക്കു നോക്കിനിന്നു; പുഴയിലേക്കു ചാടി മരിക്കാൻവേണ്ടി. അപ്പോൾ പാലം വിജനമായിരുന്നു. അവൻ ഒറ്റയ്ക്ക് പാലത്തിൽ നിന്നു. നെഞ്ചു ശക്തിയായി ഇടിക്കുന്നുണ്ടായിരുന്നു. അമ്മയുടെ കാര്യം ഓർത്തപ്പോൾ അവനു കരച്ചിൽ വന്നു.



തിരിച്ചുപോയാലോ എന്നു ചിന്തിച്ചു. അങ്ങനെ നിന്നപ്പോൾ ഒരു കാറുവന്ന് അവന്റെ അടുത്തുനിറുത്തി. കാറിൽ ആടുഫാമിന്റെ ഉടമ ചന്ദ്രബോസായിരുന്നു. പ്രസാദിന്റെ അയൽവാസി. ചന്ദ്രബോസ് ചോദിച്ചു: "ഈ സമയത്ത് പ്രസാദ് എന്താ ഇവിടെ നിൽക്കുന്നത്? വരൂ വണ്ടിയിൽ കയറൂ, വീട്ടിൽ ആക്കാം."

പ്രസാദ് കാറിൽ കയറി. വിശേഷങ്ങൾ ചോദിച്ച കൂട്ടത്തിൽ ചന്ദ്രബോസിനോട് പരീക്ഷയിൽ തോറ്റ വിവരം പറഞ്ഞു: "വളരെ ബുദ്ധിമുട്ടിയാണ് അമ്മ പഠിപ്പിക്കുന്നത്. സാമ്പത്തികമായി വലിയ ബുദ്ധിമുട്ടുണ്ട്. ഇനി എങ്ങനെ പഠിക്കും? എന്തു ചെയ്യും? എനിക്കറിയാൻ വയ്യാ. ഓർത്തിട്ട് ഒരന്തവും കുന്തവുമില്ല." അവൻ കരയാൻ തുടങ്ങി.

ചന്ദ്രബോസ് പറഞ്ഞു: "പ്രസാദ് കരയണ്ടാ. എല്ലാത്തിനും പരിഹാരമുണ്ടാക്കാം. ഞാൻ നിന്നെ സഹായിക്കാം. നീ ഒട്ടും പേടിക്കണ്ട. നിനക്കു പഠിക്കാനുള്ള സാമ്പത്തികസഹായം ഞാൻ ചെയ്തുതരാം. ഒരു ചെറിയ ജോലിയും തരാം. ശമ്പളവും തരാം. ഒഴിവുസമയങ്ങളിൽ ആടുഫാമിൽ വന്ന് വേണ്ടകാര്യങ്ങൾ നോക്കണം. ജോലിക്ക് ഒരു നേപ്പാളിയുണ്ട്. എനിക്കു ഫാമിൽ വരാൻ കഴിയാത്ത അവസരത്തിൽ വേണ്ടതുപോലെ കാര്യങ്ങൾ നോക്കി ചെയ്യിക്കണം.

"പരീക്ഷയിൽ തോറ്റെന്നു കരുതി നീ നിരാശപ്പെടണ്ടാ. പരീക്ഷ എഴുതിപ്പാസ്സാകാം. മനസ്സിനെ നല്ല രീതിയിൽ പാകപ്പെടുത്താൻ കഴിഞ്ഞാൽ മനുഷ്യന് അപ്രാപ്യമായി ഒന്നുമില്ല. ശരീരവും മനസ്സും പരസ്പരപൂരകമാണ്. മനസ്സിനെ നിയന്ത്രണത്തിൽ കൊണ്ടുവരിക. മെഡിറ്റേഷനിലൂടെ മനസ്സിനെ നിയന്ത്രിച്ചു ശീലിച്ചാൽ ആത്മവിശ്വാസം വർദ്ധിക്കും. മനസ്സ് ശരിയായാൽ പിന്നെന്തു പ്രശ്നം? നീ എന്തിനെക്കുറിച്ച് ഏറ്റവും കൂടുതൽ ചിന്തിക്കുന്നുവോ അതായിത്തീരും. ഞാൻ പരീക്ഷ എഴുതി ഒന്നാമനായി പാസ്സാകും, സർക്കാർ ജോലി നേടും എന്നു ചിന്തിക്കുക. അതായിത്തീരും. നീ മനസ്സിൽ കാണുന്നുണ്ടെങ്കിൽ അത് കൈയിൽ വരും."

ചന്ദ്രബോസിന്റെ വാക്കുകൾ കേട്ടപ്പോൾ പ്രസാദിന് എന്തെന്നില്ലാത്ത സന്തോഷവും ആത്മവിശ്വാസവും തോന്നി. ഒരു വാക്കുമതി ഒരു ജീവൻ രക്ഷിക്കാൻ. പുഴയിൽ ചാടി മരിക്കാൻ പോയ പ്രസാദിന് ജീവിക്കണമെന്നു തോന്നി.

അവൻ തുടർന്നു പഠിച്ചു, വിജയിച്ചു. പി.എസ്.സി. ടെസ്റ്റ് എഴുതി വില്ലേജ് ആഫീസിൽ ക്ലാർക്കായി ജോലി നേടി. പ്രസാദിന്റെ ജീവിതവിജയത്തിന്റെ രഹസ്യം ചന്ദ്രബോസിന്റെ വാക്കുകളാണ്. പ്രസാദിന് ഇന്ന് ജീവിതം മധുരം.




നവംബർ 15
പള്ളിക്കൂദാശക്കാലം മൂന്നാം ഞായർ



സംഖ്യ 9:15–18
ഏശ 54:1–10
ഹെബ്രാ 9:5–15
യോഹ 2: 13–22

ഡോ. സെബാസ്റ്റ്യൻ
കുറ്റിയാനിക്കൽ

# നിത്യമഹത്ത്വത്തിനു യോഗ്യരാകാൻ

**ക**ഴിഞ്ഞയാഴ്ചയിലെ പഴയ നിയമവായനകളിൽ ആദ്യവായന പുറപ്പാടുപുസ്തകത്തിൽനിന്നുള്ള സാക്ഷ്യകൂടാരനിർമാണത്തെയും അതിന്റെ പ്രതിഷ്ഠയെ സംബന്ധിച്ചുള്ളതുമായിരുന്നു. ഈ ആഴ്ചയിൽ സംഖ്യയുടെ പുസ്തകത്തിൽ നിന്നുള്ള ഒന്നാമത്തെ വായന സാക്ഷ്യകൂടാരം ഇസ്രായേൽജനത്തിന് എന്തായിരുന്നു എന്നു പറയുന്നു. അവർക്ക് അത് ഒരു അടയാളമായിരുന്നു. ദൈവം തങ്ങളുടെ കൂടെയുണ്ട് എന്നതിന്റെ അടയാളം. രാത്രികാലങ്ങളിൽ അഗ്നിരൂപത്തിലും പകൽ മേഘസ്തംഭങ്ങളിലുമായി അവർക്ക് ആ അടയാളം അനുഭവിക്കുവാൻ സാധിച്ചു. അഗ്നിസ്തംഭങ്ങളും മേഘത്തൂണുകളും ദൈവങ്ങളായിരുന്നില്ല; എന്നാൽ, ദൈവികസാന്നിധ്യത്തിന്റെ അടയാളങ്ങളായിരുന്നു. ആ അടയാളങ്ങൾ അവർക്കു വഴികാട്ടികളായിരുന്നു.



ഇന്ന് ദൈവികസാന്നിധ്യത്തിന്റെ അടയാളമായി വർത്തിക്കുന്നത് കൂദാശകളാണ്. കൂദാശകളിലൂടെയാണ് ഇന്ന് സഭാസമൂഹത്തിനു ദൈവത്തെ അനുഭവിക്കുവാൻ സാധിക്കുന്നത്.

ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായനയിൽ ഇസ്രായേലിന് ദൈവം നല്കുന്ന ഉറപ്പാണ് നാം കാണുന്നത്. കൂടെ നടക്കുന്നവൻ കരുണ കാണിക്കുന്നവനാണ്. യഹൂദജനം അടിമത്തത്തിലേക്കു പോയി തിരിച്ചുവരുന്നതിനെക്കുറിച്ചുള്ള പ്രതിപാദ്യമാണ് ഇവിടെയുള്ളത്. നിമിഷനേരത്തേക്ക് നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും. അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും. അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. പുറപ്പാട് പുസ്തകം 34:6–7 വചനങ്ങളിൽ കാണുന്ന ദൈവദർശനമാണ് ഇവിടെ പ്രകടമാകുന്നത്. അവിടുന്ന് കാരുണ്യവാനും കൃപാലുവുമാണ്. എന്നാൽ, തെറ്റിനുനേരേ കണ്ണടയ്ക്കുകയുമില്ല. ആയിരം തലമുറകളോളം കരുണ കാണിക്കുന്നവനാണ് കർത്താവ്.

ഹെബ്രായക്കാർക്കെഴുതപ്പെട്ട ലേഖനത്തിലും ജറുസലേം ദൈവാലയത്തിലുണ്ടായിരുന്ന വാഗ്ദാനപേടക(ഉടമ്പടിയുടെ പേടകം)ത്തെക്കുറിച്ചാണ് വിവരിക്കുന്നത്. ഉടമ്പടിയുടെ പേടകവും അതിനു മുമ്പിലെ ശുശ്രൂഷയുമെല്ലാം വരാനിരിക്കുന്ന നിത്യമഹത്ത്വത്തിന്റെ പ്രതിരൂപങ്ങൾ മാത്രമാണ്. വരാനിരിക്കുന്ന മഹത്ത്വങ്ങളുടെ പ്രധാന പുരോഹിതനായി വന്ന മിശിഹായുടെ അർപ്പണത്തിലൂടെ, അതായത്, സ്വന്തം രക്തത്തിലൂടെ നിത്യരക്ഷ ഉറപ്പാക്കിക്കൊണ്ട് വിശുദ്ധസ്ഥലത്തു പ്രവേശിച്ചു. അതിലൂടെ ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മെ യോഗ്യരാക്കി. തന്റെ മരണത്തിലൂടെ അവിടുന്ന് പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി.

സകലവും വിശുദ്ധീകരിക്കുന്ന മിശിഹായുടെ ദൗത്യമാണ് യോഹ 2:13–22 ൽ കാണുന്നത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ജറുസലേം ദൈവാലയം ശുദ്ധീകരിക്കുന്ന സംഭവത്തിലൂടെയും ഈ ദൈവാലയം നശിപ്പിച്ചാൽ മൂന്നു ദിവസം കൊണ്ട് പുനരുദ്ധരിക്കുമെന്ന് പറയുന്നതിലൂടെയും മിശിഹായുടെ ദൗത്യത്തെയാണ് എടുത്തുപറയുന്നത്. ദൈവാലയശുദ്ധീകരണത്തിലൂടെ മിശിഹാ തന്നെത്തന്നെ സമർപ്പിച്ച് മനുഷ്യകുലത്തെ വിശുദ്ധീകരിച്ച് ദൈവപിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനെയാണ് അനുസ്മരിക്കുന്നത്. പള്ളിക്കൂദാശക്കാലം അനുസ്മരിക്കുന്നതും മിശിഹായാൽ വിശുദ്ധീകരിക്കപ്പെട്ട സഭ മിശിഹായോടൊപ്പം സ്വർഗീയജറൂസലേമിൽ പ്രവേശിക്കുന്നതും മിശിഹാ സഭയെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതുമാണ്. ആ സമർപ്പണത്തിന്റെ മുന്നാസ്വാദനമാണ് ഓരോ പരിശുദ്ധ കുർബാനയിലും യാഥാർഥ്യമാകുന്നത്. അവിടുത്തെ തിരുശരീരരക്തങ്ങളാൽ വിശുദ്ധീകരിക്കപ്പെടുന്നവർ നിത്യമഹത്ത്വത്തിനു യോഗ്യരാക്കപ്പെടുന്നു. □

# സ്വതന്ത്രഭാരതത്തിന്റെ വിനയപുഷ്പം

2–ാം പേജ് തുടർച്ച

അദ്ദേഹം. പ്രസിഡന്റ് ഇങ്ങോട്ടു കൈനീട്ടിയാലല്ലാതെ അങ്ങോട്ട് ഷേക്ഹാൻഡ് പാടില്ല. പത്തുമിനിട്ടാണ് സാധാരണ സന്ദർശനസമയം. എട്ടു മിനിട്ടാകുമ്പോൾ ഞങ്ങൾ ഇരിക്കുന്ന മുറിയുടെ വാതിൽക്കലൂടെ ഒരു തവണ അദ്ദേഹം മറുവശത്തേക്കും തിരിച്ചും നടക്കും. അതു മുന്നറിയിപ്പാണ്. സംഭാഷണം അവസാനിപ്പിച്ചു പതിയെ എഴുന്നേൽക്കാമെന്നു സാരം. എല്ലാം ഞാൻ കേട്ടു. പ്രസിഡന്റിന്റെ ഔദ്യോഗികസ്വീകരണമുറിയിലേക്ക് എ.ഡി.സി. എന്നെ ആനയിച്ചു. സക്കീറിന് അപ്പോഴേക്കും ചായയും പലഹാരങ്ങളുമെത്തി.

വിശാലമായ സ്വീകരണമുറിയാണ്. ഒട്ടേറെ സോഫകളും സെറ്റികളും ടിപ്പോയ്കളുമുണ്ട്. ഒരു ഡബിൾ സെറ്റിയുടെ അരികിലായി ഞാൻ ഇരുന്നു. പ്രസിഡന്റിനു സിംഗിൾസെറ്റിയാവണമല്ലോ. അകത്തുനിന്നുള്ള ഇടനാഴിവഴിയാവണം പ്രസിഡന്റ് വന്നത്. ഞാൻ എഴുന്നേറ്റു കൈകൂപ്പി. നമസ്കാരം സ്വീകരിച്ചശേഷം അദ്ദേഹം എന്റെ നേർക്കു കൈനീട്ടി. ഞാനും ഉപചാരപൂർവ്വം കൈകൊടുത്തു. ഇരിക്കാമെന്ന് ആംഗ്യം കാട്ടി അദ്ദേഹം എന്റെ തൊട്ടടുത്ത സെറ്റിയിലിരുന്നു. എന്നാണ് വൈസ് ചാൻസലറായതെന്നും അതിനു മുമ്പ് എന്തായിരുന്നുവെന്നും ചോദിച്ചു. കഴിഞ്ഞ തവണ ഡൽഹിയിൽ വന്നപ്പോൾ കാണാൻ ശ്രമിച്ചിരുന്നുവല്ലേ? എന്ന് അടുത്ത അന്വേഷണം. അന്നും അങ്ങേക്ക് സുഖമില്ലായിരുന്നല്ലോ എന്നു ഞാൻ. അയ്യാസ്വാമി എന്നോടു പറഞ്ഞിരുന്നുവെന്നു പ്രസിഡന്റ്. എന്നിട്ടു ചിരിച്ചു. സ്വാമി എന്തൊക്കെ പ്രസിഡന്റിനോടു പറഞ്ഞുപിടിപ്പിച്ചുവോ ആവോ! 'രണ്ടു ദിവസമായി നല്ല സുഖമില്ല. സന്ദർശകരെയാരെയും കാണുന്നില്ല. ഡോക്ടർ വിശ്രമം പറഞ്ഞിരിക്കുകയാണ്. ആർ.വി. തോമസിന്റെ മകനാണെന്നു പറഞ്ഞതുകൊണ്ടാണു കാണാമെന്നുവച്ചത്' പ്രസിഡന്റു പറഞ്ഞു. എന്നിട്ടു തുടർന്നു, 'ആർ.വി. തോമസിനെ ഞാൻ കണ്ടിട്ടുണ്ട്. നിങ്ങളുടെ വീട്ടിലും വന്നിട്ടുണ്ട്' എന്നായി പ്രസിഡന്റ്. ഞാൻ കൈകൂപ്പി. അപ്പോൾ ഡോ. നാരായണൻ കഥ പറഞ്ഞു തുടങ്ങി: 'എന്റെ അങ്കിൾ അയ്യപ്പൻ മാസ്റ്റർ നിങ്ങളുടെ അച്ഛന്റെ സുഹൃത്തായിരുന്നു' 1948 ലോ 1949 ലോ ആവണം. ഞങ്ങൾ ആർ.വി. തോമസിനെ കാണാൻ വന്നപ്പോൾ സന്ധ്യമയങ്ങി. നിങ്ങളുടെ അമ്മ ഞങ്ങൾക്കു കടുംചായയും കപ്പ പുഴുങ്ങിയതും തന്നു. ആർ.വി. തോമസും അങ്കിളും കാര്യമായെന്തോ സംസാരിച്ചു. ഞങ്ങൾ പോകാനിറങ്ങിയപ്പോഴേക്കും വൈകിയിരുന്നു. പെട്ടെന്നാണ് ആർ.വി. തോമസ് എന്റെ അങ്കിളിനോട്, 'അയ്യപ്പാ, ഇനി പോയാൽ നിങ്ങൾക്കു ബസ്സില്ലല്ലോ. ഇനി ഇന്ന് ഇവിടെ കിടന്നു നാളെ രാവിലെ പോയാൽ മതി' എന്നു പറഞ്ഞത്. ഞങ്ങൾക്കദ്ഭുതമായി. ഞാനന്നു വിദ്യാർത്ഥിയാണ്. അക്കാലത്തു ഞങ്ങളെയൊന്നും നിങ്ങളുടെ വീടുകളിൽ താമസിപ്പിക്കുന്ന കാലമേയല്ല. പക്ഷേ, ആർ. വി. തോമസ് അതു പറഞ്ഞതു സാധാരണ പോലെയാണ്. തിരിയെപ്പോകുവാൻ എന്തെങ്കിലും സൗകര്യം കിട്ടാതിരിക്കുകയില്ലായെന്നായി അയ്യപ്പൻ മാസ്റ്റർ. പക്ഷേ, ആർ.വി. തോമസ് ഞങ്ങളെ ആ രാത്രി നിങ്ങളുടെ വീട്ടിൽ താമസിപ്പിക്കുകതന്നെ ചെയ്തു. 'മിസ്സിസ് ആർ.വി. രാത്രി ആർ.വി. തോമസിനൊപ്പം ഞങ്ങൾക്കും കഞ്ഞിയും പയറും ചുട്ടരച്ച തേങ്ങാചട്ണിയും തന്നു.' പ്രസിഡന്റ് പറഞ്ഞുനിർത്തി. എന്നിട്ടു ചിരിച്ചു, വളരെ ഹൃദ്യമായിട്ട്. അറുപതു വർഷം മുൻപ് പൂർവ്വികർ ചെയ്ത പുണ്യത്തിനു കിട്ടിയ പ്രത്യുപകാരമായിരുന്നു അന്ന് രാഷ്ട്രപതിഭവനിൽ എനിക്കു ലഭിച്ച റെഡ്കാർപ്പറ്റ് സ്വീകരണം.

ചായയും പലഹാരങ്ങളുമെത്തിയപ്പോൾ പ്രസിഡന്റ്തന്നെ ഒരു പാത്രത്തിലെ ജിലേബി എടുത്തു നീട്ടിക്കൊണ്ടു പറഞ്ഞു: 'തോമസ്, ഇത് ആഗ്രയിൽനിന്നുള്ള വിശേഷപ്പെട്ട ഇനം ജിലേബിയാണ്. കഴിച്ചു നോക്കൂ.' അപ്പോഴേക്കും എ.ഡി.സി. മുറിയുടെ വാതിലിനു കുറുകേ നടന്നു. ഞാൻ വാച്ചിൽ നോക്കി. എട്ടുമിനിട്ടായിരിക്കുന്നു. 'ദ് നോർമൽ റൂൾ ഡസ് നോട്ട് അപ്ലൈ റ്റു ഡോ. തോമസ്' എന്ന് രാഷ്ട്രപതിയുടെ വാക്കാൽ ഉത്തരവ് ഉടനുണ്ടായി.

പിന്നീടദ്ദേഹം കുടുംബകാര്യങ്ങളും യൂണിവേഴ്സിറ്റിക്കാര്യങ്ങളുമന്വേഷിച്ചു. പതിനഞ്ചു മിനിറ്റായിരിക്കുന്നു! ഞാൻ കൈകൂപ്പി പതിയെ എണീറ്റു. എന്നിട്ട് പറഞ്ഞു: "സർ, ഐ ആം അഫ്രൈഡ് ഐ ഹാവ് ടേക്കൺ മച്ച് ഓഫ് യുവർ പ്രഷ്യസ് ടൈം. ബട്ട് സെർട്ടൻലി ദിസ് വിൽ റിമെയിൻ വൺ ഓഫ് മൈ അൺഫൊർഗെറ്റബിൾ എക്സ്പീരിയൻസസ്." പ്രസിഡന്റും ചിരിച്ചുകൊണ്ട് എണീറ്റു.

പിന്നീടാണ് കൂടിയ അദ്ഭുതം സംഭവിച്ചത്. 'തോമസ്, ഡു യു വിഷ് ടു ടേക് എ ഫ്യൂ ഫോട്ടോഗ്രാഫ്സ് വിത്ത് മി' എന്നു പ്രസിഡന്റിന്റെ ചോദ്യം. 'സർ, ഐ ഹാവ്ന്റ് ബ്രോട്ട് എ ഫോട്ടോഗ്രാഫർ നോർ എ ക്യാമറ' എന്നു ഞാൻ. 'ലീവ് ഇറ്റ് ടു മി തോമസ്' എന്നു പ്രസിഡന്റ്. അദ്ദേഹം എ.ഡി.സി.യെ വിളിച്ചു. ഒരു ഫോട്ടോഗ്രാഫറെ വിളിക്കാൻ പ്രസിഡന്റിന്റെ കല്പന. രണ്ടു മിനിട്ടിനുള്ളിൽ ഫോട്ടോഗ്രാഫറെത്തി. 'വി വിൽ റിഇനാക്റ്റ് ദ് ഇവന്റ്' എന്നായി ചിരിച്ചുകൊണ്ട് പ്രസിഡന്റ് നാരായണൻ. എന്നിട്ടു കൈകൂപ്പി സ്വീകരിക്കുംപോലെയും സോഫാസെറ്റിയിൽ ഇരിക്കുന്നതുപോലെയുമൊക്കെ വീണ്ടും പോസ് ചെയ്തു. എന്നിട്ടെന്നോടു പറഞ്ഞു: 'യു വിൽ ഗെറ്റ് ദീസ് ഫോട്ടോഗ്രാഫ്സ് ബിഫോർ നൂൺ ടുമാറോ.' പിറ്റേന്ന് രാഷ്ട്രപതിഭവനിൽനിന്ന് ഒരു മെസ്സൻജർ കേരളഹൗസിൽ എത്തി ഫോട്ടോഗ്രാഫ്സ് എനിക്കു കൈമാറുകയും ചെയ്തു. ജീവിതത്തിലെ മറക്കാനാവാത്ത ഒരു ഡൽഹി അനുഭവം. സ്നേഹപ്രണാമം! □




## അദ്ധ്യായം 11

**രാ**വിലെ ഗ്രോബാഗുകളിലെ വെണ്ടയ്ക്കും പയറിനും തക്കാളിക്കുമൊക്കെ ചാണകപ്പൊടിയും ചാരവും വളമായി ഇട്ടുകൊടുക്കുകയായിരുന്നു ജിനേഷ്. ലുങ്കിയും ടീഷർട്ടും ധരിച്ചിരുന്ന അവൻ തലയിൽ തൊപ്പിയും വച്ചിട്ടുണ്ടായിരുന്നു. മുറ്റത്തേക്കു യോഗ്യനായ ഒരു ചെറുപ്പക്കാരൻ കടന്നുവന്നു. ജിനേഷിന്റെ തൊട്ടുമുമ്പിൽ വന്നുനിന്ന അയാൾക്ക് ഓഫ് വൈറ്റ് പാന്റും ബ്രൗൺ കളർ ഷർട്ടുമായിരുന്നു വേഷം.

''ജിനേഷ് രാവിലെ നല്ല അധ്വാനമാണല്ലോ?" യുവാവ് പുഞ്ചിരിയോടെ അവനെ നോക്കി പറഞ്ഞു.

"അതേ. ചെറിയ പണികളിലാ. ആരാ മനസ്സിലായില്ലല്ലോ?" ജിനേഷ് പണി നിർത്തി നിവർന്നു നിന്നു.

''ഞാൻ അഡ്വ. ഗിരീഷ്. ജിനേഷിനെപ്പോലെ കൃഷിയിലും പരിസ്ഥിതിപ്രവർത്തനത്തിലുമൊക്കെ താത്പര്യമുള്ളയാളാ."

''ഓ... സുമിത്രാമോഹനെ അറിയുമോ? അഡ്വക്കേറ്റാ."

"അവരെക്കുറിച്ചു കേട്ടിട്ടുണ്ട്. അടുത്ത പരിചയമില്ല."

"പിന്നെ എന്താ ഇപ്പഴിങ്ങോട്ടിറങ്ങിയത്?"

"എനിക്ക് ജിനേഷിനോട് ഒരു പ്രധാനകാര്യം സംസാരിക്കാനുണ്ടായിരുന്നു. പണി അല്പനേരം നിർത്തുന്നതിൽ പ്രയാസമുണ്ടോ?"

''ഇല്ല. ഞാൻ വരാം. സാറ് കയറിയിരിക്ക്.' അങ്ങനെ പറഞ്ഞ് ജിനേഷ് കിണറ്റുകരയിലേക്കു കൈയും കാലും കഴുകാനായി പോയി.

കാലിലെ ഷൂസഴിച്ചുവച്ച് വീട്ടിലേക്കു കയറിയ ഗിരീഷിനെ സന്ധ്യ സ്വീകരിച്ചിരുത്തി.

"ജിനേഷിന്റെ?" ഗിരീഷ് സന്ധ്യയെ നോക്കി.

"പെങ്ങളാ."

"എന്തു ചെയ്യുന്നു?"

"കുറച്ച് തയ്യലൊക്കെയുണ്ട്."

"അമ്മ കിടപ്പിലാണല്ലേ."

"തീരെ കിടപ്പിലൊന്നുമല്ല. ആസ്ത്മായുടെ അസുഖമുണ്ടെന്നേയുള്ളൂ. പോലീസീന്നാണോ?" സന്ധ്യ സംശയിച്ചു.

"അല്ല. ഞാൻ അഡ്വക്കേറ്റാ."

അപ്പോൾ തോർത്തുകൊണ്ട് കൈയും മുഖവും തുടച്ച് ജിനേഷ് മുറിയിലേക്കെത്തി. അവൻ കസേര വലിച്ചിട്ട് വക്കീലിനഭിമുഖമായിരുന്നു.

''ഗ്രോബാഗിൽ ഇത്രയ്ക്കു തഴച്ചുവളരുന്ന കൃഷി ഞാനാദ്യം കാണുകാ. വേറെ മണ്ണൊന്നുമില്ലേ ജിനേഷിന്."

"ഇല്ല. ഈ ഇരുപതു സെന്റിലുള്ള അഭ്യാസം മാത്രം."

''അപ്പോൾ വീട്ടുകാര്യങ്ങളൊക്കെ?"

"എനിക്കൊന്നിനുമൊരു കുറവുമില്ല. സുഖം. സന്തോഷം."

"ഈ പരിസ്ഥിതിസ്നേഹത്തിലേക്കു വന്നതെങ്ങനെയാണെന്നൊന്നു പറയുമോ?"

''ഞാൻ കോളജിൽ ഫൈനൽ എം.എ.യ്ക്കു പഠിക്കുമ്പോൾ പരിസ്ഥിതിക്ലബ്ബുകാര് പ്രൊഫസർ നീലകണ്ഠൻനായരെ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ പ്രസംഗം എന്നെ വല്ലാതെ സ്ട്രൈക്ക് ചെയ്തു. ഞങ്ങൾ തമ്മിൽ വിളിക്കാറുണ്ട്. എല്ലാക്കാര്യത്തിലും ഉപദേശം തരുന്നുമുണ്ട്. ഗിരീഷ്സാറിന്റെ പരിസ്ഥിതിപ്രവർത്തനമൊക്കെ എങ്ങനെയാ?"

"ഞാൻ കോടതിയിൽ പരിസ്ഥിതിയുടെ ആളുകൾക്കു വേണ്ടി വാദിക്കും."

"ഹൈക്കോടതീലാണോ?"

"അതെ."

"ജീവൻപോലും പണയംവച്ചാണ് ഞാൻ പുഴക്കര വക്കച്ചന്റെ കായൽകയ്യേറ്റത്തിനെതിരേ പയറ്റുന്നത്."

"എനിക്കറിയാം. പരിസ്ഥിതി നശിപ്പിക്കുന്നവരേറെയും വമ്പൻ പണക്കാരാണ്. എതിർക്കുന്നവർ ഒന്നുമില്ലാത്തവരും. എന്റെ ജീവിതത്തിൽ ഞാൻ ചില പാഠങ്ങൾ പഠിച്ചു. നമ്മളിങ്ങനെ കുറച്ചു പേർ നോക്കിയിട്ടൊന്നും പരിസ്ഥിതിസംരക്ഷണം നടപ്പിലാവില്ല. നാശം തുടർന്നുകൊണ്ടേയിരിക്കും. ഇവന്മാരെ എതിർക്കണം. തറപറ്റിക്കുമെന്നു വരുംവരെ കാര്യങ്ങളെത്തിക്കണം. അപ്പോൾ ഈ വമ്പന്മാർ നമ്മുടെ കാൽക്കലെത്തും. ഇരുചെവിയറിയാതെ വിലപേശി വാങ്ങിക്കണം. നമുക്കൊക്കെ ഈ ലോകത്തിൽ ഒരു ജീവിതമല്ലേയുള്ളൂ. കുറച്ചുനാളെങ്കിലും വമ്പന്മാരെപ്പോലെ ഇല്ലാത്തവനും ജീവിക്കണ്ടേ?"

''സാറിന്റെയാശയത്തോട് എനിക്കൊട്ടും യോജിപ്പില്ല. കേൾക്കണമെന്നുമില്ല." ജിനേഷിന്റെ മുഖം മുഷിഞ്ഞു.

"ജിനേഷേ, ഞാൻ ദീർഘിപ്പിക്കുന്നില്ല. വന്ന കാര്യം പറയാം. ഈ കേസിൽ നല്ലൊരു ഓഫർ, പത്തുലക്ഷത്തിന്റെ, ജിനേഷിന്റെ മുമ്പിലെത്തിയതാ. വഴങ്ങിയില്ല. അതു ബുദ്ധിയായി. ഇപ്പോൾ നാലിരട്ടി കൈയിൽ തരാം. സുപ്രീംകോടതിയിൽ ശല്യം ചെയ്യാതിരുന്നാൽ മാത്രം മതി. കയ്യേറ്റ ഭൂമി തിട്ടപ്പെടുത്തിയതിൽ അപാകതയുണ്ടെന്ന് ഒരു റിപ്പോർട്ട് വൈകാതെ കിട്ടും. അങ്ങനെ കേസിൽനിന്നയാൾ ഊരിപ്പോകും. എന്തു പറയുന്നു?"

"സാറ് എഴുന്നേല്ക്ക്. വെറുതെ എന്റെ പണി തടസ്സപ്പെടുത്തി."

"ഒന്നു പറയുമ്പോൾ ജിനേഷ് നല്ലോണം ആലോചിക്കണം."

"ഇക്കാര്യത്തിൽ എനിക്കാലോചിക്കാനില്ല."

"തരാൻ നീട്ടിയ പണത്തിന്റെ പകുതി മുടക്കിയാൽ അവർക്കു ജിനേഷിനെ തീർക്കാൻ പറ്റും."

"ഇവിടെ എനിക്ക് പ്രൊട്ടക്ഷനായി പോലീസുണ്ട്. ഇപ്പോൾ ബാത്ത്റൂമിലാ. വിളിച്ചുവരുത്തണോ താനിറങ്ങിപ്പോകുന്നോ?"

ഗിരീഷ് ഒന്നു വിളറി. രംഗം പന്തിയല്ലെന്നുകണ്ട് തുണിവെട്ടുന്ന കത്രികയും കൈയിൽപ്പിടിച്ച് സന്ധ്യ അങ്ങോട്ടു വന്നു. ഒന്നും പറയാതെ പുറത്തിറങ്ങി തിടുക്കത്തിൽ ഷൂസ് കാലിൽക്കയറ്റി വക്കീൽ ശീഘ്രം നടന്നകന്നു.

"അത് വക്കീലൊന്നുമായിരിക്കില്ലെടാ." സന്ധ്യ പറഞ്ഞു.

"പുഴക്കരവക്കച്ചന്റെ ദല്ലാളാ. ഓഫർ നാല്പതു ലക്ഷമായി. ങ്ഹും.'' ജിനേഷ് പറഞ്ഞു.



അവൻ പോക്കറ്റിൽനിന്നു മൊബൈലെടുത്ത് റെക്കാർഡ് ബട്ടൺ ഓഫാക്കി.

"മുഴുവൻ പിടിച്ചല്ലേ?" സന്ധ്യ കൗതുകത്തോടെ അവനെ നോക്കി.

"കിട്ടിക്കാണും." മൊബൈൽ മേശയിൽവച്ച് ജിനേഷ് പിന്നെയും കൃഷിപ്പണികളിലേക്കു കടന്നു. ഒന്നുകിൽ തന്നെ ഏതെങ്കിലും ട്രാപ്പിൽപ്പെടുത്തുകയായിരിക്കും വക്കച്ചന്റെ ലക്ഷ്യം. അതല്ലെങ്കിൽ പണംകാട്ടി പ്രലോഭിപ്പിക്കുകയാകും. വീടുരക്ഷിക്കാൻ സകല അടവുകളും പുറത്തെടുക്കുകയാണ് വക്കച്ചൻ. വീട് പൊളിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടത്തേക്കാൾ മാനക്കേടിനെയാണ് അയാൾ പേടിക്കുന്നതെന്നു തോന്നി.

വീട്ടിലെ കിടപ്പുമുറിയിൽനിന്ന് സരോജം പലതവണ വിളിച്ചെങ്കിലും ജിനേഷതു കേട്ടില്ല. ഒടുവിൽ തയ്ചുകൊണ്ടിരുന്ന സന്ധ്യ എഴുന്നേറ്റ് മുൻവശത്തേക്കു വന്നു.

"ജിനേഷേ, നിന്നെയമ്മ വിളിക്കുന്നതു കേട്ടില്ലേ? ഒരു പത്തു തവണയെങ്കിലും വിളിച്ചു.'' സന്ധ്യ പറഞ്ഞു.

''അയ്യോ, ഞാൻ കേട്ടില്ല ചേച്ചീ. ദാ... ഇപ്പം ചെല്ലാം." ജിനേഷ് പെട്ടെന്ന് പണി നിർത്തി കൈയും കാലും കഴുകി വീട്ടിലേക്കു കയറി.

"ജിനേഷേ, മോനേ..." അമ്മ പിന്നെയും വിളിച്ചു.

അവൻ അമ്മയുടെ മുറിയിലേക്കു ചെന്നു.

"എന്താമ്മേ, ഇതുവരെ എഴുന്നേൽക്കാത്തെ?" ജിനേഷ് കട്ടിലിൽ സരോജത്തിന്റെയടുത്തിരുന്നുകൊണ്ടു ചോദിച്ചു.

"വയ്യടാ... ശ്വാസംമുട്ടല് കൂടുതലാ ഇന്ന്."

"കഴിച്ചോ വല്ലതും?"

''സന്ധ്യ രാവിലെ കഞ്ഞി തന്നു. കുറച്ചു കഴിച്ചു. വിശപ്പു തോന്നുന്നില്ല."

''അമ്മയെന്തായിപ്പം വിളിച്ചേ?"

"എനിക്ക് നിന്നോടു ചെലതു പറയാനുണ്ട്."

"പറയ്... കേൾക്കട്ടെ." ജിനേഷ് അമ്മയുടെ നിറുകയിൽ തലോടിക്കൊണ്ടു പറഞ്ഞു.

"കുറച്ചു മുമ്പിവിടെ വന്ന മനുഷ്യൻ ഏതാടാ?"

"അയാളെ ഞാനെങ്ങും അറിയുകേലമ്മേ."

"നിങ്ങളുതങ്ങളിൽ പറയുന്നതൊക്കെ ഞാൻ കേട്ടു. അവൻ എന്റെ മകനെ തീർക്കുമെന്നൊക്കെ പറഞ്ഞല്ലോ."

"അവൻ പറയുന്നതുപോലെ ഒരാളെ തീർക്കാൻ പറ്റ്വോ?'' അതും പോലീസ് പ്രൊട്ടക്ഷനുള്ള എന്നെ."

"എടാ, പുഴക്കര വക്കച്ചന്റെ വീടുപൊളിപ്പിക്കണോന്ന് നീ വാശി പിടിക്കരുത്. അയാളെന്തു ചെയ്താലും നമുക്കെന്തു കാര്യം? നാടിനും നാട്ടുകാർക്കുംവേണ്ടി പ്രവർത്തിക്കാൻ വേറേ ഒത്തിരിക്കൊള്ളാവുന്നവരുണ്ട്. അതവരു നോക്കട്ടെ. വീടുപൊളിക്കേണ്ടിവന്നാൽ അയാളുടെ ശത്രുത മുഴുവൻ നിന്റെ തലയ്ക്കാകും. അയാള് തനിയെ അല്ലെങ്കിൽ ഗുണ്ടകളെക്കൊണ്ട് നിന്നെ ഉപദ്രവിക്കും. ഇവിടുത്തെക്കാര്യം നീയൊന്നാലോചിക്ക്. സന്ധ്യയ്ക്ക് വയസ്സ് മുപ്പത്തിരണ്ടായി. കല്യാണം നടന്നിട്ടില്ല. എനിക്ക് പ്രായം അറുപത്തിരണ്ടാണെങ്കിലും അസുഖക്കാരിയായിപ്പോയി. നെനക്കെന്തേലും സംഭവിച്ചാൽ ഈ കുടുംബം തീരുകാ."

"ഇല്ലമ്മേ... എനിക്കൊന്നും സംഭവിക്കുകേല.'' ജിനേഷ് കുനിഞ്ഞ് അമ്മയുടെ നെറ്റിയിൽ ഒരുമ്മ കൊടുത്തു. സരോജത്തിന്റെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു.

''എടാ, അമ്മ മരിക്കുമ്പം ഇതുപോലെ ഒടുവിലൊരുമ്മ തരാൻ നീയുണ്ടാകണം. അതു തിരിച്ചു സംഭവിക്കാനിട വരുത്തരുത്. സൂക്ഷിക്കണം." സരോജം വിതുമ്പി.

''എന്താമ്മേയിങ്ങനെ? കരയാതെ." ജിനേഷ് അമ്മയുടെ കണ്ണുനീർ വിരൽത്തുമ്പുകൊണ്ടു തുടച്ചു.

*(തുടരും)*

# ക്രൈസ്തവർ നേരിടുന്ന പ്രതിസന്ധികൾ

3-ാം പേജ് തുടർച്ച

നിലവിലുള്ള ന്യൂനപക്ഷകമ്മീഷൻ ഈ തിരുത്തലിന്റെ അടിസ്ഥാനത്തിലാണ് രൂപീകൃതമായത് എന്ന ഖേദകരമായ വസ്തുത ഇവിടെ സ്മരണീയമാണ്.

ക്രിസ്ത്യാനികളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതുവരെയും ഗൗരവമായി പഠിച്ചിട്ടില്ല. അതുകൊണ്ടുതന്നെ, ഭാരതത്തിൽ പൊതുവേ പിന്നാക്കാവസ്ഥയിൽ കഴിയുന്ന ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കാൻ സർക്കാർ സംവിധാനങ്ങൾക്കു കഴിയുന്നില്ല എന്നതു വ്യക്തമാണ്. കേരളത്തിലെ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികം, സാമൂഹികം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ പ്രശ്നം പഠിക്കാൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പരിശ്രമം നടത്തിയിട്ടുള്ളതും അപ്രകാരമുള്ള പഠനം തുടർന്നുവരുന്നതുമാണെന്നു മനസ്സിലാക്കുന്നു. ക്രൈസ്തവരായ ന്യൂനപക്ഷ ദുർബലവിഭാഗങ്ങളിൽപ്പെട്ട പിന്നാക്കക്കാരുടെയും ബി.പി.എൽ. കാരുടെയും പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കുന്നു. എന്നാൽ, ക്രൈസ്തവപിന്നാക്കാവസ്ഥയെപ്പറ്റി അതിവിശദമായ പഠനറിപ്പോർട്ട് സർക്കാരിനു നൽകാൻ ന്യൂനപക്ഷ കമ്മീഷന് ഇതുവരെ സാധിച്ചിട്ടില്ല. അതിനാൽ, ക്രൈസ്തവ പിന്നാക്കാവസ്ഥയെപ്പറ്റി പഠിക്കാൻ ഒരു പ്രത്യേക സമിതിയെ സർക്കാർ എത്രയും വേഗം നിയോഗിക്കേണ്ടതാണ്. ക്രൈസ്തവരുൾപ്പെടെയുള്ള ന്യൂനപക്ഷ സമുദായാംഗങ്ങൾക്കു വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ നിലവിലുള്ള 80:20 എന്ന അനുപാതം പ്രകടമായ അനീതിയാണ്.

**6. ക്രൈസ്തവർ നേരിടുന്ന പ്രതിസന്ധികൾ**

കേരളത്തിൽ കാർഷികമേഖലയിലും മത്സ്യബന്ധനമേഖലയിലും നിർമ്മാണമേഖലയിലും മറ്റു തൊഴിലിടങ്ങളിലും ഉപജീവനം കണ്ടെത്തി മുന്നോട്ടുപോകുന്നവരാണ് ക്രൈസ്തവർ. കേരള ക്രൈസ്തവരിൽ നല്ലൊരു വിഭാഗം ദളിത് വിഭാഗങ്ങളിൽപെട്ടവരുമാണ്. ഓരോ വിഭാഗത്തിലെയും ആളുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ്. അവ ഓരോന്നിനെയുംകുറിച്ചു ഗൗരവമായ പഠനം ആവശ്യമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ആദ്യ കാനേഷുമാരി കണക്കുപ്രകാരം കേരളത്തിൽ 20.9 ശതമാനം ഉണ്ടായിരുന്ന ക്രൈസ്തവർ 2011 ലെ കാനേഷുമാരി കണക്കുപ്രകാരം 18.4 ശതമാനമായി കുറഞ്ഞിരിക്കുന്നു.

ക്രൈസ്തവരായ അഭ്യസ്തവിദ്യരും അർഹരുമായ ഉദ്യോഗാർത്ഥികളിൽ പലരും സർക്കാർ സർവീസിൽ പ്രവേശിക്കാനാവാത്തതുകൊണ്ട് ജോലിയന്വേഷിച്ചു വിദേശങ്ങളിലേക്കു കുടിയേറാൻ നിർബ്ബന്ധിതരാകുന്നു.

**മുപ്പതിന അഭ്യർത്ഥനകൾ**

മേൽപ്പറഞ്ഞ വസ്തുതകൾ എല്ലാം പരിഗണിച്ച് ഏതാനും ചില ആവശ്യങ്ങൾ ഇവിടെ ഉന്നയിക്കട്ടെ.

1. നിലവിലുള്ള നിയമത്തിന്റെ എല്ലാ ആനുകൂല്യങ്ങൾക്കും 80:20 എന്ന അനുപാതം മാറ്റി ജനസംഖ്യ അടിസ്ഥാന അനുപാതത്തിലൂടെ തുല്യനീതി നടപ്പിലാക്കുക.
2. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനെ ഫണ്ടുകൊണ്ടും സംവിധാനങ്ങൾകൊണ്ടും ശക്തിപ്പെടുത്തി പരിവർത്തിത ക്രൈസ്തവരുടെ ക്ഷേമം ഉറപ്പാക്കണം.
3. കേരളത്തിലെ പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ സാമ്പത്തികാനുകൂല്യങ്ങളും പട്ടികജാതിയിൽനിന്ന് മതപരിവർത്തനം നടത്തിയ ദളിത് ക്രൈസ്തവർക്കും നല്കുക.
4. പ്രീ മെട്രിക്/മെട്രിക് സ്കോളർഷിപ്പുകളുടെ തുകയും എണ്ണവും ഇരട്ടിയാക്കുക.
5. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് തുക ഇരട്ടിയാക്കുക.
6. ക്രീമിലെയർ പ്രകാരം മെഡിക്കൽ കോളജ്, എൻജിനീയറിംഗ് കോളജ് എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്ക് സൗജന്യഹോസ്റ്റൽസൗകര്യം ഏർപ്പെടുത്തുക.
7. സുറിയാനി, ലത്തീൻ എന്നീ ഭാഷകൾക്ക് പഠനകേന്ദ്രങ്ങൾ ആരംഭിക്കുക.
8. ട്രെയിനിംഗ് സെന്ററുകളും സബ്സെന്ററുകളും ക്രൈസ്തവർക്കു പ്രത്യേകമായി അനുവദിക്കുക.
9. ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് അതതു ജില്ലയിൽത്തന്നെ ഭൂമി നല്കുക.
10. ഭൂരഹിതരായ ദളിത് ക്രൈസ്തവർക്കും മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും, പാർപ്പിടവും സൗജന്യനിരക്കിൽ കിട്ടാൻ നടപടികൾ സ്വീകരിക്കുക.
11. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്രൈസ്തവർക്ക് സൗജന്യവൈദ്യുതി നല്കുക.
12. അനാഥ ക്രൈസ്തവ കുട്ടികളുടെ സംരക്ഷണത്തിനു പ്രത്യേക സ്ഥാപനങ്ങൾ അനുവദിക്കുക.
13. ക്രൈസ്തവവിധവകളുടെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഒരുക്കുക.
14. മത്സ്യബന്ധനത്തിനുള്ള വള്ളം, വല, ഔട്ട്ബോർഡ് എൻജിനുകൾ എന്നിവയ്ക്ക് സബ്സിഡിയും ലോണും നല്കുക.
15. മത്സ്യബന്ധനത്തിനുള്ള ഡീസൽ സബ്സിഡൈസ് ചെയ്യുക.
16. പട്ടികജാതിവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ന്യൂനപക്ഷ ക്രൈസ്തവരായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും നല്കുക.
17. മത്സ്യത്തൊഴിലാളിമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
18. കടലിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സംരക്ഷണത്തിനു പ്രത്യേക പദ്ധതി നടപ്പിലാക്കുക.
19. കർഷകത്തൊഴിലാളികൾക്ക് മരുന്നുതളിയന്ത്രവും ഇതര സാമഗ്രികളും സബ്സിഡി നിരക്കിൽ നല്കുക.
20. കാർഷികവിലത്തകർച്ച നിയന്ത്രിക്കാൻ എല്ലാ വിളകൾക്കും താങ്ങുവില നിശ്ചയിക്കുക.
21. പ്രകൃതിക്ഷോഭംമൂലം നഷ്ടപ്പെടുന്ന കൃഷിയിടങ്ങൾക്കു പകരം ഭൂമിയും നഷ്ടപരിഹാരവും നല്കുക.
22. മണ്ണിടിച്ചിൽ, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവയാൽ മരണപ്പെടുന്ന കർഷകരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും ആശ്രിതരുടെ സംരക്ഷണത്തിനു പ്രത്യേക പദ്ധതികളും നടപ്പിലാക്കുക.
23. നിർമ്മാണത്തൊഴിലാളികൾക്ക് കല്ലുവെട്ടുയന്ത്രവും ഇതര പണിയായുധങ്ങളും സൗജന്യനിരക്കിൽ സംലഭ്യമാക്കുക.
24. നിർമ്മാണമേഖലകളിലും ഇതര തൊഴിലിടങ്ങളിലും അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുക.
25. നിർമ്മാണമേഖലകളിലുള്ള തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുകയും ജോലിസമയം ക്രമീകരിക്കുകയും ചെയ്യുക.
26. നിർമ്മാണമേഖലയിൽ തൊഴിൽപരിശീലനം നല്കുന്ന കേന്ദ്രങ്ങൾ ആരംഭിച്ച് സൗജന്യ പരിശീലനം നല്കുക.
27. ആംഗ്ലോ-ഇന്ത്യൻ സമുദായാംഗങ്ങൾക്ക് കഴിഞ്ഞ എഴുപതു വർഷമായി ഭരണഘടനാനുസൃതം ലഭിച്ചുവന്നിരുന്ന അവകാശം യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദാക്കിയ കേന്ദ്രസർക്കാർ നടപടി പിൻവലിക്കുക.
28. പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം നടത്താൻ പ്രത്യേകം വിവാഹസഹായനിധി ആവിഷ്കരിക്കുക.
29. സ്ത്രീകളുടെയും പെൺകുട്ടികളുടെയും ക്ഷേമത്തിനുള്ള പദ്ധതികളിൽ അർഹമായ പരിഗണന നൽകുക.
30. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ ജോലി ചെയ്യാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുക.

ഒരു സമൂഹത്തിന്റെ ന്യൂനപക്ഷാവസ്ഥ ആരും പ്രത്യേകമായി ഉണ്ടാക്കിയെടുത്തതല്ല; മറിച്ച്, ചരിത്രപരമായി അപ്രകാരം സംഭവിച്ചതാണ്. ഓരോ ന്യൂനപക്ഷസമൂഹവും രാജ്യത്തിന്റെ അവിഭാജ്യഘടകമായതുകൊണ്ട് എല്ലാ ന്യൂനപക്ഷങ്ങളും ഒരുപോലെ തന്നെ അംഗീകരിക്കപ്പെടണം. എല്ലാവർക്കും അവർക്കർഹമായ ആനുകൂല്യങ്ങൾ ലഭിക്കണം. ഭൂരിപക്ഷത്തിന്റെ അവകാശങ്ങൾ ഹനിച്ചുകൊണ്ടോ മറ്റു ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മാനിക്കാതെയോ കവർന്നെടുത്തുകൊണ്ടോ ആകരുത് ഇത്. ആനുപാതികമായ ഭാഗഭാഗിത്വം ഭരണനേതൃതലത്തിലും സേവനമേഖലയിലും ലഭിക്കണം. ഭരണഘടന വിഭാവനം ചെയ്യുന്ന ഇത്തരം സേവനങ്ങൾ രാജ്യത്തിന്റെ പുരോഗതിക്ക് ഭൂരിപക്ഷത്തോടൊപ്പം ന്യൂനപക്ഷങ്ങളും പ്രവർത്തിക്കുക എന്ന ലക്ഷ്യംവച്ചുള്ളതാണ്.

ഒരു ബഹുസ്വരസമൂഹത്തിന്റെ ഭാഗമായാണ് ഈ രാജ്യത്ത് ക്രൈസ്തവരും ജീവിക്കുന്നത്. വിവിധ സമുദായങ്ങളായിത്തന്നെയാണ് രാജ്യത്തിലെ എല്ലാ സമൂഹങ്ങളും അധിവസിക്കുന്നത്. ക്രൈസ്തവസമൂഹത്തിന്റെ ന്യായമായ അവകാശങ്ങളെക്കുറിച്ചുള്ള വളർന്നുവരുന്ന അവബോധം മൗലികവാദമായി ചിത്രീകരിച്ചു വിമർശിക്കുന്നതു ശരിയല്ല. ക്രൈസ്തവസമുദായാംഗങ്ങൾ എന്നു വിളിക്കപ്പെടുന്നത് ഒരു കുറച്ചിലായി കാണേണ്ടതില്ല. സാമുദായികസ്വത്വബോധം ക്രൈസ്തവരിൽ രൂഢമൂലമാകാത്തതുകൊണ്ടാണ് പലപ്പോഴും സാമുദായികമായ ഒറ്റപ്പെടലുകൾ തിരിച്ചറിയാതെപോകുന്നത്.

ഒരു ബഹുസ്വരസമൂഹത്തിൽ വിവിധ സമുദായങ്ങൾക്കെന്നപോലെ ക്രൈസ്തവസമുദായത്തിനും അർഹിക്കുന്ന അംഗീകാരങ്ങളും അവകാശങ്ങളും ലഭിക്കേണ്ടതുണ്ട്. ഭരണഘടനയിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ടിരിക്കുന്ന മതന്യൂനപക്ഷ സമുദായങ്ങൾക്കുള്ള അവകാശങ്ങൾ ആരുടെയും ഔദാര്യമല്ല. അതിനാൽത്തന്നെ അർഹതപ്പെട്ടവ നേടിയെടുക്കാൻ സഭാംഗങ്ങൾ എന്ന നിലയിലും സമുദായാംഗങ്ങൾ എന്ന നിലയിലും ക്രൈസ്തവജനത ഒത്തൊരുമിച്ചു പ്രയത്നിക്കണം.

*ലേഖകൻ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയും കൊച്ചി പി.ഒ..സി. ഡയറക്ടറുമാണ്.*

# ലാളിത്യം കൈമുതലാക്കിയ കർമയോഗി

**ലാ**ളിത്യം കൈമുതലാക്കിയ ഒരു കർമ്മയോഗിയായിരുന്നു ഒക്ടോബർ 30 ന് നമ്മെ വിട്ടുപിരിഞ്ഞ ജോസഫ് ജെ. കക്കാട്ടിൽ എന്ന ചെറുപുഷ്പം കൊച്ചേട്ടൻ. ചെറുപുഷ്പം ഫിലിംസിന്റെ ഉടമയും പാലായിലെ ആദ്യകാലവ്യാപാരിയുമായിരുന്ന അദ്ദേഹം കൈവച്ച മേഖലകളിലെല്ലാം വിജയക്കൊടി പാറിച്ചു.


ജോസഫ് ജെ. കക്കാട്ടിൽ
(ചെറുപുഷ്പം കൊച്ചേട്ടൻ)

1975 ൽ പുറത്തിറങ്ങിയ 'അനാവരണ'മാണ് ചെറുപുഷ്പം ഫിലിംസിന്റെ ആദ്യമലയാള ചിത്രം. പ്രഥമ ചിത്രം വലിയ വിജയം സമ്മാനിച്ചില്ല. പിന്നീട് സിനിമാമേഖലയിൽനിന്ന് അല്പകാലം വിട്ടുനിന്നെങ്കിലും, യാദൃച്ഛികമായി തന്റെ വീട്ടിലെത്തിയ സംഗീതസംവിധായകൻ ദേവരാജൻമാസ്റ്ററുടെയും മാധുരിയുടെയും പ്രോത്സാഹനത്താൽ വീണ്ടും സിനിമാലോകത്തു തിരിച്ചെത്തി. 1977 ൽ ശ്രീദേവി, മധു എന്നിവർ നായികാനായകന്മാരായ 'ആ നിമിഷ'ത്തിന്റെ വിജയത്തെത്തുടർന്ന് അദ്ദേഹം സിനിമാരംഗത്തു ചുവടുറപ്പിച്ചു.

നിദ്ര, വീട്, ഹിമവാഹിനി, മൗനനൊമ്പരം, ഇതിലേ ഇനിയും വരൂ, അനുരാഗി, പാവം പാവം രാജകുമാരൻ തുടങ്ങി അനേകം ഹിറ്റുകൾ അദ്ദേഹം മലയാളസിനിമയ്ക്കു സമ്മാനിച്ചു. കമലഹാസൻ, മധു, ഷീല, സീമ എന്നീ താരങ്ങളെ അണിനിരത്തി 1978 ൽ നിർമ്മിച്ച 'ഈറ്റ'യുടെ വൻവിജയത്തോടെ മലയാളസിനിമയിലെ നിറസാന്നിദ്ധ്യമായി ചെറുപുഷ്പം ഫിലിംസും നിർമ്മാതാവ് കൊച്ചേട്ടനും. തമിഴ്, കന്നട, തെലുങ്ക് ഭാഷകളിലായി ചെറുപുഷ്പം ഫിലിംസ് 23 സിനിമകൾ തിയേറ്ററിൽ എത്തിച്ചു. അന്നുവരെയുള്ള ഏറ്റവും ചെലവേറിയ സിനിമ 'ദുബായ്' ഏറ്റെടുക്കാൻ പല വിതരണക്കാരും മടിച്ചപ്പോൾ സധൈര്യം അത് തിയേറ്ററിൽ എത്തിച്ചത് ചെറുപുഷ്പമായിരുന്നു. യുണൈറ്റഡ് ഫിലിം ഓർഗനൈസേഷൻ (യു.എഫ്.ഒ.) എന്ന സാറ്റലൈറ്റ് സിനിമ റിലീസ് ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയതും ചെറുപുഷ്പം ഫിലിംസാണ്. കൊച്ചി ഉദയംപേരൂരിൽ അഞ്ചേക്കറിലുള്ള ചെറുപുഷ്പം സ്റ്റുഡിയോ അടുത്ത കാലംവരെ സിനിമാകേന്ദ്രമായിരുന്നു.

സിനിമയുടെ പാലായിലെ കേന്ദ്രമായാണ് കൊച്ചേട്ടന്റെ പുലിയന്നൂരിലുള്ള വീട് അറിയപ്പെട്ടിരുന്നത്. അക്കാലത്ത് പ്രദേശത്തെ ഏറ്റവും വലിയ വീടായിരുന്നു ഇത്. ഈ വീട്ടിലാണ് ചിത്രീകരണകാലത്ത് സിനിമാ പ്രവർത്തകരും നടീനടന്മാരും താമസിച്ചിരുന്നത്. നിരവധി സിനിമകളിലും കക്കാട്ടിൽ വീട് ലൊക്കേഷനായി.

പാലാ ചെറുപുഷ്പം ട്രസ്റ്റ് ഹോസ്പിറ്റൽ, ചെറുപുഷ്പം ടെക്സ്റ്റൈൽസ്, ചെറുപുഷ്പം ഡിപ്പോ എന്നീ സ്ഥാപനങ്ങളുടെ ഉടമയായിരുന്നു ചെറുപുഷ്പം കൊച്ചേട്ടൻ. ദീപനാളത്തിന്റെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്ന കൊച്ചേട്ടന് ദീപനാളം കുടുംബാംഗങ്ങളുടെ സ്മരണാഞ്ജലി!

– *ജോയി മുത്തോലി*



തോമസ് കുഴിഞ്ഞാലിൽ

# പകർച്ചവ്യാധികളുടെ കാണാച്ചരടുകൾ





**ജൈവവൈവിധ്യം തകർന്നാൽ പ്രകൃതിയുടെ താളം തെറ്റും. ഈ താളംതെറ്റൽ കൊവിഡിനെക്കാൾ പ്രഹരശേഷിയുള്ള മഹാമാരികളെ ക്ഷണിച്ചുവരുത്തുമെന്ന് ഉറപ്പാണ്. പഴയ പറുദീസാനുഭവത്തിലേക്കുള്ള മനുഷ്യന്റെ തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. അതുവരെ മഹാമാരികൾ ഒന്നിനു പിറകെ മറ്റൊന്നായി മനുഷ്യനെ വേട്ടയാടും.**

നാലരക്കോടിയിലേറെ പേരെയെങ്കിലും ഇതിനോടകം പ്രത്യക്ഷമായി ബാധിച്ചുകഴിഞ്ഞ കൊറോണ വൈറസുകളെ ഭൂമുഖത്തുനിന്ന് ഉന്മൂലനം ചെയ്യാൻ മനുഷ്യനു കഴിയുമോ? ലോകനേതാക്കൾ തലപുകഞ്ഞാലോചിക്കുകയും ശാസ്ത്രജ്ഞന്മാർ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

179 തരം വാക്സിനുകളുടെ നിർമ്മാണമാണ് വിവിധ രാജ്യങ്ങളിലെ വമ്പൻ കമ്പനികൾവഴി പൂർത്തിയായിവരുന്നത്. മോഡേണ, അസ്ട്രാ സെനേക്ക, പ്ഫൈസർ, സ്നോഫി, ജോൺസൺ & ജോൺസൺ എന്നിവയാണ് കമ്പനികളിൽ പ്രധാനപ്പെട്ടവ. ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് യൂണിവേഴ്സിറ്റി, പൂനയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയും പട്ടികയിലുണ്ട്. മൂന്നാംഘട്ടപരീക്ഷണങ്ങൾകൂടി വിജയിച്ചാൽ അടുത്ത വർഷം ജനുവരിയിൽ വാക്സിനുകൾ വിപണിയിലെത്തിക്കാനാവുമെന്നാണ് കമ്പനികളുടെ അവകാശവാദം.

ഭൂമിയിൽ ആകെയുള്ള ജീവജാലങ്ങളിൽ 99 ശതമാനവും ഏകകോശജീവികളായ വൈറസുകളോ ബാക്ടീരിയകളോ ആണെന്നു കണ്ടെത്തിയത് ആന്റണി വാൻലൂ മെൻഹുക്ക് എന്ന ശാസ്ത്രജ്ഞനാണ്. 1674 ലെ ഈ കണ്ടുപിടിത്തമാണ് എണ്ണിയാലൊടുങ്ങാത്ത സൂക്ഷ്മാണുക്കളുടെ പ്രവർത്തനങ്ങളിലേക്കു വെളിച്ചം വീശിയത്. അവയിൽ ഒരു കൂട്ടർ മിത്രങ്ങളാണെങ്കിൽ മറ്റൊരു കൂട്ടർ പകർച്ചവ്യാധികൾക്കും മാറാരോഗങ്ങൾക്കും കാരണക്കാരാകുന്നു. രണ്ടു കൂട്ടരും തമ്മിലുള്ള സന്തുലിതാവസ്ഥയിൽ വന്ന തകരാറുകളാണ് ഇപ്പോഴത്തെ ദുരവസ്ഥയ്ക്കു കാരണം.

**മഹാമാരികളുടെ പരമ്പര**

ലോകത്തെ ഏറ്റവും പഴക്കമുള്ള പകർച്ചവ്യാധി വസൂരിയാണെന്നാണ് അനുമാനം. കാരണം, ഈജിപ്തിലെ ഫറവോയായിരുന്ന റാംസെസ് അഞ്ചാമന്റെ മൃതദേഹത്തിൽ വസൂരിയുടെ വടുക്കൾ ഉണ്ടായിരുന്നത്രേ! 14-ാം നൂറ്റാണ്ടിൽ യൂറോപ്യൻരാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട ബ്യൂബോണിക് പ്ളേഗ് 20 കോടി മനുഷ്യരുടെ ജീവനെടുത്തിട്ടുള്ളതായി പറയപ്പെടുന്നു. മാനവചരിത്രത്തിലെ ഏറ്റവും വലിയ മഹാമാരിയായിട്ടാണ് ഇത് എണ്ണപ്പെട്ടിരിക്കുന്നത്. 1346 മുതലുള്ള എട്ടു വർഷം യൂറോപ്പിനെ വിറപ്പിച്ച ഈ പകർച്ചവ്യാധി രണ്ടാം ലോകമഹായുദ്ധത്തിൽ കൊല്ലപ്പെട്ടതിനെക്കാൾ കൂടുതലാളുകളുടെ ജീവനാണു കവർന്നത്. 'ബ്ളാക് ഡെത്ത്' എന്ന് പിൽക്കാലത്ത് കുപ്രസിദ്ധി നേടിയ ഈ മഹാമാരി എലികളിൽനിന്നാണ് മനുഷ്യരിലെത്തിയത്. എലികളെ ബാധിച്ചിരുന്ന 'പെർസിനിയ പെസ്റ്റിസ്' എന്ന ബാക്ടീരിയകളായിരുന്നു രോഗവാഹകർ. എലികളുടെ രക്തം കുടിച്ചു വളരുന്ന കീടങ്ങൾ വഴി രോഗാണുക്കൾ മനുഷ്യരിൽ കയറിപ്പറ്റുകയായിരുന്നു.

ബ്യൂബോണിക് പ്ളേഗിനു ശേഷം കാണപ്പെട്ട 19-ാം നൂറ്റാണ്ടിലെ റഷ്യൻ ഫ്ളൂവും 20-ാം നൂറ്റാണ്ടിലെ വസൂരിയും ഏഷ്യൻ ഫ്ളൂവും മനുഷ്യകുലത്തെ അമ്മാനമാടിയ മഹാമാരികളാണ്. 1918 മുതൽ 1920 വരെയുള്ള മൂന്നു വർഷങ്ങളിലെ സ്പാനിഷ് ഫ്ളൂവും ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും വലിയ പകർച്ചവ്യാധിയായി ചരിത്രത്തിൽ ഇടംനേടി. 5 കോടി മനുഷ്യരുടെ ജീവൻ അപഹരിച്ച സ്പാനിഷ് ഫ്ളൂ 50 കോടി ജനങ്ങളെ നേരിട്ടു ബാധിച്ചു. യുഎസിലെ മാത്രം മരണസംഖ്യ 6.75 ലക്ഷമായിരുന്നു. 100 വർഷം മുൻപുള്ള ആകെ ജനസംഖ്യ 150 കോടിയായിരുന്നു. (ഇന്നത്തെ ജനസംഖ്യ 740 കോടിയിൽ എത്തിനിൽക്കുന്നു) മാസ്ക് ധരിച്ചും സാമൂഹികാകലം പാലിച്ചും വ്യക്തിശുചിത്വവും പരിസരശുചിത്വവും കൈവരിച്ചും രോഗബാധിതരെ ഏകാന്തവാസത്തിൽ പാർപ്പിച്ചും ഫ്ളൂവിനെ നിയന്ത്രിക്കുകയായിരുന്നു. ഇവയ്ക്കു സമാനമായ നിർദ്ദേശങ്ങളാണ് കൊവിഡ് - 19 ന്റെ കാര്യത്തിലും അനുവർത്തിക്കേണ്ടിയിരുന്നതെങ്കിലും അശ്രദ്ധയും അറിവില്ലായ്മയും അനുസരണക്കേടും ധാർഷ്ട്യവുമെല്ലാം രോഗവ്യാപനത്തിന് ആക്കംകൂട്ടുകയായിരുന്നു. ജനസംഖ്യയിലുണ്ടായ വലിയ വർദ്ധനയും ഒരു പ്രധാന ഘടകമാണ്. ഇതെഴുതുമ്പോൾ ലോകത്തെ ആകെ രോഗബാധിതർ 4 കോടി 67 ലക്ഷവും ആകെ മരണം 1204883 ഉം ആണ്. നമ്മുടെ രാജ്യത്തെ കൊവിഡ് ബാധിതർ 8184083 ഉം മരണം 12,22,111 ഉം ആണ്.

1956 ൽ ചൈനയിൽ തുടക്കമിട്ട ഏഷ്യൻ ഫ്ളൂ 20 ലക്ഷം പേരെയാണ് കൊന്നൊടുക്കിയത്. 1998 ൽ മലേഷ്യയിൽ പ്രത്യക്ഷപ്പെട്ട 'നിപ്പ' എന്ന പകർച്ചവ്യാധിയുടെ ഉറവിടം പഴംതീനി വവ്വാലുകളാണെന്ന് കണ്ടെത്തിയിരുന്നു. നിപ്പ വൈറസുകൾ പന്നികളിൽനിന്ന് പന്നിക്കർഷകരിലേക്കു ചേക്കേറുകയായിരുന്നു.

2002 ൽ ചൈനയുടെ തെക്കൻ പ്രവിശ്യയായ ജുവാംഗ് ഡോംഗിൽ പടർന്നുപിടിച്ച സാർസ്-1 കൊറോണ വൈറസ് വവ്വാലുകളിൽനിന്ന് മരപ്പട്ടിവഴിയാണ് മനുഷ്യശരീരത്തിൽ കയറിപ്പറ്റിയത്. രോഗംബാധിച്ച 8000 പേരിൽ 774 പേർ മാത്രമേ മരണപ്പെട്ടുള്ളൂ. 2005 ൽ തുടങ്ങിയ എച്ച്.ഐ.വി. /എയ്ഡ്സ് രോഗബാധ അതിരുകടന്ന ലൈംഗികവൈകൃതങ്ങൾക്കുള്ള പ്രകൃതിയുടെ തിരിച്ചടിയായിരുന്നു. മ്ളേച്ഛതയും സ്വവർഗ്ഗരതിയും വ്യഭിചാരവും രോഗകാരണങ്ങളായി കണ്ടെത്തിയിരുന്നു. 3.50 ലക്ഷം പേരുടെയെങ്കിലും ജീവൻ എയ്ഡ്സ് രോഗം അപഹരിച്ചതായാണ് കണക്കുകൾ. 2012 ൽ ഗൾഫ്നാടുകളിൽ കാണപ്പെട്ട മെർസ് വൈറസുകൾ 27 രാജ്യങ്ങളിലെ 2519 പേരിലെത്തിയെങ്കിലും മരണസംഖ്യ 866 മാത്രമായിരുന്നു. ഒട്ടകത്തിന്റെ ഇറച്ചിയും ഒട്ടകപ്പാലും കഴിക്കുന്നവരിലാണ് രോഗം ആദ്യം കണ്ടെത്തിയത്.

ഇതിനിടെ വടക്കൻ ചൈനയിലെ ബയ്ണിയർ നഗരത്തിൽ ബ്യൂബോണിക് പ്ലേഗ് തലപൊക്കിയതായി ഔദ്യോഗിക വാർത്താ ഏജൻസിയായ പീപ്പിൾസ് ഡെയ്‌ലി റിപ്പോർട്ടു ചെയ്തു. 17 ഉം 27 ഉം വയസ്സുള്ള രണ്ടു സഹോദരന്മാരിലാണ് രോഗം സ്ഥിരീകരിച്ചത്. ചൈനയിൽ സുലഭമായി കാണുന്ന എലിവർഗ്ഗത്തിൽപെട്ട മാർമോത്ത് എന്ന ജീവിയുടെ മാംസം കഴിച്ചിരുന്നതായി ഇരുവരും വെളിപ്പെടുത്തിയിട്ടുണ്ട്. മാർമോത്തിന്റെ മാംസം ഭക്ഷിക്കരുതെന്ന് ജനങ്ങളെ വിലക്കുകയും സമ്പർക്കപ്പട്ടികയിലുള്ള 146 പേരെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. ബ്യൂബോണിക് പ്ളേഗ് ബാധിച്ചാൽ മരണം ഉറപ്പാണെന്ന് ലോകാരോഗ്യസംഘടന മുന്നറിയിപ്പുനൽകിയിട്ടുണ്ട്. മനുഷ്യശരീരത്തിലെ കോശങ്ങളുമായി കൂടിച്ചേരാൻ ശേഷിയുള്ള ജി 4 എന്ന ഒരു പുതിയ വൈറസിനെ ഒരു ചൈനീസ് ഫാമിലെ പന്നികളിൽനിന്നു കണ്ടെത്തിയതും ഭീതിയുളവാക്കിയിട്ടുണ്ട്. ചൈനയിലെ വുഹാൻ നഗരത്തിലെ ഹുനാനൻ വന്യജീവി ചന്തയിൽനിന്നാണല്ലോ സാർസ് - 2 കൊറോണ വൈറസുകൾ പടർന്നുപിടിച്ചത്.

ജൈവവൈവിധ്യം തകർന്നാൽ പ്രകൃതിയുടെ താളം തെറ്റും. ഈ താളംതെറ്റൽ കൊവിഡിനെക്കാൾ പ്രഹരശേഷിയുള്ള മഹാമാരികളെ ക്ഷണിച്ചുവരുത്തുമെന്ന് ഉറപ്പാണ്. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും വ്യാപകമായ വനനശീകരണവും കൂടിച്ചേർന്നപ്പോൾ അന്തരീക്ഷോഷ്മാവ് ക്രമാതീതമായി ഉയർന്നത് കാലാവസ്ഥാവ്യതിയാനത്തിലേക്കു നയിച്ചു. അടുത്ത നാളുകളിൽ ആസ്ത്രേലിയായിലും യുഎസിലെ ഏതാനും സംസ്ഥാനങ്ങളിലുമുണ്ടായ 'കാട്ടുതീ' ദശലക്ഷക്കണക്കിന് ഏക്കർ വനങ്ങളെയാണ് വിഴുങ്ങിയത്. യുഎസിലെ ഓറിഗൺ, മസാചുസെറ്റ്സ്, കാലിഫോർണിയ, വാഷിംഗ്ടൺ തുടങ്ങിയ സംസ്ഥാനങ്ങളിലെ 50 ലക്ഷം ഏക്കർ വനമാണ് കത്തിയമർന്നത്. 'കാട്ടുതീ' യെന്നു വിശേഷിപ്പിക്കുമെങ്കിലും മിക്കവയും മനുഷ്യസൃഷ്ടിയാണെന്ന് എല്ലാവർക്കുമറിയാം. ബ്രസീലിലെ ആമസോൺ മഴക്കാടുകൾ തീയിട്ടു നശിപ്പിച്ച് കൃഷി ചെയ്യാൻ അനുവാദം നൽകിയത് കഴിഞ്ഞവർഷം പ്രസിഡന്റായി അധികാരമേറ്റ ജയിർ ബോൺ സനാരോയാണ്. 'ഭൂമിയുടെ ശ്വാസകോശം' എന്നറിയപ്പെട്ടിരുന്ന ആമസോൺ കാടുകളുടെ വിസ്തീർണം 55 ലക്ഷം ചതുരശ്രകിലോമീറ്ററായിരുന്നു. ഇത് ഇന്ത്യയുടെ വലുപ്പത്തെക്കാൾ കൂടുതൽ വരും. ഇന്ത്യയുടെ ആകെ വിസ്തീർണം 32 ലക്ഷം ചതുരശ്രകിലോമീറ്ററേ ഉള്ളൂ എന്നോർക്കണം. ഇത്തരം നശീകരണങ്ങൾ കാലാവസ്ഥയിൽ വരുത്തിയേക്കാവുന്ന മാറ്റങ്ങളെക്കുറിച്ചു ചിന്തിക്കാത്തതെന്ത്? വനഭൂമിയെല്ലാം മരുഭൂമിയാകുമ്പോൾ അന്തരീക്ഷോഷ്മാവ് 5 ഡിഗ്രി സെൽഷ്യസ് എങ്കിലും വർദ്ധിക്കുമെന്നാണ് യുഎൻ പഠനം. ഓരോ മിനിറ്റിലും 57 ഏക്കർ സ്ഥലം മരുഭൂമിയായി മാറുന്നുണ്ടെന്നും യുഎൻ കണ്ടെത്തിയിട്ടുണ്ട്.

പ്രപഞ്ചത്തെയും ജീവജാലങ്ങളെയും സൃഷ്ടിച്ചശേഷമാണല്ലോ സർവ്വശക്തനായ ദൈവം മനുഷ്യനു രൂപംകൊടുത്തത്. 'ഭൂമിയിലും കടലിലും ആകാശത്തുമുള്ള സകല ജീവജാലങ്ങളുടെയുംമേൽ അവന് ആധിപത്യം നൽകി' (ഉത്പത്തി 1,26-28). 'ആധിപത്യം' എന്ന വാക്ക് എല്ലാം നശിപ്പിക്കുക എന്ന അർത്ഥത്തിലല്ല അവിടെ ഉപയോഗിച്ചിരിക്കുന്നത്. പിന്നെയോ ഓരോ വ്യക്തിയും ഭൂമിയുടെയും സർവ്വജീവജാലങ്ങളുടെയും സംരക്ഷകനായിരിക്കണം എന്നാണ് അവിടുന്ന് അഭിലഷിക്കുന്നത് എന്നു തിരിച്ചറിയണം. പഴയ പറുദീസാനുഭവത്തിലേക്കുള്ള മനുഷ്യന്റെ തിരിച്ചുപോക്ക് അനിവാര്യമായിരിക്കുന്നു. അതുവരെ മഹാമാരികൾ ഒന്നിനു പിറകെ മറ്റൊന്നായി മനുഷ്യനെ വേട്ടയാടും. കൊവിഡ് 19 നേക്കാൾ പ്രഹരശേഷിയുള്ള പുതിയ മഹാമാരികൾ പ്രത്യക്ഷപ്പെട്ടേക്കാമെന്ന മുന്നറിയിപ്പുകളും അവഗണിക്കാതിരിക്കാം. ■



# മഞ്ഞിൽ കുളിച്ച ഇല്ലിക്കൽകല്ല്



കെ.ജി. രഞ്ജിത്ത്

**നീ**ണ്ട കാത്തിരുപ്പിനു ശേഷം ടൂറിസം മേഖല സഞ്ചാരികൾക്കായി തുറന്നുകൊടുക്കാൻ സർക്കാർ തീരുമാനിച്ചതോടെ കേരളത്തിലെ വിനോദസഞ്ചാരമേഖലയിൽ പ്രതീക്ഷയുടെ പുതുവെളിച്ചം. കൊവിഡ് വ്യാപനത്തെത്തുടർന്നാണ് ടൂറിസം മേഖലയും നിശ്ചലമായത്. ഇതോടെ ഈ മേഖലയെ ആശ്രയിച്ചു കഴിയുന്ന പതിനായിരക്കണക്കിനാളുകൾ പട്ടിണിയിലായി. മറ്റു മേഖലകളിലെല്ലാം ഇളവുകൾ പ്രഖ്യാപിച്ചപ്പോഴും ടൂറിസം മേഖല നിശ്ചലമായിത്തുടരുകയായിരുന്നു. കേരളപ്പിറവിദിനത്തിൽ ബീച്ചുകളടക്കമുള്ള കേന്ദ്രങ്ങൾ തുറന്നതോടെയാണ് വിനോദസഞ്ചാരമേഖലയിൽ പ്രതീക്ഷയുടെ വെളിച്ചം വീശിയത്.

കൊവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം ടൂറിസം മേഖലയുടെ പ്രവർത്തനമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേഖല വീണ്ടും സജീവമായെങ്കിലും വിദേശടൂറിസ്റ്റുകളുടെ വരവിനായി ഇനിയും കാത്തിരിക്കേണ്ടിവരും. കൊവിഡ് ഭീതിയെത്തുടർന്ന് കേരളീയരും വിനോദസഞ്ചാരത്തിനു തയ്യാറാകുന്നില്ലെന്നതാണ് മേഖലയിലെ മറ്റൊരു തിരിച്ചടി. എന്നാൽ, ലോക്ഡൗൺ കാലംമുതൽ വീടിനുള്ളിൽ വീർപ്പുമുട്ടുന്ന കുടുംബാംഗങ്ങൾക്കൊപ്പം ഒരു യാത്ര ആഗ്രഹിക്കാത്തവരുണ്ടാവില്ല. ഈ സമയത്ത് ദൂരയാത്ര നന്നല്ല എന്ന അഭിപ്രായക്കാരാണ് മലയാളികളിലധികവും. എന്നാൽ, നമ്മൾ ഗൗരവമായി കാണാത്തതും നമുക്കു ചുറ്റുമുള്ളതുമായ വിനോദസഞ്ചാരമേഖലകളിലെ കാഴ്ചകളിലേക്ക് നാം കണ്ണുതുറക്കേണ്ടിയിരിക്കുന്നു.

**ഇല്ലിക്കൽകല്ല്**

കോടമഞ്ഞിന്റെ പുതപ്പിലൊളിച്ച സായംസന്ധ്യ. കുന്നുകൾക്ക് വെള്ളിയരഞ്ഞാണം ചാർത്തി ചുറ്റിയൊഴുകുന്ന പാലരുവി, നീലവിഹായസ്സിലൂടെ പറന്നുയരുന്ന പക്ഷിക്കൂട്ടം. ഇങ്ങനെ ശരീരത്തിനും മനസ്സിനും കുളിരേകുന്ന കാഴ്ചകളുടെ വിസ്മയലോകമൊരുക്കി കാത്തിരിക്കുകയാണ് കോട്ടയം ജില്ലയിലെ ഇല്ലിക്കൽക്കല്ല് വിനോദസഞ്ചാര കേന്ദ്രം. ചുരുങ്ങിയ വർഷങ്ങൾ കൊണ്ടാണ് ഇല്ലിക്കൽകല്ല് കേരള ടൂറിസം മാപ്പിൽ ഇടം നേടിയത്. കടുത്ത വേനലിലും അസ്തമയത്തോടടുക്കുമ്പോൾ ഇവിടെ താപനില വെറും 10 ഡിഗ്രി മാത്രമാണ്. പ്രകൃതിഭംഗിയും തണുപ്പുനിറഞ്ഞ കാലാവസ്ഥയുമാണ് ഇല്ലിക്കൽകല്ലിലേക്കു സഞ്ചാരികളെ ആകർഷിക്കുന്നത്.

**ടൂറിസം മേഖലയിലെ ഗിരിശ്രേഷ്ഠൻ**

സമുദ്രനിരപ്പിൽനിന്ന് 3500 അടി ഉയരത്തിലാണ് ഇല്ലിക്കൽ പർവ്വതനിരകളുടെ സ്ഥാനം. വെയിൽ മങ്ങുന്നതോടെ ഇവിടം കോടമഞ്ഞിൽ കുളിക്കും. കോട്ടയം ജില്ലയിലെ ഏത് ഉയർന്ന പ്രദേശത്തുനിന്നു നോക്കിയാലും ആകാശത്തോടൊപ്പം തലയുയർത്തിനിൽക്കുന്ന ഈ മലനിരകൾ കാണാം. പേഴയ്ക്കൽ, പുള്ളിക്കാനം, പുഴക്കാനം എന്നീ പ്രദേശങ്ങളും ഇവിടെനിന്നു നോക്കിയാൽ കാണാം. ഇല്ലിക്കൽ താഴ്വര പിന്നിട്ട് മൊട്ടക്കുന്നുകളിലെത്തിയാൽ മൂന്നിലവ്, മേലുകാവ് പഞ്ചായത്തുകളിൽ ഉൾപ്പെട്ട ആയിരക്കണക്കിനേക്കർ സ്ഥലങ്ങൾകൂടി കാണുന്നതോടെ ഒരു പ്രദേശം മുഴുവൻ കീഴടക്കിയ പ്രതീതിയിലാകും കാഴ്ചക്കാർ.

**അല്പം സാഹസികം ശ്രദ്ധവേണം**

തലനാട് പഞ്ചായത്തിലെ മേലടുക്കത്തുനിന്ന് 22 ഹെയർപിൻ വളവുകൾ പിന്നിട്ടാൽ ഇല്ലിക്കൽതാഴ്വരയിലെത്താം. ഈരാറ്റുപേട്ടയ്ക്കടുത്ത് മൂന്നിലവ്, തലനാട് പഞ്ചായത്തുകളുടെ അതിർവരമ്പുകൾ നിശ്ചയിക്കുന്നത് ഈ മലനിരകളാണ്.

കുന്നു കയറി മറുവശത്തേക്കിറങ്ങിയാൽ ഇല്ലിക്കൽകല്ലിന്റെ താഴ്വാരം കാണാം. ഇവിടെ രണ്ടു പാറക്കെട്ടുകൾക്കിടയിലായി 20 അടി താഴ്ചയിൽ വലിയൊരു വിടവുണ്ട്. വിടവിനു കുറുകെ അരയടി വീതിയുള്ള ഒരു കരിങ്കൽ പാലവും. ഇത് 'നരകപാലം' എന്നാണ് അറിയപ്പെടുന്നത്. പേരുപോലെതന്നെ നരകപാലത്തിലൂടെയുള്ള യാത്ര അല്പം സാഹസം നിറഞ്ഞതാണ്. പ്രകൃതിരമണീയമായ ഈ പ്രദേശത്തേക്ക് ഇപ്പോൾ പുതിയ ഒരു നാട്ടുവഴികൂടി നിർമിച്ചിട്ടുണ്ട്. അതിനാൽ വിനോദസഞ്ചാരികൾക്ക് വലിയ ആയാസം കൂടാതെ ഇനി ഇല്ലിക്കൽകല്ലിലെത്താം. എന്നാൽ കിഴുക്കാംതൂക്കായി നിൽക്കുന്ന ഈ പാറക്കെട്ടുകൾ കീഴടക്കണമെങ്കിൽ അല്പം ധൈര്യം കൂടിയേതീരൂ.

**വിനോദസഞ്ചാരികളുടെ പ്രിയ കേന്ദ്രം**

ആറു വർഷം മുമ്പാണ് ഈ പ്രദേശം ടൂറിസം മേഖലയായി പ്രഖ്യാപിച്ചത്. ഇലവീഴാപൂഞ്ചിറ, വാഗമൺ കുരിശുമല, തങ്ങൾപാറ എന്നിവയാണ് സമീപത്തുള്ള മറ്റു വിനോദസഞ്ചാര കേന്ദ്രങ്ങൾ.

**നീലക്കൊടുവേലി തേടി...**

ഇല്ലിക്കൽകല്ലിനുമുകളിലായി ആകാശം നോക്കി വാ പിളർന്നിരിക്കുന്ന വലിയ പാറക്കൂട്ടമാണ് കൂടക്കല്ല്. ഈ പാറക്കെട്ടിനുള്ളിൽ കാട്ടരുവികൾ ചേർന്നൊരു കുളമുണ്ട്. ഈ കുളത്തിനുള്ളിൽ നീലക്കൊടുവേലിയുണ്ടെന്നാണ് വിശ്വാസം. കർക്കിടകമാസത്തിലെ കറുത്തവാവിന് ദിവസങ്ങളിൽ കുളം നിറഞ്ഞൊഴുകുമെന്നും നീലക്കൊടുവേലിയുടെ ഇലകൾ ഈ വെള്ളത്തിലൂടെ മീനച്ചിലാറുവഴി ഒഴുകിയെത്തുമെന്നും പറയപ്പെടുന്നു. ഇങ്ങനെ ഒഴുകിയെത്തുന്ന ഇലകൾ കിട്ടുന്നവർ സമ്പന്നരാകുമെന്നുമാണ് പഴമക്കാരുടെ വിശ്വാസം. കള്ളന്മാർ നീലക്കൊടുവേലി മോഷ്ടിക്കാതിരിക്കാൻ ഉഗ്രവിഷമുള്ള സർപ്പങ്ങൾ നീലക്കൊടുവേലിക്ക് കാവലിരിക്കുന്നുണ്ടെന്നും ഒരു മുത്തശ്ശിക്കഥപോലെ ഇവിടുത്തുകാർ വിശ്വസിച്ചുപോരുന്നു.

**മനംകവരുന്ന കാൻവാസ്**

പ്രകൃതി നമുക്കായി ഒരുക്കിവച്ച സുന്ദരസ്വപ്നഭൂമിയാണ് ഇല്ലിക്കൽമലനിരകൾ. ഇല്ലിക്കലിന്റെ സൗന്ദര്യം ഫ്രെയിമുകളിൽ പകർത്താൻ തിരക്കുകൂട്ടുന്നവരാണ് ഇവിടെയെത്തുന്നവരിൽ ഏറെയും. ഫോട്ടോ എടുക്കാൻ അറിയാത്തവർക്കുപോലും ഇല്ലിക്കല്ലിൽ എത്തിയാൽ ആ ദൃശ്യചാരുത പകർത്താതിരിക്കാനാകില്ല. അല്ലെങ്കിൽ ഫോട്ടോയ്ക്കൊന്നു പോസ് ചെയ്യാനെങ്കിലും ശ്രമിക്കും. അത്ര മനോഹരമാണ് ഈ മലനിരകൾ. അതുകൊണ്ടുതന്നെ ഹണിമൂൺ ആഘോഷിക്കാനും സിനിമപിടിക്കാനുമൊക്കെയായി ആളുകൾ ഇവിടേക്കെത്തുന്നതും.

**ഇല്ലിക്കൽകല്ലിലേക്കുള്ള വഴി**

കേരളത്തിന്റെ സ്വിറ്റ്സർലാൻഡ് എന്നറിയപ്പെടുന്ന വാഗമൺ വഴിതന്നെയാണ് ഇല്ലിക്കൽകല്ലിലേക്കും പോകേണ്ടത്. കിഴുക്കാംതൂക്കായി കിടക്കുന്ന ഭീമൻ പാറകൾ, അഗാധമായ കൊക്കകൾ, അങ്ങകലെ കോടമഞ്ഞിൽ പുതച്ചുകിടക്കുന്ന മലനിരകൾ ഇങ്ങനെ പോകുന്നു ഇല്ലിക്കൽകല്ലിലേക്കുള്ള റോഡിന്റെ വന്യമായ ഹരിതഭംഗി. നിഗൂഢതകൾ ഉള്ളിലൊളിപ്പിച്ച സൂയിസൈഡ് പോയിന്റാണ് യാത്രയ്ക്കിടയിലെ മറ്റൊരു വിസ്മയക്കാഴ്ച. കോട്ടയത്തുനിന്ന് 60 കിലോമീറ്റർ ദൂരമുണ്ട് ഇല്ലിക്കൽകല്ലിലേക്ക്. തലനാട്വഴിയും അയ്യമ്പാറ വഴിയും പോകാം. ഈരാറ്റുപേട്ടയിൽനിന്ന് ഏകദേശം 18 കിലോമീറ്റർ ദൂരമാണുള്ളത്. കെ.എസ്.ആർ.ടി.സിയും സ്വകാര്യ ബസുകളും ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. കൊച്ചിയാണ് ഏറ്റവും അടുത്തുള്ള എയർപോർട്ട്. തീവണ്ടിമാർഗ്ഗമാണ് യാത്രയെങ്കിൽ കോട്ടയം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങണം. ■

---

പ്രണയപാഠാവലി 60



# ത്രില്ലടിപ്പിക്കുന്ന മെലോഡ്രാമ

ഡോ. ആന്റണി ജോസ്

ജീവിതത്തിൽ തിരിച്ചടികളോ വീഴ്ചകളോ ഉണ്ടാകുമ്പോൾ അതു തന്നെ ബാധിക്കുന്നതല്ല എന്നു സ്ഥാപിക്കാനുള്ള ശ്രമമാണ് യുക്തിവത്കരണം. ഒഴിവാക്കാനാവാത്ത, അപ്രതിരോധ്യമായ ചില ഘടകങ്ങളിലേക്കു കാരണമാരോപിക്കുന്നതും ഈ പ്രതിരോധ തന്ത്രത്തിന്റെ ഭാഗമാണ്.

കുറുക്കച്ചാർ പണ്ടു പയറ്റിയ അതേ വിദ്യ. അതായത്, കിട്ടാത്ത മുന്തിരിങ്ങ പുളിക്കും. ഒരുപാട് ആഗ്രഹിച്ചിട്ടും മുന്തിരിങ്ങ കിട്ടിയില്ല എന്നത് ഒരു കുറവേയല്ല. കിട്ടിയിരുന്നെങ്കിലോ? പുളികൊണ്ട് വശംകെട്ടുപോയേനെ. ഇങ്ങനെപോകും വ്യാഖ്യാനം.

അഞ്ചേക്കറോളം ഭൂമിയുള്ള ഒരാളുടെ കാര്യമെടുക്കാം. നല്ല ഒന്നാന്തരം മണ്ണ്. പൂർവ്വികർ പൊന്നു വിളയിച്ചതാണ്. പക്ഷേ, മൂന്നുനാലു വർഷംകൊണ്ട് അയാൾ കടക്കാരനായി. കൃഷിയെല്ലാം പരാജയപ്പെട്ടു. അയാൾക്കു പറയാൻ ന്യായങ്ങൾ പലതുണ്ട്. കാലാവസ്ഥ ഒന്നിനൊന്ന് പ്രതികൂലമായാണ് വന്നത്. കീടശല്യംകൊണ്ടു പൊറുതിമുട്ടി. കിട്ടിയ വിളയ്ക്കാകട്ടെ വിലയുമില്ല.

കേൾക്കുമ്പോൾ വളരെ വിശ്വസനീയമായിത്തോന്നും. എന്നാൽ, ഇതേ പരിസരത്തിൽ അധ്വാനിച്ച മറ്റു കർഷകരുടെ കാര്യമോ? അവർക്കൊക്കെ മേൽക്കുമോൽ അഭിവൃദ്ധിയാണുണ്ടായത്. അയാൾക്കു വിനയായത് കൂട്ടുകാർക്കൊപ്പമുള്ള ദുർന്നടപ്പാണ്. മദ്യപാനവും ചീട്ടുകളിയുമായിരുന്നു മുഖ്യപരിപാടി. പണിക്കാരെ സ്ഥലമേല്പിച്ച്



മാടമ്പി കളിച്ചുനടന്നു. പിന്നത്തെ കഥ പറയാനില്ല.

ഇവിടെ സ്വന്തം കൈയിലിരുപ്പ് മറച്ചുവയ്ക്കാനും ന്യായീകരിക്കാനും അയാളെടുക്കുന്ന ഉപായം നോക്കൂ, താൻ വളരെ ശ്രമിച്ചു. പക്ഷേ, തന്റേതല്ലാത്ത, തന്റെ നിയന്ത്രണത്തിനുമപ്പുറത്തുള്ള കാര്യങ്ങളാണു സംഭവിച്ചത്. ഒരു കണക്കിനു നന്നായി. അല്ലെങ്കിലും ഈ കൃഷികൊണ്ടൊക്കെ ഇനി എന്തു കിട്ടാനാണ്? പങ്കാളി സൂക്ഷ്മബുദ്ധിയല്ലെങ്കിൽ ഈ കെണി തിരിച്ചറിയപ്പെടാതെ പോകാം. പാവം കെട്ടിയോൻ. എന്തുമാത്രം കഷ്ടപ്പെടുന്നു. ഒന്നു മങ്ങോട്ടു ശരിയാവുന്നില്ല – ഇങ്ങനെയായിരിക്കാം സിമ്പതി കടന്നു വരിക.

പരാജയകാരണത്തിലേക്ക് അന്ധവിശ്വാസങ്ങളെ കൂട്ടുപിടിക്കുന്ന ശൈലികളും ഉണ്ടാകാം. ശനിദശ, കൂടോത്രം, കൈവിഷം തുടങ്ങിയ ക്ഷുദ്രസങ്കല്പങ്ങൾ തകർച്ചയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടാം. അങ്ങനെ യുക്തിവത്കരണത്തോടൊപ്പം വിക്ഷേപണം കൂടിയാകുമ്പോൾ ത്രില്ലടിപ്പിക്കുന്ന ഒരു മെലോഡ്രാമ ജനിക്കുകയായി. പക്ഷേ, കുടുംബം അടിക്കടി അധോഗതിയിലേക്കാണ് നീങ്ങുക. പങ്കാളിയിൽ അസംതൃപ്തിയും ആശങ്കകളും ഉടലെടുക്കും. സിമ്പതി നിവൃത്തികേടിന്റെ വക്കിലെത്തുമ്പോൾ വഴക്കായി മാറുന്നു.

---

## ഡോക്ടറേറ്റ് നേടി



ഭാരതിയാർ യൂണിവേഴ്സിറ്റിയിൽനിന്ന് സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ സെബിൻ എസ്. കൊട്ടാരം. മോട്ടിവേഷണൽ ട്രെയ്നറും എഴുത്തുകാരനുമായ ഡോ. സെബിൻ, ചങ്ങനാശേരി തുരുത്തി സ്വദേശിയാണ്. നിരവധി പ്രചോദനാത്മകഗ്രന്ഥങ്ങളുടെ രചയിതാവായ സെബിൻ ദീപനാളത്തിന്റെ ലേഖകസുഹൃത്തുമാണ്.

# മറഡോണ @60



■ ഡോ. ജിൻസ് കാപ്പൻ



ഫുട്ബോൾ ലോകത്ത് പത്താം നമ്പർ ജേഴ്സിയെ അനശ്വരമാക്കിയ പ്രതിഭയായിരുന്നു, അർജന്റീനയുടെ തലസ്ഥാനനഗരമായ ബ്യൂനിസ് ഐറിസിൽ ജനിച്ചുവളർന്ന ഡീഗോ അർമാൻഡോ മറഡോണ എന്ന ഡീഗോ മറഡോണ. പതിവ്കഥകളിലെപ്പോലെ ഒരു ചേരിപ്രദേശത്തു ദരിദ്രകുടുംബത്തിൽ ജനിച്ച് പ്രതിഭകൊണ്ടും കഠിനാധ്വാനംകൊണ്ടും ലോകം കീഴടക്കിയ കഥയാണ് മറഡോണയുടേത്. ഉയരം കുറവായിരുന്നെങ്കിലും അസാധാരണമായ പന്തടക്കമായിരുന്നു മറഡോണയുടെ പ്രത്യേകത. സഹകളിക്കാരുടെ നീക്കങ്ങൾ മുൻകൂട്ടിക്കണ്ട് മികച്ച അവസരങ്ങൾ സൃഷ്ടിക്കുന്നതിലും അസാമാന്യപാടവം പുലർത്തിയിരുന്നു. അതികഠിനമായ ഫൗളുകൾ ചെയ്താണ് എതിർകളിക്കാർ ഒരുപരിധിവരെ മറഡോണയെ നിയന്ത്രിച്ചുനിർത്തിയത്. വേഗവും കരുത്തും അസാമാന്യമായ പന്തടക്കവും എല്ലാം നിറഞ്ഞ ഒരു പൂർണ്ണപ്രതിഭ ആയിരുന്നു മറഡോണ.

ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും മികച്ച കളിക്കാരനായി അന്താരാഷ്ട്ര ഫുട്ബോൾ സംഘടനയായ ഫിഫ തിരഞ്ഞെടുത്ത രണ്ടുപേരിൽ ഒരാൾ അർജന്റീനക്കാരനായ ഫുട്ബോൾദൈവം മറഡോണ ആയിരുന്നു. 1982 മുതൽ 1994 വരയുള്ള നാലു ലോകകപ്പുകളിൽ അർജന്റീനയ്ക്കായി ബൂട്ടു കെട്ടി. 1986-ൽ മെക്സിക്കൻ ലോകകപ്പിൽ മറഡോണയുടെ നായകത്വത്തിലായിരുന്നു തന്റെയും അർജന്റീനയുടെയും ഏറ്റവും വലിയ നേട്ടമായ ലോകകപ്പ് വിജയം നേടിയത്. ഫൈനലിൽ പശ്ചിമജർമനിയെ 3-2 എന്ന സ്കോറിനു കീഴടക്കിയാണ് മറഡോണയുടെ അർജന്റീന ആദ്യമായി ലോകകപ്പിൽ മുത്തമിട്ടത്. ആ ലോകകപ്പിലെ മികച്ച പ്രകടനത്തിന് മികച്ച കളിക്കാരനുള്ള സ്വർണപ്പന്തും മറഡോണയ്ക്കു ലഭിച്ചു.

1986 ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരേ ക്വാർട്ടർ ഫൈനൽ മൽസരത്തിൽ മറഡോണ നേടിയ രണ്ടു ഗോളുകളും ചരിത്രത്തിന്റെ ഭാഗമാണ്. ദൈവത്തിന്റെ കൈകൊണ്ടു നേടിയ വിവാദ ഗോളും അന്താരാഷ്ട്ര ഫുട്ബോൾ സംഘടനയായ ഫിഫ തിരഞ്ഞെടുത്ത നൂറ്റാണ്ടിന്റെ ഗോളും ഈ മത്സരത്തിലാണു പിറന്നത്. റഫറിയുടെ കണ്ണിൽപെടാതെപോയ കൈകൊണ്ടു മറഡോണ നേടിയ ആ വിവാദഗോളിനെ 'ദൈവത്തിന്റെ കൈ' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. ആ മത്സരത്തിൽത്തന്നെ ഫുട്ബോൾലോകം ഇന്നും അദ്ഭുതത്തോടെ നോക്കിക്കാണുന്ന 'നൂറ്റാണ്ടിന്റെ ഗോൾ' എന്ന് ഫിഫ വിശേഷിപ്പിച്ച ഗോളും മറഡോണ നേടി. മത്സരത്തിന്റെ 55-ാം മിനിട്ടിലായിരുന്നു ഫുട്ബോൾലോകം ഒന്നടങ്കം നമിച്ചുപോയ അദ്ഭുത നീക്കത്തിന്റെ തുടക്കം. സ്വന്തം പകുതിയിൽനിന്ന് പന്തു സ്വീകരിച്ച് എതിർകളിക്കാരെ ഓരോരുത്തരെയായി മറികടന്നു കുതിച്ചുവരുന്ന മറഡോണയെക്കണ്ടു മുന്നോട്ടുകയറിയ ഗോളി പീറ്റർ ഷിൽട്ടനെ മറികടന്നു പന്ത് വല കുലുക്കുമ്പോൾ ഫുട്ബോൾലോകം ഒന്നടങ്കം വാഴ്ത്തിപ്പാടി. അന്നും ഇന്നും ഫുട്ബോൾ ലോകം കണ്ടതിൽവച്ച് ഏറ്റവും മികച്ച ഗോൾ ആയിരുന്നു അത്.

1990 ൽ ഇറ്റലിയിൽ നടന്ന ലോകകപ്പിൽ മറഡോണതന്നെയായിരുന്നു അർജന്റീനയെ നയിച്ചത്. ആദ്യമത്സരത്തിൽ ആഫ്രിക്കൻ കരുത്തുമായി വന്ന കാമറൂണിനു മുന്നിൽ വീണുപോയെങ്കിലും തുടർന്നുള്ള മത്സരങ്ങളിൽ കരുത്തുകാണിച്ച് അർജന്റീനയെ ഫൈനൽവരെ എത്തിക്കാൻ മറഡോണയ്ക്കായി. 1994-ലെ അമേരിക്കൻ ലോകകപ്പിനിടയ്ക്കു നടത്തിയ ഒരു ഉത്തേജകമരുന്നു പരിശോധനയിൽ പിടിക്കപ്പെട്ട് കളി മതിയാക്കുമ്പോൾ തന്റെ അന്താരാഷ്ട്ര ഫുട്ബോൾ കരിയറിൽ അർജന്റീനയ്ക്കുവേണ്ടി 91 മത്സരങ്ങളിൽനിന്നായി 34 ഗോളുകളും യൂത്ത്ലോകകപ്പും സീനിയർ ലോകകപ്പുംവരെ നേടിയിരുന്നു. യൂത്ത് ലോകകപ്പിലും സീനിയർ ലോകകപ്പിലും ഗോൾഡൻ ബോൾ പുരസ്കാരം നേടിയിട്ടുള്ള ഏകകളിക്കാരനാണ് മറഡോണ. ഒടുവിൽ തുടർപരാജയങ്ങളിൽ മുങ്ങിത്താണുകൊണ്ടിരുന്ന അർജന്റീനാടീമിന്റെ പരിശീലകസ്ഥാനം 2009 ൽ ഏറ്റെടുത്തു ടീമിന് ലോകകപ്പ് യോഗ്യത നേടിക്കൊടുത്തു മറഡോണ. 2010 ആഫ്രിക്കൻ ലോകകപ്പിൽ സാമാന്യം നല്ല പ്രകടനം നടത്തിയെങ്കിലും ക്വാർട്ടർഫൈനലിൽ ജർമനിയോടു പൊരുതിത്തോറ്റു പുറത്താകാനായിരുന്നു വിധി. എങ്കിലും, ആഫ്രിക്കൻമണ്ണിൽ ആദ്യമായി എത്തിയ ലോകകപ്പിൽ പരിശീലകവേഷത്തിലും ആരാധകരുടെ മനം കീഴടക്കിയാണ് മറഡോണ മടങ്ങിയത്.

പ്രൊഫഷണൽ ക്ലബ് ഫുട്ബോൾ രംഗത്ത് എന്നും വിവാദനായകനായിരുന്നു മറഡോണ. 1982-ൽ ലോകകപ്പിലെ മിന്നുന്ന പ്രകടനത്തിനുശേഷം ലോകറെക്കോർഡ് കൈമാറ്റത്തുകയ്ക്ക് സ്പാനിഷ് വമ്പന്മാരായ ബാഴ്സലോണയിൽ അദ്ദേഹമെത്തി. പക്ഷേ, അദ്ദേഹത്തിന്റെ ബാഴ്സലോണജീവിതം നിരാശാജനകമായിരുന്നു. ബാഴ്സലോണയ്ക്കൊപ്പം കിരീടങ്ങൾ നേടാൻ സാധിച്ചെങ്കിലും വ്യക്തിജീവിതത്തിലെ അച്ചടക്കക്കുറവ് അദ്ദേഹത്തിനു പലപ്പോഴും വിനയായി. പരിക്കുകളുടെയും രോഗത്തിന്റെയും വിവാദങ്ങളുടെയും കാലമായിരുന്നു ബാഴ്സലോണയിൽ. കളിക്കിടെ സംഭവിച്ച പരിക്ക് അദ്ദേഹത്തിന്റെ ഫുട്ബോൾ ജീവിതംതന്നെ അനിശ്ചിതത്വത്തിലാക്കി. ബാഴ്സലോണയിൽ ക്ലബ് അധികാരികളുമായുള്ള ഏറ്റുമുട്ടലിനെത്തുടർന്ന് 1984 ൽ മറഡോണ ബാഴ്സലോണ വിട്ട് വീണ്ടും റെക്കോർഡ് തുകയ്ക്ക് ഇറ്റലിയിലെ നാപ്പോളി ക്ലബിലേക്കു ചേക്കേറി. മറഡോണയുടെയും നാപ്പോളിയുടെയും ചരിത്രത്തിൽ ഏറ്റവും മികച്ച നേട്ടങ്ങൾ സ്വന്തമാക്കിയ കാലഘട്ടമായിരുന്നു അത്. നാപ്പോളിക്ക് രണ്ട് ഇറ്റാലിയൻ സീരി 'എ' കിരീടങ്ങളും (1986-87, 1989-90), ഒരു യുവേഫ കപ്പും (1988-89) കോപ്പാ ഇറ്റാലിയ കിരീടവും (1986-87) ഒരു സൂപ്പർകോപ്പ ഇറ്റാലിയ കിരീടവും (1990-91) മറഡോണ നേടിക്കൊടുത്തു. 1991 ൽ മറഡോണ കൊക്കെയ്ൻ ഉപയോഗിച്ചതായി കണ്ടെത്തിയതിനെത്തുടർന്ന് 15 മാസത്തേക്ക് ഫുട്ബോളിൽനിന്നു വിലക്കു നേരിട്ടു. തുടർന്ന് 1992 ൽ സ്പെയിനിലെ സെർവിയയിൽ ഒരു വർഷം കളിച്ച് 1993 ൽ അർജന്റീനയിലേക്കു മടങ്ങി. 1993 മുതൽ 1995 വരെ ഓൾഡ് ബോയ്സിനുവേണ്ടിയും 1995 മുതൽ 1997 വരെ ബോക്ക ജൂനിയേഴ്സിനുവേണ്ടിയും കളിച്ചു.

നിലവിൽ അർജന്റീന ക്ലബ് ജിംനാസിയയുടെ പരിശീലകനായ മറഡോണ ഇപ്പോഴും അർജന്റീനയുടെ മത്സരവേദികളിൽ തന്റെ പിൻഗാമികളെ പ്രചോദിപ്പിക്കുന്നതിനായി എത്താറുണ്ട്. 2018 റഷ്യൻ ലോകകപ്പ് വേദികളിലും അർജന്റീന ഗോൾ നേടുമ്പോൾ അദ്ദേഹം ആവേശംകൊള്ളുന്നതു നമ്മൾ പലപ്പോഴും കണ്ടതാണ്. വിപ്ലവപോരാളികളായ ചെഗുവേരയുടെയും ഫിദൽ കാസ്ട്രോയുടെയും കടുത്ത ആരാധകനായ മറഡോണ കളിക്കളത്തിൽ അർജന്റീനയ്ക്കായി പൊരുതി നേടിയ വിജയങ്ങൾ എക്കാലവും ഫുട്ബോൾ ആരാധകരുടെ മനസ്സിൽ നിറഞ്ഞുനിൽക്കും. ഫുട്ബോൾ പ്രേമികൾക്കും ക്യാമറക്കണ്ണുകൾക്കും മറഡോണ ഈ അറുപതാം വയസ്സിലും ഏറ്റവും പ്രിയപ്പെട്ടവൻതന്നെയാണ്. അത് കളത്തിലാണെങ്കിലും ഗ്യാലറിയിലാണെങ്കിലും. □

---

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

## കേരളപ്പിറവിദിനാഘോഷം

1956 നവംബർ 1-ാം തീയതി ഐക്യകേരളം നിലവിൽവന്നു. ഭാഷാസംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളുടെ ഫലമായാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന (പുനസ്സംഘടന) നടന്നത്. എല്ലാ വർഷവും നവംബർ ഒന്നാംതീയതി സർക്കാർതലങ്ങളിലും സ്കൂൾ-കോളജ് തലങ്ങളിലും കേരളപ്പിറവിദിനാഘോഷം സംഘടിപ്പിക്കാറുണ്ട്. അതിനുവേണ്ടി തയ്യാറാക്കുന്ന നോട്ടീസുകളിലും ഫ്ളക്സ്ബോർഡുകളിലും 'കേരള പിറവി ദിനാഘോഷം എന്ന് 'പ' കാരത്തിനു ദ്വിത്വമില്ലാതെയും പദങ്ങൾ തമ്മിൽ ചേർക്കാതെയും എഴുതുന്ന പ്രവണത സാധാരണമായിരിക്കുന്നു.

കേരളം+പിറവി, സന്ധിചെയ്യുമ്പോൾ കേരളപ്പിറവി എന്നാകും. (അനുസ്വാരലോപം പകാരദ്വിത്വം) 'കേരള' വും 'പിറവി' യും വിശേഷണവിശേഷ്യങ്ങളായതിനാലാണ് 'പ' കാരത്തിന് ഇരട്ടിപ്പു വന്നത്. കേരളത്തിന്റെ പിറവി എന്നു വിഗ്രഹാർത്ഥം. കേരള+പിറവി-കേരളപ്പിറവി എന്നു സന്ധിചെയ്താൽ ദേശനാമം 'കേരള' ആണെന്നു തെറ്റായി ധരിക്കാൻ ഇടയാകാം. കേരളം എന്ന സ്ഥലനാമം വിശേഷണമാകുമ്പോൾ 'കേരള' എന്നാകുമെങ്കിലും ഒറ്റയ്ക്കു നിൽക്കുമ്പോൾ, ഇംഗ്ലീഷ് മട്ടിൽ കേരള (Kerala) എന്നെഴുതാൻ മലയാളവ്യാകരണനിയമം അനുവദിക്കുന്നില്ല.

'ക്വചില്ലോപ' (ചിലയിടത്ത് മകാരം ലോപിക്കും) 'സമാസേ ചാഞാദീനാം' (സമാസത്തിൽ കചതപകൾ ഇരട്ടിക്കും)* എന്നീ ലീലാതിലകസൂത്രങ്ങൾ പ്രകാരം മകാരലോപവും പരപദവ്യഞ്ജനദ്വിത്വവും ഒരേ പദയോഗത്തിൽ സംഭവിക്കാം. വട്ടം+പൂജ്യം=വട്ടപ്പൂജ്യം, മരം+തടി=മരത്തടി, കടം+കെണി=കടക്കെണി, കുളം+കോഴി=കുളക്കോഴി, ചാണകം+പുഴു=ചാണകപ്പുഴു, വട്ടം+കൊട്ട=വട്ടക്കൊട്ട, വാണം+കുറ്റി=വാണക്കുറ്റി, കള്ളം+കളി=കള്ളക്കളി എന്നിങ്ങനെ എത്രയോ ദൃഷ്ടാന്തങ്ങൾ!

സന്ധി ചെയ്യുമ്പോൾ ഒന്നിലധികം വികാരങ്ങൾ വരുന്നവയെ കേരളപാണിനി എന്തുകൊണ്ടോ വിട്ടുകളഞ്ഞു. എന്നാൽ പിൽക്കാലവൈയാകരണന്മാർ അവയെ പരിഗണിക്കുകയും വ്യാകരണസാധുത്വം കല്പിക്കുകയും ചെയ്തു. അനുസ്വാരം ലോപിക്കുന്നതോടൊപ്പം ഇരട്ടിപ്പും വരാമെന്ന് അവർ നിരീക്ഷിച്ചു. അങ്ങനെ കേരളം+പിറവി=കേരളപ്പിറവിയാകും. ഏകപദാർത്ഥപ്രതീതിക്കായി, കേരളപ്പിറവിദിനാഘോഷം എന്നു സമാസിച്ചെഴുതുന്നതാണ് അർത്ഥവ്യക്തതയ്ക്കും ഭംഗിക്കും നല്ലത്.

* ചന്ദ്രശേഖരൻനായർ, സി.കെ. ലീലാതിലകസൂത്രഭാഷ്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം-102, 107

Deepanalam Weekly
RNI No : 16998/68
Vol. 53 No. 27 Date of Publication 5 November 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment




916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ
അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461



E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

ലിത്തോസ് പാവിംഗ് ടൈൽസ്
നിങ്ങളുടെ മുറ്റം
കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com